തിരുവിതാംകൂറിന്റെ മഹോപാദ്ധ്യായൻ

ജീവചരിത്രം

തിരുവിതാംകൂറിന്റെ മഹോപാദ്ധ്യായൻ
ജീവചരിത്രം

പീറ്റർ സി. ഏബ്രഹാം

ക്രൈസ്തവ സാഹിത്യ സമിതി
തിരുവല്ല

പീറ്റർ സി. ഏബ്രഹാം

ജനനം പത്തനംതിട്ടയിലെ മൈലപ്രയിൽ. കുമ്പഴ വടക്ക് എസ്.എൻ.വി. യു.പി.സ്കൂൾ, മൈലപ്രാ സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. വിദ്യാഭ്യാസകാലത്ത് വിവിധ വർഷങ്ങളിൽ കോളജിനെ പ്രതിനിധീകരിച്ച് സർവകലാശാലാ സാഹിത്യകൃതികളിൽ പങ്കെടുത്തിട്ടുണ്ട്. പ്രീഡിഗ്രി പഠനകാലത്ത് എഴുതി സി.എൽ.എസ് പ്രസിദ്ധീകരിച്ച *ആനക്കമ്പം* എന്ന ബാലസാഹിത്യ നോവലാണ് ആദ്യകൃതി. കെ.സി.വൈ.എം സംസ്ഥാന കവിതാപുരസ്കാരം, കെ.സി.വൈ.എം സംസ്ഥാന കഥാപുരസ്കാരം, ബഥനി പബ്ളിക്കേഷൻ സാഹിത്യ അവാർഡ്, മേരിവിജയം സാഹിത്യ അവാർഡ്, മാർ ഈവാനിയോസ് എഡ്യൂക്കേഷനൽ അവാർഡ്, സിറിയൻ കാത്തലിക് പ്രതിഭാപുരസ്കാരം, പത്മഭൂഷൻ ഡോ. എം. വി.പൈലി വൈജ്ഞാനിക സാഹിത്യ അവാർഡ്, പി.ഓ.സി ടാലന്റ് അവാർഡ്, അൽഫോൻസ അവാർഡ്, ഓസാനാം പുരസ്കാരം, മലങ്കര കത്തോലിക്കാ സഭയിലെ ഏറ്റവും ശ്രദ്ധേയനായ സാഹിത്യകാരൻ എന്ന എം.സി.എ-2017 അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

ഗ്രന്ഥകർത്താവിന്റെ ഇതര കൃതികൾ

സ്നേഹയാഗം, മലങ്കര സൂര്യൻ (രണ്ട് പതിപ്പുകൾ), *ക്രിസ്തുദേവൻ, ബനഡിക്ട് മാർ ഗ്രിഗോറിയോസ്: ജനതകളുടെ വെളിച്ചം, കാവുംകാട്ട് പിതാവ്: കരുണയുടെ കരസ്പർശം, ജോസഫ് മാർ സേവേറിയോസ്: സത്യത്തിന്റെ തീർത്ഥാടകൻ, പ്രേഷിതദീപം* (രണ്ട് പതിപ്പുകൾ), *സ്മൃതിരഥത്തിലെ പൊന്നൊളി, ജീവജലത്തിന്റെ അരുവികൾ, അവനിവാഴ്വ്, In His Master's Foot Steps* (English translation of *Malankara Sooryan* by Prof. Rebeca Thomas), *The Mission Lamp* (English translation of *Preshitha Deepam* by Dr. Shirly Stuwart)

എഡിറ്റ് ചെയ്ത പുസ്തകങ്ങൾ

സ്വർണ്ണനിലാവ്, ദൈവശാസ്ത്ര പഠനങ്ങൾ, തെക്കേചെരുവിൽ ജോഷ്വാച്ചൻ, സന്നിധി

ഭാര്യ: ബിന്നി (ഹൈസ്കൂൾ അധ്യാപിക)

മക്കൾ: Engr. അലൻ, ആൽവിൻ

മരുമകൾ: ഡോ. സാൻഡ്രാ അലൻ

കൊച്ചുമകൾ: ഗബ്രിയേലാ

അറിവിന്റെ നാരായമുനയാൽ ഗ്രാമാന്തരങ്ങളുടെ
എഴുത്തോലകളിൽ അക്ഷര പ്രകാശം നിറച്ച
'ഇടയിൽ വാദ്ധ്യാർ' എന്ന മഹാഗുരുവിന്റെ
ദേഹവിയോഗ സപ്തതി സ്മാരക സമർപ്പണം

(Malayalam)
THIRUVITHAMKOORINTE MAHOPADHYAYAN

Author: Peter C. Abraham
© Reserved
First Impression: January 2022
Cover Designing & Page Layout: Global Thiruvalla
Printed at Alois Graphics, Kottayam

Published by CHRISTAVA SAHITYA SAMITHY, THIRUVALLA
Distributed by C.S.S. BOOKSHOP, KURISUKAVALA, THIRUVALLA - 1
Tel.0469-2630389
email: csstiruvalla@gmail.com
www.cssbooks.in

Price Rs.160/-

M 29 FP 17 R 2021 -CN 72921
ISBN-978-81-7821-890-8

ഉള്ളടക്കം

നാന്ദി – 11
വീണ്ടുമാ മെതിയടി ശബ്ദം

അവതാരിക – 13
ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്

1. ഓമൽ ഊരിലൊരു താരോദയം – 17
2. നാട്ടാർക്കഭയം ഇടയിൽ ഭവനം – 20
3. വംശീയ വഴിയിലെ നാഴികക്കല്ലുകൾ – 22
4. കാലത്തിന്റെ ചിപ്പിയിൽ നിന്നൊരു മുത്ത് – 24
5. ജ്ഞാനഭിക്ഷുവിന്റെ തീർത്ഥാടനം – 26
6. മണലെഴുത്തിന്റെ കുടിപ്പള്ളിക്കൂടം – 28
7. കുഴിക്കാലാ മിഷൻ സ്കൂളിൽ – 30
8. സായിപ്പന്മാരുടെ കണ്ണിലുണ്ണി – 33
9. വികസ്വരമാകുന്ന ബോധചക്രവാളം – 34
10. ഇംഗ്ലണ്ടിലേക്കൊരു ക്ഷണം – 36
11. ജന്മനാടിനു സമർപ്പിതൻ – 38
12. അനൗപചാരിക പഠന പര്യടനം – 41
13. കൂട്ടുസഖിത്വം – 44
14. ദീപമായ് തറവാട്ടമ്മ – 46
15. ചൊല്ലറിവുകളുടെ സന്നിധാനം – 48
16. സംസ്കൃതിയുടെ വിത്തുവിതച്ച് – 50
17. ഓമല്ലൂരിലെ ആദ്യവിദ്യാലയം – 53

18. തുയിലുണർവ്വിന്റെ ശംഖൊലി – 56
19. പടർന്നെരിയുന്ന അക്ഷരജ്വാല – 58
20. സരസകവിയ്ക്കൊരു സഹായഹസ്തം – 61
21. ബാങ്കിംഗ് – 62
22. പ്രജാസഭയിലെ വീരസ്വരം – 66
23. ആയുർവ്വേദ ഭിഷഗ്വരൻ – 68
24. ഗ്രാമോദ്ധാരണസംഘസ്ഥാപകൻ – 70
25. നാടുണർത്താൻ വൈ.എം.സി.എ. – 71
26. ശാന്തഗംഭീരപ്രഭാവൻ – 73
27. സന്താന നവരത്നങ്ങൾ – 76
28. അഞ്ചാമനോമനപ്പുത്രൻ – 78
29. നീതിബോധത്തിന്റെ തലയെടുപ്പ് – 82
30. പള്ളിയാണഭയകുടീരം – 84
31. മഹാചാര്യനെ വരവേൽക്കാൻ – 88
32. നാടുണർത്തിയ കൊട്ടും കുരവയും – 91
33. പ്രവാചകസ്വരം – 93
34. നീതിമാന്റെ മരണം ഉറക്കം പോലെ – 95
35. മഞ്ഞനിക്കരക്കുന്നിലെ മണ്ണിൽത്തന്നെ – 98
36. സമയോചിതമായ ഇടപെടൽ – 101
37. ആശ്രമസ്ഥാപന പരിശ്രമങ്ങൾ – 103
38. വൈരികൾ വഴിമുടക്കുമ്പോഴും – 106
39. അവരിരുവരും ഒരു ശരീരം – 109
40. ഉയർന്നു വാഴുന്ന കൽക്കുരിശ് – 112
41. കർമ്മസൂര്യന്റെ സന്ധ്യാസ്തമയം – 115

ചെറിയാൻ സാർ

നാന്ദി

വീണ്ടുമാ മെതിയടി ശബ്ദം

ഒരു പൂജനീയ ഗുരുവിന്റെ വർണ്ണഛായാചിത്രം മറവിയുടെ മാറാല തുടച്ച് പുതുയുഗത്തിന്റെ ശ്രീകോവിലിൽ പുനഃപ്രതിഷ്ഠിക്കാൻ ശ്രമിക്കുകയാണ് ഈ എഴുത്തിലൂടെ. 'ഇടയിൽ വാദ്ധ്യാർ' എന്ന് തിരുവിതാംകൂറിൽ ആകമാനം പ്രകീർത്തിക്കപ്പെട്ടിരുന്ന ചെറിയാൻ സാറിന്റെ വികസനോന്മുഖ യാത്രകളിലെ ആ പഴയ മെതിയടി ശബ്ദം കാലത്തിന്റെ കാതുകളിൽ അനുരണനമാക്കാനുള്ള പരിശ്രമം. ഒന്നര നൂറ്റാണ്ടിന്റെ പഴമയിൽനിന്നും ആ കർമ്മദീപ്തനെ അക്ഷരപരിവേഷത്തോടെ പുനരാവിഷ്ക്കരിക്കുക എന്ന നിയോഗം എന്നിലർപ്പിച്ചത്, വാദ്ധ്യാരുടെ ചെറുമകന്റെ മകനായ ഡോക്ടർ സാഗർ ചെറിയാൻ ആണ്. അങ്ങിങ്ങായി ചിതറിക്കിടന്ന ഓർമ്മക്കുറിപ്പുകളും ചരിത്രരേഖകളും പരമ്പരാഗതമായി പകർന്നുകിട്ടിയ വാമൊഴി ചരിത്രങ്ങളും മറ്റും ശേഖരിച്ചുതന്ന് എന്റെ എഴുത്തൊഴുക്കിനെ അദ്ദേഹം സുഗമമാക്കി. ഇടയിൽ വാദ്ധ്യാർ സ്മാരക സമിതി അംഗങ്ങളും വിവരശേഖരണയത്നത്തിൽ സഹായികളായിട്ടുണ്ട്.

അവതാരകനായി ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ് എന്ന വിസ്മയപ്രതിഭയും പ്രസാധകനായി റവ. ഡോ. മാത്യു ഡാനിയൽ എന്ന സാഹിത്യ വിചക്ഷണനും ഈ കൃതിയുടെ ആവിഷ്ക്കാരത്തിൽ വഴിവിളക്കുകളായത് ഭാഗ്യമായി കരുതുന്നു. ശുദ്ധാക്ഷരപ്രഭയുടെ ചൂട്ടുകറ്റ മിന്നിച്ച് വായനോത്സുകരെ നേർവഴി കാട്ടുന്ന സി.എസ്.എസ് പുസ്തകശാലയിലൂടെ ഈ കൃതി

പ്രസിദ്ധീകരിക്കാനായതും അഭിമാനാനുഭവം തന്നെ.

ആ അറിവാളന്റെ സമാകൃഷ്ടജന്മം ഈ ഗ്രന്ഥാക്ഷരങ്ങളുടെ റാന്തൽവെട്ടത്തിലൂടെ ഇന്നിന്റെ മിഴികളിൽ പ്രത്യക്ഷീകരിച്ചെങ്കിൽ എന്നാണെന്റെ പ്രതീക്ഷ. വിജ്ഞാനദാനത്തിനപ്പുറം മൂല്യാവിഷ്കൃത ജീവിതത്തിലൂടെ കാലത്തെ നിർമ്മലീകരിച്ച ഒരാചാര്യൻ എന്ന നിലയിലും ആ ദേശസൂര്യൻ അനുവാചകമനസ്സുകളിൽ നീണാൾ വാഴട്ടെ.

പീറ്റർ സി. ഏബ്രഹാം

അവതാരിക

ഡോ. അലക്സാണ്ടർ ജേക്കബ് ഐ.പി.എസ്

ഇടയിൽ വാദ്ധ്യാരെപ്പറ്റി പീറ്റർ സി. ഏബ്രഹാം രചിച്ച തിരുവിതാംകൂറിന്റെ മഹോപാദ്ധ്യായൻ എന്ന അനുസ്മരണഗ്രന്ഥം നല്ലൊരു വായനാനുഭവമാണ്. ഏതൊരു മഹാനായ വ്യക്തിയെയും സ്മരിക്കുമ്പോൾ ഏതാനും ചോദ്യങ്ങൾ ഉന്നയിച്ച് ഉത്തരം തേടാൻ നാം ശ്രമിക്കും. അദ്ദേഹത്തിന്റെ ജനനവും ബാല്യവും ഏതു ദേശത്തായിരുന്നു? ചിരസ്ഥായിയായ എന്തെല്ലാം സദുപദേശങ്ങളാണ് അദ്ദേഹം കാലത്തിനു സമ്മാനിച്ചത്? തലമുറകൾക്കു വായിച്ചു വളരുവാൻ പാകത്തിൽ എന്തെല്ലാം ഈ മഹാൻ എഴുതിയിട്ടുണ്ട്? അനുകരണീയമായ എന്തെല്ലാം കർമ്മങ്ങൾക്ക് മാതൃകാപുരുഷനായിരുന്നിട്ടുണ്ട് അദ്ദേഹം? എന്തെല്ലാം ആദർശങ്ങൾ ഈ ശ്രേഷ്ഠൻ അവശേഷിപ്പിച്ചിട്ടുണ്ട്? ഈ മഹാന്റെ അന്ത്യവും മരണവും എപ്രകാരമായിരുന്നു? ഇവയുടെ അടിസ്ഥാനത്തിൽ ഇടയിൽ വാദ്ധ്യാരുടെ ജീവിതം അപഗ്രഥിക്കപ്പെടേണ്ടതാണ്.

അദ്ദേഹം ജനിച്ചത് ഓമല്ലൂർ ദേശത്താണ്. ഏ.ഡി. 5-ാം നൂറ്റാണ്ടിനടുത്താണ് ഈ ദേശം ചരിത്രത്തിൽ ഇടം നേടുന്നത്. സംഘകാലകൃതിയായ പതിറ്റുപത്തിൽ പാണ്ഡ്യരാജാവിന്റെ രാജ്ഞിക്ക് സ്വർണ്ണവും പട്ടുവസ്ത്രങ്ങളും വാങ്ങാൻ വന്ന സൈനികർ കാണുന്ന നാടാണിത്. സ്വർണ്ണത്തിന് (കൊടുവിന്ന്) പ്രസിദ്ധമായ സ്ഥലം കൊടുമണ്ണായി. അന്ന് സ്വർണ്ണം കുഴിച്ചെടുത്ത സ്ഥലം 'പൊന്നെടുത്താംകുഴി'യായി. അതാണ് ചന്ദനപ്പള്ളിയായത്. സ്വർണ്ണാഭരണം പണിയുന്ന തട്ടാൻ ഉള്ള സ്ഥലം തട്ടാശ്ശേരിയായി. പട്ടുവസ്ത്രങ്ങൾ കൈകൊണ്ടു നിർമ്മിക്കുന്ന സ്ഥലം കൈ+പട്ട്+ഊര്=കൈപ്പട്ടൂർ ആയി. അതിന് നല്ല നൂല് (മൽ) ഉണ്ടാക്കിയ ഓമല്ലൂരായി. നേര്യത് (മേൽവസ്ത്രം) ഉണ്ടാക്കുന്ന സ്ഥലം നേര്യത്പുരം അഥവാ നര്യാപു

രമായി. ഏ.ഡി. 800-ാം ആണ്ടിനോടടുത്ത് പ്രസിദ്ധമായ ചെന്നീർക്ക
ര, ശക്തിഭദ്രൻ ഭരിച്ചിരുന്നു. അദ്ദേഹമാണ് കാളിദാസകൃതികളോട്
കിടനില്ക്കുന്ന ഏക ദക്ഷിണേന്ത്യൻ സംസ്കൃതനാടകമായ 'ആ
ശ്ചര്യചൂഢാമണി' എഴുതിയത്. അദ്ദേഹം ആ നാടകത്തിൽ പല
സ്ഥലപ്പേരുകൾ സംസ്കൃതത്തിൽ എഴുതി. ക്രമപ്രയോധരസ്യ=
ചെന്നീർക്കര, ശോണാദ്രിയൂർ= ചുവന്ന കല്ലുള്ള സ്ഥലം അഥവാ
ചെങ്ങന്നൂർ എന്നിങ്ങനെ. അദ്ദേഹത്തിന്റെ രാജ്യത്തിന് രണ്ട് പ്രാദേ
ശിക തലസ്ഥാനങ്ങൾ (പതിനങ്ങൾ) ഉണ്ടായിരുന്നു. അതിലൊ
ന്നായ പതിനംതിട്ട പത്തനംതിട്ടയായി. പതിനാപുരം പത്തനാപുരം
ആയി. കിഴക്കുള്ള പുൽമേട് = മൈലം+പ്രാക്ക് = മൈലപ്രാ ആയി.
കിഴക്കുള്ള കാട്ടുപ്രദേശം എന്ന അർത്ഥത്തിൽ പ്രാക്ക്+കാനം പ്ര
ക്കാനം ആയി. ഏ.ഡി. 1321-ലെ യുദ്ധത്തിൽ പാണ്ഡ്യസൈന്യം
ഫക്രുദീൻ വോളിഗാറുടെ നേതൃത്വത്തിൽ വന്ന് അങ്കം ഉഴിഞ്ഞ
സ്ഥലം ആങ്ങമൂഴിയായി. ഈ യുദ്ധത്തിൽ നിലയ്ക്കൽ നശിച്ചു.
ഹിന്ദുക്കൾ അവിടുന്ന് വന്ന് ആറന്മുള ക്ഷേത്രം പണിതു. ക്രിസ്ത്യാ
നികൾ നിലയ്ക്കൽ വിട്ട് കാഞ്ഞിരപ്പള്ളി കടമ്പനാട്, തുമ്പമൺ, വെ
ണ്മണി, ഓമല്ലൂർ തുടങ്ങിയ സ്ഥലങ്ങളിൽ വന്നു പാർത്തു. 1321-ൽ
പാണ്ഡ്യരാജ്യം തുഗ്ളക് സൈന്യം പിടിച്ചെടുത്തു. പാണ്ഡ്യരാജ
വംശം കേരളത്തിൽ വന്ന് പൂഞ്ഞാർ രാജവംശവും പന്തളം രാജവം
ശവും ഉണ്ടായി. പാണ്ഡ്യരുടെ രാജ്യം എന്ന അർത്ഥത്തിൽ പാ
ണ്ഡ്യ+അളം പിന്നീട് പന്തളം ആയി. ഓമല്ലൂരിൽ ഇലങ്ങാന്ത്ര കോ
യിക്കൽ എന്ന പന്തളം രാജ്യത്തിന്റെ സാമന്തർ വന്നു. അങ്ങനെ 700
വർഷം മുമ്പ് ക്രിസ്ത്യാനികൾ തുമ്പമണ്ണിലും ഓമല്ലൂരിലും എത്തി.

ഭാരതത്തിന്റെ ഈശ്വരനാമമായ ഓംകാരം ചേർത്ത് ഓമല്ലൂർ
നാമം ബന്ധിപ്പിക്കാം. ഓമന നെല്ലിന്റെ ഊരെന്നും ആക്കാം. ഈ
പ്രസിദ്ധമായ ദേശത്താണ് ഇ.ഐ.ചെറിയാന്റെ ജനനം. നല്ല തറവാ
ട്ടിൽ ജനനം, മിഷനറിമാർ ഉൾപ്പെടെയുള്ള ഗുരുക്കന്മാർ, നല്ല വി
ദ്യാഭ്യാസം സ്നേഹധനരായ മാതാപിതാക്കൾ. അങ്ങനെ 'മുളയി
ലേ അറിയാം മുളക്കരുത്ത്' എന്ന വാക്യം അന്വർത്ഥമാക്കപ്പെട്ട ബാ
ല്യകാലം.

രണ്ടാമത്തേത്, അദ്ദേഹത്തിന്റെ വാക്കുകളാണ്. അദ്ധ്യാപകനായി
ദീർഘകാലം കഴിഞ്ഞ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ഉപദേശങ്ങ
ളും രേഖാപരമായി നമുക്കു ലഭിച്ചിട്ടില്ല. എങ്കിലും, അന്ത്യോഖ്യൻ
പാത്രിയർക്കീസ് മഞ്ഞനിക്കരയിൽ കബറടങ്ങിയപ്പോൾ ചെയ്ത
പ്രസംഗം ഈ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. അദ്ദേഹം ചിത്തിരതി
രുനാൾ രാജാവിന്റെ ലജിസ്ലേറ്റീവ് അസംബ്ളിയിൽ അംഗമായി വി.
ജെ.റ്റി. ഹാളിൽ ചെയ്ത പ്രസംഗങ്ങളും നമുക്കു കിട്ടിയിട്ടില്ല.

മൂന്നാമതായി, എഴുത്തുകളാണ്. ബഹുവിധമായ പ്രവർത്തനമേ
ഖലകളിൽ പ്രവർത്തിക്കുവാൻ ധാരാളം എഴുത്തുകൾ അദ്ദേഹം
എഴുതിയിട്ടുണ്ട്. ആ കത്തിടപാടുകളുടെ ആധികാരികത്വം മൂലമാണ്
അദ്ദേഹത്തിന്റെ കർമ്മോദ്യമങ്ങൾ സഫലങ്ങളായത്. ആ രേഖകൾ
ശേഖരിക്കുന്നതും ഗുണപ്രദമാണ്.

നാലാമത്തേത്, അദ്ദേഹത്തിന്റെ കർമ്മമണ്ഡലമാണ്. ബഹുവി
ധമായ കർമ്മമണ്ഡലംകൊണ്ട് ധന്യമായ ജീവിതമാണ് ഇ.ഐ.ചെ
റിയാൻ സൃഷ്ടിച്ചത്. അദ്ധ്യാപകശ്രേഷ്ഠൻ, വിദ്യാലയസ്ഥാപകൻ,
എം.എൽ.സി എന്ന നിലയിലുള്ള പ്രവർത്തനം, സാമൂഹ്യപ്രവർത്ത
നം, ആദ്ധ്യാത്മിക പ്രവർത്തനം, ആരാധനനിലയങ്ങളുടെ സ്ഥാപ
നം, സഹകരണപ്രസ്ഥാനങ്ങളുടെ സ്ഥാപനം, പ്രകൃതിസ്നേഹം,
ബാങ്കിംഗ് സ്ഥാപനം തുടങ്ങിയവയാണ് അവയിൽപ്പെടുന്നത്. ഇത്
അസാധാരണമായ കർമ്മമണ്ഡലം തന്നെയാണ്. ഇവിടെ ഓരോ
ന്നിലും അദ്ദേഹം വഹിച്ച പങ്ക് നാം അനുകരിക്കേണ്ടതാണ്.

അവസാനത്തേത് ആദർശലോകമാണ്. ഇവിടെ നമ്മെ അദ്ഭുത
പ്പെടുത്തുന്ന ആദർശജീവിതമാണ് വ്യക്തമാക്കപ്പെടുന്നത്. മതേത
രത്വം, സർവമതമൈത്രി, സഭാതർക്കങ്ങളിൽ സമാധാനവാദം, ഗ്രാമോ
ദ്ധാരണം, ദാരിദ്ര്യനിർമ്മാർജ്ജനം, ഉന്നതവിദ്യാഭ്യാസ യത്നം എന്നി
ങ്ങനെ നമുക്ക് നെഞ്ചിലേറ്റാവുന്ന ബഹുമുഖമായ ആദർശലോക
മാണ് ആ ജീവിതത്തിൽ നാം കണ്ടെത്തുന്നത്.

ഓരോ മനുഷ്യജന്മവും ആത്യന്തികമായി കാലത്തിന്റെ ചുവരിൽ
കുറിക്കപ്പെടുന്നത് ആ വ്യക്തിയുടെ അന്ത്യംകൊണ്ടാണ്. വാദ്ധ്യാർ 77
വയസ്സു വരെ ജീവിച്ചു. ഒൻപതു മക്കളെ വളർത്തി വലിയ നിലകളിൽ
എത്തിച്ചു. അവസാനം, "നീതിമാൻ ഉറക്കത്തിൽ മരിക്കും" എന്ന വേദ
പുസ്തകവചനം പോലെ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു.

ഈ ധന്യമായ ജീവിതം പീറ്റർ സി. ഏബ്രഹാം വളരെ നല്ല ഭാഷാ
ശൈലിയിൽ എഴുതി സമർപ്പിച്ചിരിക്കുന്നു. കൃതഹസ്തമായ രചന
യാൽ നിരവധി മഹത്തുക്കളുടെ ധന്യജീവിതങ്ങൾക്ക് അക്ഷരങ്ങളി
ലൂടെ അമരത്വം നല്കാൻ കഴിഞ്ഞ പീറ്ററിന്റെ ഈ എഴുത്തും എത്ര
യോ സാർത്ഥകമായിരിക്കുന്നു! ഹൃദ്യമായ ഈ കൃതി വായിച്ചുകൊ
ണ്ടിരുന്നപ്പോൾ ഒരു കവിയുടെ ഈ വാക്യങ്ങൾ ഓർത്തുപോയി

"പെരുത്ത നൂറ്റാണ്ടിനിടയ്ക്കൊരിക്കലീ-
മരുപ്പറമ്പാം ഉലകത്തിലീശ്വരൻ
ഒരു വൻ വടവൃക്ഷത്തെ നല്കിടുന്നു
താന്തരാം പാന്ഥർക്ക് തണലേകീടാനായ്."

ആ മഹാന്റെ ദീപ്തമായ ഓർമ്മകൾക്ക് നമോവാകം.

01

ഓമൽ ഊരിലൊരു താരോദയം

കാലം കൈക്കുടന്നയിൽ സൂക്ഷിച്ചു വച്ച് വാസനിക്കുന്ന ചില അപൂർവ്വം വ്യക്തിത്വങ്ങളുണ്ട്. സ്വാർത്ഥത തീണ്ടാത്ത ത്യാഗസുരഭിലമായ അത്തരം ജന്മങ്ങളെ ഓർത്ത് നാടും നാട്ടാരും അഭിമാനം കൊള്ളുന്നു. ഓമല്ലൂരിന്റെ ഗ്രാമശുദ്ധിയിൽ, ഒന്നര നൂറ്റാണ്ട് പിന്നിട്ടിട്ടും ഒളിമങ്ങാതെ മിന്നിത്തിളങ്ങുന്ന തങ്കഭസ്മക്കുറി പോലെ ആ വ്യക്തിപ്രഭാവം പ്രശോഭിച്ചു നിൽക്കുന്നു. ദേശത്തിന്റെ അനന്യമായ സംസ്കൃതിയോടു ചേർന്നു നിന്ന് തലയെടുപ്പോടെ നിവർന്നു വാണ സുഭഗജന്മം തന്നെയായിരുന്നു അത്. ദേശത്തിന്റെ പുരോഗതിക്കായി കയ്യും മെയ്യും മറന്ന് അക്ഷീണം അദ്ധ്വാനിച്ച എട്ടു പതിറ്റാണ്ടിന്റെ നിറച്ചാർത്തിന് നാട്ടുകാർ സമ്മാനിച്ച സമാദരണീയനാമം 'ചെറിയാൻ സാർ'. ഔദ്യോഗിക പൂർണ്ണനാമം ഇഐ. ചെറിയാൻ.

പലതലങ്ങളിൽ പ്രാമാണിക സാരഥിയായിരുന്ന ചെറിയാൻ സാർ പ്രധാനമായും കീർത്തിമാനായിരുന്നത് അദ്ദേഹത്തിന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ പേരിലാണ്. അറിവാർജ്ജവം ഒരനിവാര്യതയായി കരുതാതിരുന്ന ജനസാമാന്യതയുടെ ആകാശകാളിമയിൽ പ്രകാശിച്ചുനിന്ന വിദ്യാ നക്ഷത്രമായിരുന്നു അദ്ദേഹം. 'അന്ന വിചാരം മുന്ന വിചാരം' എന്ന പഴമൊഴിയിൽ ആശ്രയം വച്ചു പോന്ന തലമുറകളുടെ ബോധങ്ങളിൽ 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്ന പുതുമൊഴി തിരുത്തി എഴുതിവച്ച ഗുരുവായിരുന്നു അദ്ദേഹം. അറിവിന്റെ തേൻകനിക്കായി ദാഹപരവശരാകാൻ അവരെ പ്രേരിപ്പിച്ച ജ്ഞാനർഷിയും. മുൾക്കാടിനിടയിലെ തേൻപഴം പോലെ അത്യന്തം ദുർഘടമായ പരിതോവസ്ഥയിലായിരുന്നു അന്ന് വിദ്യാഭ്യാസം. സഞ്ചാരസൗകര്യം പോലുമില്ലാതിരുന്ന ഗ്രാമാന്തരങ്ങളിൽ സഹനങ്ങളുടെ നിണം വാർന്ന കാല്പാടുകളോടെ കടന്നുചെന്ന്

അദ്ദേഹം നിരവധി പാഠശാലകൾ സമാരംഭിച്ചു. തുറന്നു കിട്ടിയ അറിവിന്റെ ചെറുജാലകങ്ങളിലൂടെ അരിച്ചിറങ്ങിവന്ന സ്വർണ്ണരശ്മികളേറ്റ് കുഗ്രാമ ബാലകർ ഒന്നുണർന്നെണീറ്റു. ഗ്രാമങ്ങളുടെ ശൂന്യമായ ചെരാതുകളിൽ സേവനത്തിന്റെ എണ്ണപകർന്നും അറിവിന്റെ പന്തം നീട്ടി തിരികൾ തെളിച്ചും ആ അറിവാളൻ ജ്ഞാനസപര്യ ഒരു നിയോഗംപോലെ തുടർന്നു. തനിക്കോ തന്റെ പിൻവംശജർക്കോ ധനാഗമമാർഗ്ഗങ്ങളായി ഇക്കലാലയങ്ങളൊന്നും മാറരുതെന്നുള്ള നിഷ്ഠയോടെ അവയെല്ലാം തന്റെ ജീവിത സായന്തനത്തിനുള്ളിൽത്തന്നെ സർക്കാരിനും ഇതരപ്രസ്ഥാനങ്ങൾക്കും മറ്റുമായി സമർപ്പിക്കുകയും ചെയ്തിരുന്ന ആ നിഷ്കാമ ധർമ്മതേജസ്വി.

ശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്ന് ദേശവികസനത്തിന് ദിശാബോധം പകർന്ന നേതൃത്വ ശക്തിയുമായിരുന്നു ആ പൂജിത വ്യക്തിത്വം.

മഞ്ഞനിക്കരഗ്രാമം ഇന്നൊരു ആഗോളപ്രശസ്തമായ തീർത്ഥാടന കേന്ദ്രമായിത്തീരുവാനുള്ള മൂലകാരണക്കാരനും അദ്ദേഹം തന്നെയായിരുന്നു.

ഇടയിൽ വാദ്ധ്യാർ എന്നാണദ്ദേഹം തിരുവിതാംകൂറിലാകമാനം കീർത്തികൊണ്ടിരുന്നത്. വാദ്ധ്യാർ എന്ന പദത്തിന്റെ പൊരുൾ 'വിദ്യ അഭ്യസിപ്പിക്കുന്നവൻ' എന്നാണ്. ഉപാദ്ധ്യായൻ എന്ന പദത്തിനും ഇതേ അർത്ഥം തന്നെ. മഹോപാദ്ധ്യായൻ എന്നു പറയുമ്പോൾ വലിയ ഉപാദ്ധ്യായൻ എന്നാണാശയം. എന്നാൽ ഇവിടെ ശ്രീ. ഇ. ഐ. ചെറിയാൻ 'വാദ്ധ്യാർ' എന്നു വിശേഷിപ്പിക്കപ്പെടുന്നത് ഒരദ്ധ്യാപകൻ എന്ന നിലയിൽ മാത്രമല്ല. ശ്രേഷ്ഠമായ ഒരു പദവിയായി രാജസ്ഥാനങ്ങളിൽ നിന്നും അദ്ദേഹത്തിൽ അർപ്പിതമായ ഒരു സ്ഥാനമഹത്ത്വമായിരുന്നു 'വാദ്ധ്യാർ' എന്ന വിശേഷണം. പണ്ഡിതോചിതമായ ആശയപ്പെരുമയോടെ ദേശസേവനം ചെയ്യുന്ന കർമ്മസൂര്യവ്യക്തിത്വങ്ങളുടെ വർണ്ണത്തൊപ്പിയിൽ ചാർത്തപ്പെട്ട പൊൻതൂവലായിരുന്നു ആ സ്ഥാനം.

ഓമല്ലൂർ എന്ന ആഢ്യപൂർണ്ണനായ ഗജേന്ദ്രന്റെ തിരുനെറ്റിയിൽ മിന്നിത്തിളങ്ങി നിന്ന നെറ്റിപ്പട്ടമായിരുന്നു ആ അഭിജാത ജന്മം. സ്വതവേ ഓമല്ലൂരിനു തന്നെയുണ്ടായിരുന്നു ഒരു പ്രാമാണികത്വം. ഹരിതസുന്ദരപ്രഭാവ പ്രൗഢിയാൽ ഓമൽ ഊര് എന്ന് അതു ചരിത്രവഴികളിൽ വാഴ്ത്തപ്പെട്ടിരുന്നു. വിശാലമായ വയലേലകളിൽ നല്ല മേനി നെല്ല് വിളഞ്ഞിരുന്നതിനാൽ 'ഓമന നെല്ലിന്റെ ഊര്' എന്ന് വിശേഷിപ്പിച്ചിരുന്നതും ഓമല്ലൂർ നാമോല്പത്തിയുടെ പിന്നാപ്പുറ ഐതിഹ്യമാണ്.

പിൽക്കാലത്ത് ജില്ലാ സിരാകേന്ദ്രമായി ഉയർത്തപ്പെട്ട പത്തനംതിട്ടയേക്കാൾ ശ്രേഷ്ഠമായി പ്രാചീനസംസ്കൃതിയുടെ വിളഭൂമിയായ ഓമല്ലൂർ അന്ന് ഗണിക്കപ്പെട്ടിരുന്നു. പത്തനംതിട്ട നഗരത്തിൽ നിന്നും നാലു കിലോമീറ്റർ തെക്ക് മാറി ശോഭിക്കുന്ന ഓമല്ലൂർ അന്നത്തെ നാട്ടുരാജാവിന്റെ പ്രിയഭൂമികയായിരുന്നു. നാട്ടുരാജ്യങ്ങളായി വിഭജിക്കപ്പെട്ടിരുന്ന മദ്ധ്യതിരുവിതാംകൂറിലെ ഗണനീയമായ ഒരു ഭരണപ്രവിശ്യയായിരുന്നു ഓമല്ലൂർ. ക്രിസ്തുവർഷം 1750-ാം ആണ്ടോടെ മാർത്താണ്ഡവർമ്മ മഹാരാജാവ് കൊല്ലം മുതൽ വടക്കോട്ട് കൊച്ചിരാജ്യത്തിനു തെക്കുവരെയുള്ള നാട്ടുരാജ്യങ്ങൾ പിടിച്ചടക്കിയാണ് തിരുവിതാംകൂർ രാജ്യം സ്ഥാപിച്ചത്. അങ്ങനെ പന്തളം രാജ്യവും അതിൽപ്പെടുന്ന ഓമല്ലൂരും തിരുവിതാംകൂറിന്റെ ഭാഗമായി. പന്തളം രാജാവിന്റെ സാമന്തന്മാരായിരുന്ന കോയിക്കൽ തമ്പുരാക്കന്മാരായിരുന്നു ഓമല്ലൂരിന്റെ ഭരണമേധാവികൾ.

പിന്നെയുമുണ്ട് ഓമല്ലൂരിന്റെ ദിഗന്തകീർത്തിക്ക് നിദാനമായി പലതും. അതിൽ പ്രമുഖമാണ് ഓമല്ലൂർ വയൽ വാണിഭം. മീനമാസത്തിലെ രാപ്പകലുകൾ ഓമല്ലൂരിന്റെ വിശാലമായ പാടശേഖരങ്ങളെ കർഷക മഹാസംഗമവേദിയാക്കി മാറ്റും. നൂറുമേനി വിളയുന്ന നെൽക്കതിർക്കുലകൾ പറ്റെ അരിഞ്ഞെടുത്ത് നോക്കെത്താ ദൂരത്തോളം തരിശായി കിടക്കുന്ന വയലിന്റെ ആ വിരിമാറിൽ കർഷകസഹസ്രങ്ങൾ അവരുടെ മികവുറ്റ വിളവുൽപ്പന്നങ്ങൾ കൈമാറും. കരുത്തുറ്റ കാളക്കൂറ്റന്മാരെ വിലയ്ക്കു വാങ്ങാൻ അങ്ങു ദൂരെ പാണ്ടിദേശികരായ വണിക്കുകൾ പോലും എത്തിയിരുന്നത്രേ. മലഞ്ചരക്കുകളും കൃഷിയായുധങ്ങളും കാളവണ്ടികളും മറ്റും വയൽവാണിഭത്തിലെ സമ്പന്നതയായിരുന്നു.

02

നാട്ടാർക്കഭയം ഇടയിൽ ഭവനം

നാടിന്റെ അഭയകേന്ദ്രമായിരുന്നു ഇടയിൽ വീട്. നാട്ടാർക്കു വേണ്ടി മിടിക്കുന്ന സ്നേഹഹൃദയം പോലെ. ജീവരാശിക്ക് കനിവോടെ പ്രാണോർജ്ജം ദാനം ചെയ്യുന്ന സൂര്യമുഖത്തിന്റെ ഔദാര്യം പോലെ. കണക്കുവച്ച് അളന്നു കൊടുക്കുന്ന ഉദാരതയായിരുന്നില്ല അത്. ഇടംകൈ പോലും അറിയാത്തവിധം വലംകയ്യാൽ നിറച്ചളന്ന് ഇല്ലായ്മക്കാരന്റെ ജീവിതമടിശീലയിൽ നന്മ നിക്ഷേപിച്ച മഹത്തുക്കളുടെ തറവാടായിരുന്നു.

ഓമല്ലൂർ, ആറന്മുള ക്ഷേത്രങ്ങളിൽ നിന്നുള്ള സന്ന്യാസിമാർ ചീക്കനാൽ വഴിയുള്ള സഞ്ചരണ വേളകളിൽ ദാഹം ശമിപ്പിക്കാനായി ഇടയിൽ ഭവനത്തിൽ എത്തുമായിരുന്നു. വെള്ളം മാത്രമല്ല ഊണും നൽകി മാത്രമേ അവരെ അവിടെ നിന്നും തിരിച്ചയച്ചിരുന്നുള്ളൂ. തിരിച്ചിറങ്ങുമ്പോൾ തൃപ്തമാനസരായ ആ സന്ന്യാസിശ്രേഷ്ഠർ ഇടയിൽ ഭവനത്തെ അനുഗ്രഹിച്ച് ഇങ്ങനെ പറഞ്ഞു. "എക്കാലവും ഈ നാടിന്റെ മക്കൾക്ക് വെള്ളം കൊടുക്കാൻ ഈ വീടിന് ഇടയാകട്ടെ"

ഏതാനും വർഷങ്ങൾക്കുമുമ്പ് ജ്യോതിഷ പണ്ഡിതനായ ഒരു ഹൈന്ദവ സന്ന്യാസി ഇടയിൽ മൂലതറവാട്ടിലെത്തി ദിക്കും നിമിത്തങ്ങളും മറ്റും ദർശിച്ചശേഷം ഇപ്രകാരം പറഞ്ഞു. "വളരെ പുരാതനവും അനുഗൃഹീതവുമായ ഒരു തറവാട് നിന്നിരുന്ന ഇടമാണിത്"

നാടെങ്ങും വറുതിയുടെ ഇരുൾ തിങ്ങിവളരുമ്പോൾ ആ വീട്ടിൽ നിന്നു പരന്ന പ്രഭാരശ്മികൾ നാടിന്റെ ജീവനത്തിനു ഹേതുവായി. പട്ടിണിയുടെ തടവറയിൽക്കിടന്ന കരുമാടികൾക്ക് മൃഷ്ടാന്നമായും അറിവിന്റെ കിട്ടാക്കനിക്കായി ദാഹിച്ചവർക്ക് ജ്ഞാനാമൃതായും

അവകാശങ്ങൾ നിഷേധിക്കപ്പെട്ട് ഒറ്റപ്പെട്ടുപോയ അവശർക്ക് സംഘാതനേതൃത്വമായും മാരക വിഷാണുക്കളാൽ ദേഹം ക്ഷയിച്ച പാവങ്ങൾക്ക് സിദ്ധൗഷധമായും ആ അഭയകുടീരം പ്രശോഭിച്ചു. സർവ്വമതങ്ങളിലെയും സത്ത ഊറ്റിവലിച്ചു കൊഴുത്ത സാർവ്വമത സ്നേഹികളായ ഇടയിൽ കുടുംബസ്ഥർ കറ കളഞ്ഞ ക്രൈസ്തവ സ്നേഹത്തിന്റെ അക്ഷയധാമങ്ങളായിരുന്നു. സത്യനീതിധർമ്മങ്ങളുടെ പൈതൃകസമ്പത്താൽ ആ ഗേഹം അനുഗ്രഹിക്കപ്പെട്ടിരുന്നു. പൂജ്യപാദനായ ഇടയിൽ വാദ്ധ്യാരുടെ അമ്പതാം ചരമവാർഷിക സ്മാരകമായി പ്രസിദ്ധീകരിച്ച സ്മരണാഞ്ജലിയുടെ മുഖവുരയിൽ സ്മര്യപുരുഷന്റെ അതേ പേരുകാരനായ ചെറുമകൻ ശ്രീ. ഇ.ഐ. ചെറിയാൻ, ഇടയിൽ തറവാടിന്റെ പ്രാചീനമായ ചിട്ടവട്ടങ്ങളെപ്പറ്റി ഒരു അനുഭവവിവരണം നല്കുന്നുണ്ട്. "അക്കാലങ്ങളിൽ പ്രത്യേക അവസ്ഥയും താരതമ്യേന ഉയർന്ന നിലവാരത്തിലുള്ള ജീവിതശൈലിയുമായിരുന്നു അവിടെ നിലനിന്നിരുന്നത്. ക്രൈസ്തവ മതമൂല്യങ്ങളിൽ അതീവതീക്ഷ്ണതയുള്ള ആ ഭവനത്തിൽ രാവിലെയും വൈകിട്ടും പ്രാർത്ഥനകൾ, നോമ്പ്, ഉപവാസം ഇതൊക്കെ കൃത്യമായി നടത്തിവന്നിരുന്നു. ഭവനത്തിനുചുറ്റും ഉദ്യാനം, ഔഷധസസ്യങ്ങളുടെ തോട്ടം, വിവിധയിനം ഫലവൃക്ഷങ്ങൾ എന്നിവ ആരേയും ആകർഷിച്ചിരുന്നു. എരുത്തിൽ നിറയെ കറവയുള്ളതും ഇല്ലാത്തതുമായ പത്തിൽപരം പശുക്കൾ, കൃഷിക്കും മറ്റും ദിവസേന എത്തുന്ന വിവിധ ജോലിക്കാർ, പുരോഹിതർ ഉൾപ്പെടെയുള്ള സന്ദർശകർ, അവർക്കെല്ലാം സൽക്കാരങ്ങൾ, എണ്ണ, കുഴമ്പ്, അരിഷ്ടം, ഔഷധക്കൂട്ടുകൾ തയ്യാറാക്കൽ, രുചികരമായ ഉപ്പിലിട്ട വകകൾ തയ്യാറാക്കൽ തുടങ്ങിയുള്ള ആ ഭവനത്തിലെ പ്രക്രിയകൾ ഇന്നും എന്നിൽ മധുരസ്മരണകൾ ഉണർത്തുന്നു."

03

വംശീയ വഴിയിലെ നാഴികക്കല്ലുകൾ

പാരിലെ യാതൊരു പിറവിയും അവനവന്റെ സ്വേച്ഛമൂലമല്ല സംഭവിക്കുന്നത്. അത് നിയതിയുടെ നിയോഗമാണ്. അനന്തതയിൽ നിന്നും ഒരുപിടി നിയോഗങ്ങളുടെ കർമ്മസാഫല്യത്തിനായി കാലം അയച്ചുതരുന്ന ധന്യജന്മങ്ങളാണവ. ഓമല്ലൂരിന്റെ ആത്മസൗഷ്ഠവത്തിൽ വർണ്ണാഭമായൊരു ചരിതം രചിക്കുവാനുള്ള ഇടയിൽ വാദ്ധ്യാരുടെ പിറവി, ആയിരത്തി എണ്ണൂറ്റി എഴുപത്തിനാല് സെപ്റ്റംബർ ഇരുപത്തിയേഴിനായിരുന്നു. ഇന്നേക്ക് ഏതാണ്ട് നൂറ്റമ്പത് കൊല്ലം മുമ്പ് പിറന്നവരിൽ മഹാഭൂരിപക്ഷത്തിന്റേയും ജന്മവർഷം പോലും നിർണ്ണയിക്കാനാവാത്ത അവസ്ഥയിലാണ് അദ്ദേഹത്തിന്റെ പിറന്നാൾ ദിനം കാലത്തിന്റെ ചുവരിൽ മായാലിഖിതമായി ശേഷിച്ചിരിക്കുന്നത്.

ഇടയിൽ തറവാടിന്റെ ഏതാനും നൂറ്റാണ്ടുകൾ മുൻപുമുതലുള്ള വംശീയ പാരമ്പര്യത്തെപ്പറ്റി ഏറെക്കുറെ അറിവുണ്ട്. ക്രൈസ്തവരായിരുന്ന പൂർവികർ പലവിധ പ്രതിസന്ധികളാൽ നാടിന്റെ പലയിടങ്ങളിലേക്ക് പലായനം ചെയ്തിട്ടുണ്ട്. പൂർവ്വികരിൽ ഒരു കൂട്ടർ കോലഞ്ചേരി, പിറവം, കുറവിലങ്ങാട്, കൂത്താട്ടുകുളം എന്നീ സ്ഥലങ്ങളിൽ എത്തിച്ചേർന്നു. മറ്റു ചിലർ പിൽക്കാലത്ത് നിലയ്ക്കൽ, കടമ്പനാട് തുടങ്ങിയ തെക്കൻ പ്രദേശത്തേക്കും കടന്നു വന്നു. ഇടയിൽ കുടുംബത്തിലെ ആദ്യപിതാവ് ഇട്ടിപെരുമാളാണ്. അദ്ദേഹത്തിന് വറുഗീസ്, ചെറിയാൻ എന്നീ രണ്ട് ആൺമക്കളുണ്ടായിരുന്നു. മൂത്തമകൻ വറുഗീസ്, താഴേതിൽ വസ്തുവിലേക്ക് താമസം മാറ്റി. ഇളയമകൻ ചെറിയാൻ; ഇടയിൽ വീട്ടിൽ തുടർന്നു. ഇടയിൽ തറവാട്ടിൽ താമസമാരംഭിച്ച ചെറിയാന്റെ പിൻതലമുറയിൽപ്പെട്ട ചെറിയാൻ എന്നയാൾ ഇലന്തൂർ തലത്തായി കുടുംബത്തിലെ ഭക്തയായ ഒരു

സാധ്വിയെ വിവാഹം ചെയ്തു. ഇവരുടെ പുത്രനാണ് ഇട്ടിച്ചെറിയ. അദ്ദേഹത്തിന്റെ ഭാര്യ നന്നുവക്കാട് ചക്കാലയിൽ മറിയാമ്മയായിരുന്നു.

ഇടയിൽ തറവാട്ടുകാർ യാഥാസ്ഥിതികരായിരുന്നു. ദൈവോന്മുഖതയിലും മൂല്യബോധത്തിലും അടിയുറച്ചവർ. മാർതോമാശ്ലീഹായുടെ മഹത്തായ പൈതൃകത്വത്തിൽ ഊറ്റം കൊണ്ട് സഭാവക്ഷസ്സിനോട് ചേർന്നു നിന്നവർ. എളിമയും ശാന്തശീലത്വവും അവരുടെ മുഖമുദ്രയായിരുന്നു. നാനാജാതി മതസ്ഥരോടും സ്നേഹാർദ്രമായും സഹവർത്തിത്തത്തോടെയും അവർ ഇടപെട്ടു. സ്ഥിരോത്സാഹികളും അദ്ധ്വാന ശീലരുമായിരുന്നു. ബുദ്ധിസാമർത്ഥ്യത്തിലും മുന്നിട്ടു നിന്നിരുന്നു. പൈതൃകമായും അദ്ധ്വാനത്തിലൂടെയും കരഗതമായ ഭൂസ്വത്തുക്കൾ വളരെയേറെയായിരുന്നു. ദേശീയമഹത്വമായ ചെറിയാൻ സാറും അന്തർദ്ദേശീയ മഹാമഹത്വമായ അദ്ദേഹത്തിന്റെ പുത്രൻ ഡോ. വി.സി. ശമുവേൽ അച്ചനും ഈ തറവാടിനെ കീർത്തിയുടെ ഉയരങ്ങളിലെത്തിക്കുന്നു.

ചെറിയാന്റെ പിതാവ് ഇട്ടിച്ചെറിയ സമർത്ഥനായ കർഷനായിരുന്നു. ചീക്കനാലിന്റെ ഹരിതാഭമായ ഹൃദയഭൂവിൽ അന്നത്തെ നിലയ്ക്കും വിലയ്ക്കും മൂല്യവത്തായൊരു ഭവനം പണിത് അദ്ദേഹം പാർത്തു പോന്നു. അന്നാട്ടിൽ ചെങ്കല്ലുകൊണ്ട് കെട്ടിപ്പൊക്കിയ വീടുകൾ നന്നേ വിരളമായിരുന്നു. മുളം തൂണുകളിൽ തീർക്കുന്ന ഓലമേഞ്ഞ ചെറിയ വീടുകളായിരുന്നു നാട്ടിൽ ഏറെയും. ചീക്കനാൽ എന്നു പേരുണ്ടായതു തന്നെ ചീങ്കക്കൽ അഥവാ വെട്ടുകൽ സുലഭമായതുകൊണ്ടാണത്രേ. വിസ്തൃതമായ കരഭൂമി സ്വന്തമായുണ്ടായിരുന്നതിനാൽ വെട്ടുകൽ, കൽമഴു കൊണ്ട് വെട്ടിയെടുക്കുകയേ വേണ്ടിയിരുന്നുള്ളൂ. കക്കാ നീറ്റിയെടുത്ത ചുണ്ണാമ്പുകുഴമ്പിൽ വരാൽപശയും മറ്റും ചേർത്ത് വെട്ടുകല്ലുകൾക്കിടയിലെ വിടവുകൾ അടച്ച് ബലിഷ്ഠമായ ഭിത്തികളും ഓലമേഞ്ഞ മേൽക്കൂരയും മേൽത്തരം തടിക്കാതലിൽ തീർത്ത അറയും നിരയും മറ്റും ഇടയിൽ തറവാടിന്റെ പ്രത്യേകതകളായിരുന്നു.

04

കാലത്തിന്റെ ചിപ്പിയിൽ നിന്നൊരു മുത്ത്

വീട്ടുകാര്യങ്ങൾ ചിട്ടയായി ക്രമീകരിക്കുന്നതിൽ അമ്മയും കർമ്മോത്സുകയായിരുന്നു. അക്ഷരാർത്ഥത്തിൽ ഇട്ടിച്ചെറിയയുടെ വലംകൈയായി നിന്ന് ആ കുലപത്നി അക്ഷീണമദ്ധ്വാനിച്ചു. നന്നു വക്കാട് ചക്കാലഭവനത്തിൽ നിന്നും ചീക്കനാൽ വീട്ടിൽ വന്നു കയ റിയ നാൾ മുതൽ ആ വലിയ തറവാടിന്റെ ഐശ്വര്യമായി മറിയാമ്മ എന്ന സാധ്വി മാറി. ഏഴു മക്കൾ ആ വീടിന്റെ സുരഭിലപുഷ്പങ്ങ ളായി വിരിഞ്ഞു. അവരിൽ ഏഴാമനായിരുന്നു ശ്രീ. ചെറിയാൻ. മൂന്നു സഹോദരന്മാർക്കും മൂന്നു സഹോദരികൾക്കും ആ ഇളയകുഞ്ഞ് ഏറെ പ്രിയങ്കരനായിരുന്നു. ഇട്ടി, പൊടിയച്ചൻ, വറുഗീസ് എന്നീ സോദരത്രയങ്ങളും അച്ചാമ്മ, അന്നാമ്മ, ആച്ചിയമ്മ എന്നീ സോദരീ ത്രയങ്ങളും ആ കടശ്ശിപ്രജയ്ക്ക് ആദരപാത്രങ്ങളായിരുന്നു.

എല്ലാവരുടേയും സ്നേഹപരിലാളനകളുടെ അതിമധുരം നുക ർന്ന് ആ ശൈശവം കൊഴുത്തു. അനൗപചാരികതയുടെ ഗുണപാഠ പ്പുസ്തകമായിരുന്നു അവന് കീർത്തിമത്തായ ആ തറവാട്. അനുഭ വനിറവുകളുടെ ദിനരാത്രങ്ങളാകുന്ന അതിന്റെ താളുകൾ ഓരോ ന്നും അവന്റെ ഇളംഹൃത്തിൽ അനുഭൂതികളുടെ മുദ്രകൾ പതിപ്പിച്ചു. ജ്ഞാനതൃഷ്ണയുടെ തിളക്കമുള്ള അവന്റെ മിഴികൾ പ്രപഞ്ചമാ കുന്ന പുസ്തകത്താളിലെ പുതിയ പാഠങ്ങൾക്കായി പരതി. അപ്പ നോടും അമ്മയോടും ഉടപ്പിറപ്പുകളോടും ജിജ്ഞാസാഭരിതമായ ശങ്ക കൾ അവൻ ചോദ്യങ്ങളായി ഉന്നയിച്ചു. മറുപടി തൃപ്തികരമാകാ ഞ്ഞാലോ, അതു സുഗ്രഹമാകാഞ്ഞാലോ ചിന്താധീനഭാവനായി അ വൻ പറമ്പിലും പാടത്തും ഒറ്റയ്ക്കലഞ്ഞു നടക്കും.

ഇന്നിന്റെ കുത്തുകല്ലിൽ നിന്നും നാളെകളുടെ വികസ്വരതക ളിലേക്കുള്ള പടികയറ്റങ്ങൾക്കായുള്ള സോത്സാഹ ചിന്തകളായി

രുന്നു ആ മനം നിറയെ. ചുറ്റുപാടുകളെ കൺവിടർത്തി നിരീക്ഷിച്ചു. പകലന്തിയോളം വീടു നിറയെ ബന്ധുമിത്രാദികൾ ഉണ്ടാവും. ചീക്ക നാലിന്റെ അതിരുകൾക്കപ്പുറത്തേക്കും ഇടയിൽ തറവാടിന്റെ ശാ ഖോപശാഖകൾ പന്തലിച്ചു കഴിഞ്ഞിരുന്നു. കോന്നി, വകയാർ, കൂ ടൽ, കട്ടപ്പന തുടങ്ങിയ ഇടങ്ങളിൽ നിന്നെല്ലാം ചാർച്ചക്കാർ പലവി ധകാര്യങ്ങൾക്കായി ചീക്കനാലിലെ മൂലതറവാട്ടിൽ എത്തും. അവ രുമായി ബാലനായ ചെറിയാൻ സ്വതന്ത്രമായി ഇടപെട്ടു.

വിസ്തൃതമായ പുരയിടങ്ങളും വയലേലകളും സ്വന്തമായിരു ന്നതിനാൽ അതിലെ കാർഷികവേലകളിൽ നിത്യേന പണിയെടു ക്കുന്നവരും ഇടയിൽ തറവാട്ടങ്കണത്തിൽ പലവിധ കാര്യങ്ങൾക്കാ യി വന്നു പോകാറുണ്ടായിരുന്നു. മറ്റു ജന്മിമാരെപ്പോലെ ഇടയിൽ കാരണവന്മാർ തങ്ങളുടെ കൃഷിപ്പണിക്കാരെ കീഴാളന്മാരായോ അടി യാന്മാരായോ അല്ല ഗണിച്ചിരുന്നതും അവരോട് ഇടപെട്ടിരുന്നതും.

05

ജ്ഞാനഭിക്ഷുവിന്റെ തീർത്ഥാടനം

ധനശേഖരത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രാമാണികത്വം ലക്ഷ്യമാക്കാത്തവരാരുണ്ട്? എന്നാൽ എന്താണ് ധനം എന്നു വ്യവച്ഛേദിക്കാൻ പലർക്കും കഴിയാറുമില്ല. ഇത്ര പറ നെല്ല് വിളയുന്ന കണ്ടം തനിക്കുണ്ടെന്ന് പറഞ്ഞ് ഞെളിയുന്നവരുണ്ട്. തേക്കും വീട്ടിയും മഹാഗണിയും മറ്റും മാനം മുട്ടെ വിളഞ്ഞു വാഴുന്ന കരഭൂമിപ്പരപ്പിൽ ഊറ്റം കൊള്ളുന്നവരേയും കാണാം. എന്നാൽ അറിവാണ് മഹാധനം എന്ന വിവേചനബുദ്ധിയോടെ അതിനെ തെരഞ്ഞ മഹത്തുക്കളായിരുന്നു ഇടയിൽ കാരണവന്മാർ. മറ്റേതു ഭൗമസമ്പത്തും കാലാന്തരത്തിൽ ക്ഷയിച്ചുപോകാം. ചോരന്മാർ മോഷ്ടിച്ചു കൊണ്ടുപോകാത്തതും കൊടുക്കുന്തോറും ഏറിടുന്നതുമായ വിദ്യാധനത്തിനായി ഇതര, ലോകസമ്പത്തുകൾ വിനിയോഗിക്കാൻ തന്നെ അവർ ഉത്സാഹിച്ചു.

അക്ഷരങ്ങളിലൂടെയുമാണല്ലോ അറിവിലേക്കുള്ള ആരോഹണം. ക്ഷരമില്ലാത്തത് എന്ന അർത്ഥത്തിൽ അക്ഷരത്തെയും വാക്കിനെയും വചനത്തെയും ഈശ്വരനോട് ചേർത്തുവയ്ക്കുകയാണ് വിശുദ്ധ വേദഗ്രന്ഥം.

ഇടയിൽ വീട്ടുകാർക്ക് പള്ളിയും വേദവും പ്രാണബന്ധിതമായിരുന്നു. വിശുദ്ധവേദത്തിൽ കല്പിക്കപ്പെടുന്നവ അനുവർത്തിക്കാൻ നിഷ്ക്കർഷ പുലർത്തിപ്പോന്നവരാണവർ. വേദത്തിൽ നിന്നും വ്യതിചലിക്കാഞ്ഞാൽ ആയിരം തലമുറവരെ അനുഗ്രഹിക്കപ്പെടും എന്ന ദേവശബ്ദം അവരുടെ തലമുറകൾക്ക് സ്വീകാര്യശാസനയായിരുന്നു. മറിച്ചാണ് കർമ്മചര്യയെങ്കിൽ അനുഗ്രഹം ക്രമേണ ലോപിച്ച് കേവലം നാലു തലമുറകൾക്കുള്ളിൽ തന്നെ അസ്തപ്രതാപത്തിന്റെ

ദുർവ്വിധി അവരെ ചൂഴ്ന്നു നിൽക്കും. ധനവാന്റെ മകൻ ധാരാളിയും ധാരാളിയുടെ മകൻ യാചകനും, യാചകന്റെ മകൻ അദ്ധ്വാനശീലനും അദ്ധ്വാനശീലന്റെ പുത്രൻ വീണ്ടും ധനവാനും ആകുന്ന ഗതിഭേദങ്ങൾ ഉണ്ടാകാതെ ഐശ്വര്യസമൃദ്ധിയുടെ സ്ഥിരതയ്ക്കായി ദൈവവിചാരം കൈവിടാതിരിക്കാൻ ഇടയിൽ തറവാട്ടുകാർ ജാഗരൂകരായിരുന്നു.

വിശുദ്ധ വേദഗ്രന്ഥത്തിൽ യോഹന്നാന്റെ സുവിശേഷം സമാരംഭിക്കുന്നതു തന്നെ അക്ഷരക്കൂട്ടമായ വചനത്തിന്റെ ദൈവികതയെ സമർത്ഥിച്ചുകൊണ്ടാണ്. ആദിയിൽ വചനമുണ്ടായിരുന്നെന്നും ആ വചനം ദൈവത്തോടുകൂടിയായിരുന്നു എന്നും ദൈവം തന്നെയായിരുന്നു ആ വചനം എന്നും പറഞ്ഞ് അറിവിന്റെ സരസ്വതീക്ഷേത്രത്തിലേക്ക് ബുധജനത്തെ മാടിവിളിക്കുകയാണ് വേദവാക്യങ്ങൾ. ജ്ഞാനസമ്പാദനത്തിന്റെ ഗിരിപർവ്വം ചവുട്ടിക്കയറിയ ശലോമോൻ രാജാവ് രചിച്ച സുഭാഷിതങ്ങൾ എന്ന പഴയനിയമകൃതിയിൽ ജ്ഞാനസമ്പാദനത്തിന്റെ അനിവാര്യതയെപ്പറ്റി പറയുന്നതും അവർ ഓർമ്മിക്കുന്നുണ്ട്.

> “ജ്ഞാനം സമ്പാദിക്കുകയാണ് സർവ്വ പ്രധാനം;
> എന്തും ത്യജിച്ചും ജ്ഞാനം സമ്പാദിക്കുക.
> അവളെ അമൂല്യമായി കരുതുക.
> അവൾ നിനക്ക് ഉയർച്ച നൽകും
> അവളെ പുണരുക; അവൾ നിന്നെ ആദരിക്കും.
> അവൾ നിന്റെ ശിരസ്സിൽ മനോഹരമായ പൂമാല അണിയിക്കും.
> നിനക്ക് മഹത്വത്തിന്റെ കിരീടം നൽകും.”

06

മണലെഴുത്തിന്റെ കുടിപ്പള്ളിക്കൂടം

ആദ്യക്ഷരജ്ഞാനത്തിന്റെ പൂമുഖപ്പടിയിൽ കൊച്ചു ചെറിയാൻ ജിജ്ഞാസാഭരിതനായി നിന്നു. വാമൊഴിത്തഴക്കങ്ങൾക്ക് അക്ഷരങ്ങളിലൂടെ എങ്ങനെയാണ് ലിഖിതരൂപം നൽകേണ്ടത് എന്നറിയാതെ അവൻ ആശാന്റെ കുടിപ്പള്ളിക്കൂടത്തിലെത്തി. പിതാവിന്റെ കരംപിടിച്ചായിരുന്നു ആദ്യനാളിലെ രംഗപ്രവേശം. പാഠം എഴുതികൊണ്ടു പോരാനുള്ള പനയോല അവൻ കയ്യിൽ ഭദ്രമായി പിടിച്ചിട്ടുണ്ട്. ആശാൻ നാലുംകൂട്ടി ഒന്നു മുറുക്കി, മുളംകഴുക്കോലിൽ ഓല മേഞ്ഞ കളരി വിദ്യാലയത്തിനുള്ളിൽ മറ്റ് എട്ടുപത്ത് കുട്ടികളുടെ മുമ്പിൽ കുരണ്ടിപ്പലകയിൽ ഇരിക്കുമ്പോഴാണ് ചെറിയാനെയും കൂട്ടി ഇടയിലെ ഇട്ടിചെറിയാന്റെ വരവ്.

ചുട്ടിയുള്ള ഒരു കുട്ടിത്തോർത്തും വെണ്മയുള്ള ഒരു ചട്ടയുമായിരുന്നു ചെറിയാന്റെ വേഷം. കൂട്ടത്തിൽ മറ്റു പിള്ളേർക്കാർക്കും കുപ്പായം ഇല്ലായിരുന്നു. വെറുമൊരു ഒറ്റത്തോർത്തു മാത്രം. അവ തന്നെ മുഷിഞ്ഞതും അവിടവിടെ പിഞ്ചിയതും ആയിരുന്നു. പാവങ്ങളായ അവരുടെ മിഴികളിൽ തങ്ങളിൽ നിന്നു വ്യത്യസ്തനായ ചെറിയാൻ ഒരപ്രാപ്യനായിരുന്നു. എന്നാൽ പുതിയ ഒരു പറ്റം സതീർത്ഥ്യരെ ചങ്ങാതിമാരായി കിട്ടിയല്ലോ എന്ന ചിന്തയാൽ ചെറിയാന്റെ മനം സന്തുഷ്ടമായിരുന്നു. ആദ്യഗുരുനാഥനായ ആശാന്റെ മുമ്പിലേക്ക് ചെറിയാനെ അവന്റെ പിതാവ് ആനയിച്ചു. മടിശീലയിൽ നിന്നും എടുത്ത പൊതി അഴിച്ച് ഒരു തളിർ വെറ്റിലയും അതിലൊരു ചെമ്പഴുക്കയും ഒരു വെള്ളിച്ചക്രവും വച്ച് മകന്റെ കുഞ്ഞിക്കൈകളിൽ വച്ചു കൊണ്ടു പറഞ്ഞു. "ഇത് ആശാന് കൊടുത്ത് സ്തുതി പറ മോനേ, എന്നിട്ട് ആശാന്റെ കാലിൽ തൊട്ടു തൊഴുതു നമസ്ക്കരിക്ക്"

അറിവിന്റെ നവരത്നങ്ങൾ നിറഞ്ഞ ഉള്ളറകളിലേക്കുള്ള വഴികാട്ടിയായി കണ്ട് അവൻ ആശാന് ദക്ഷിണ കാഴ്ച വച്ച് ആ ഗുരുപാദങ്ങളിൽ തൊട്ടു വന്ദിച്ചു. കളരിത്തറയിലെ ചൊരിമണലിൽ ഇളംവിരൽ ചേർത്തു പിടിച്ച് ഗുരുനാഥൻ ഹരിശ്രീ കുറിച്ച് അക്ഷരപ്രകാശത്തിലേക്ക് അവനെ ആനയിച്ചു. നാരായമുനയാൽ പനയോലയിൽ നെടുകെ കോറിയിട്ട അക്ഷരവടിവുകൾ അവന്റെ കുഞ്ഞുമനസ്സിൽ പതിഞ്ഞു കിടന്നു. പനയോലയിലെ നാരായലിഖിതം സുവ്യക്തമാകാനായി പച്ചില ഉള്ളംകയ്യിൽ വച്ചു കശക്കി അതിന്റെ കടുംപച്ച നിറമാർന്ന ചാറ് എഴുത്തുവഴികളിൽ വീഴ്ത്തി അവൻ അവ പലവുരു വായിച്ചു. വീട്ടിലെ മരുന്നുപുരയിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന താലീപത്ര ലിഖിത സമാഹാരം അവനു പണ്ടേ സുപരിചിതമായിരുന്നു. തലമുറകൾ കൈമാറിക്കിട്ടിയ പുരാതനമായ ആ ഓലപ്പുസ്തകം അതീവ ജാഗ്രതയോടെ എടുത്ത് പിതാവ് ഭയാദരവോടെ വായിക്കാറുള്ളതും അവൻ കണ്ടിട്ടുണ്ട്. തലയ്ക്കൽ തുളയിട്ട് ചരടുകൊണ്ട് ആശാൻ ചേർത്തു കെട്ടി കൊടുത്ത ആ പനയോലപ്പുസ്തകം ഏറെ കരുതലോടെ അവനും സംരക്ഷിച്ചുപോന്നു. സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും അക്ഷരസ്ഫുടതയോടെ തന്റെ കനിഷ്ഠപുത്രൻ ഉറക്കെ ചൊല്ലുന്നതുകേട്ട് സ്വപിതാവ് അഭിമാനിതനായി. ഒരിക്കൽ കേട്ടവ എന്നാളും ഓർമ്മിച്ച് ഉരുവിടാനുള്ള അവന്റെ സിദ്ധി അപാരമായിരുന്നു.

07

കുഴിക്കാലാ മിഷൻ സ്കൂളിൽ

ഏതാണ്ട് ഗുരുകുലചര്യയിലുള്ള കളരിപഠനത്തിന്റെ കൂട്ടിൽ, സ്വരാക്ഷരങ്ങളും വ്യഞ്ജനാക്ഷരങ്ങളും അല്പം ഗണിതവും സ്വായത്തമാക്കി തെഴുത്ത ആ വർണ്ണക്കിളി, കൂടിന്റെ വാതായനം മെല്ലെ കൊത്തിത്തുറന്ന് അറിവിന്റെ വിശാലമായ നെൽക്കതിർ പാടം തേടി പറന്നുയരാനായി ചിറകുകൾ വിരുത്തി കാത്തുനിന്നു.

പൊതുവേ അറിവിനോടാർക്കും പ്രതിപത്തിയില്ലാത്തൊരു ഇരുണ്ട കാലഘട്ടത്തിലൊരു പഠനാലയം ഉണ്ടായിരുന്നുമില്ല. മണ്ണിൽ പണിഞ്ഞ് വിളവെടുത്ത് ഉപജീവിക്കുക എന്ന സാമൂഹ്യധർമ്മത്തിനപ്പുറത്തൊരു ജീവതമുണ്ടായിരുന്നില്ല മഹാഭൂരിപക്ഷത്തിനും. ശരീരപരമായ അനിവാര്യതകൾക്കായി അവർ മണ്ണിൽ അദ്ധ്വാനിച്ചു. ബൗദ്ധിക-മാനസിക ഉന്നതികൾ പലരുടെയും ചിന്താവിഷയമായിരുന്നില്ല. ദിശാബോധം നഷ്ടപ്പെട്ടവരെപ്പോലെ കുട്ടികൾ, അമൂല്യമായ സമയത്തെ നഷ്ടപ്പെടുത്തുകയായിരുന്നു. അവരെ അറിവിന്റെ കുളിർച്ചോലകളിലേക്കാനയിക്കാൻ നാട്ടിൽ പഠിപ്പുള്ളവർ ഒട്ടില്ലതന്നെ. ആത്മജ്ഞാനം നേടാതെ അബദ്ധജടിലമായ ഇരുട്ടിൽ ജനം തപ്പിത്തടയുന്ന കാലം. വേദേതിഹാസങ്ങൾ ഉണ്ടെങ്കിലും അവ ഗ്രഹിക്കാനുള്ള അക്ഷരജ്ഞാനം തീരെയില്ല. ദുർമന്ത്രവാദവും ആഭിചാരക്രിയകളും മൃഗബലികളും മനുഷ്യക്കുരുതി പോലും കൂത്താടിയിരുന്ന കാലം.

എന്നാൽ ലോകത്തിന്റെ പല കോണുകളിലും ശാസ്ത്രസാങ്കേതികതയുടെ പുത്തൻ ഉണർവ്വുകൾ പ്രകാശിച്ചുതുടങ്ങിയിരുന്നു. കുറഞ്ഞ അദ്ധ്വാനത്താൽ കൂടുതൽ വിളവു കൊയ്യാൻ സഹായിക്കുന്ന യന്ത്രവൽകൃത കൃഷിചര്യകൾ പല വികസിത നാടുകളിലും

യാഥാർത്ഥ്യമായി കഴിഞ്ഞിരിക്കുന്നു. ലോകത്തിന്റെ ഇത്തരം നൂതന ഭാവാന്തരത്വത്തെപ്പറ്റിയുള്ള അറിവിന്റെ പൊടിപ്പുകൾ ഗ്രാമാന്തരങ്ങളിൽ പ്രസരിച്ചത് മുഖ്യമായും ക്രൈസ്തവ പുരോഹിതന്മാരിലൂടെയായിരുന്നു.

ശരിക്കും പുരോഹിതന്മാർ ഗുരുക്കന്മാരായിരുന്നു. സ്വന്തം ആലയിൽപ്പെട്ട അജഗണത്തെ മാത്രമല്ല അവർ അറിവിന്റെ നീർച്ചോലയിലേക്കും സംസ്ക്കാരമഹത്ത്വത്തിന്റെ പച്ചപ്പുൽത്തകിടികളിലേക്കും ആനയിച്ചിരുന്നത്. അവരെ സംബന്ധിച്ച് ഇടവക ഇടയന്റെ ദേവാലയം നിൽക്കുന്ന ഇത്തിരി മണ്ണുമാത്രമായിരുന്നില്ല; വിശാലമായ ആ ഗ്രാമം മുഴുവനുമായിരുന്നു. ഈ ഇടയന്മാർ പല ആവശ്യങ്ങൾക്കുമായി മിക്കവാറും വരാറുണ്ടായിരുന്ന ഇടയിൽ തറവാട്ടിലെ ചെറിയാൻ എന്ന ബാലന്റെ പഠനകാര്യങ്ങൾ ഇട്ടിച്ചെറിയായോട് ആരാഞ്ഞിരുന്നു.

മക്കളിൽ ഏറെ വ്യത്യസ്തനായിരുന്നു ഏറ്റം ഇളയവനായ ചെറിയാൻ. ദൈവഭക്തിയിൽ തെഴുത്തു വളർന്ന ഒരനുഗൃഹീത ജന്മം. വിനയവും അനുസരണവും അവന്റെ പെരുമാറ്റത്തെ വിശുദ്ധീകരിച്ചിരുന്നു. എല്ലാക്കാര്യങ്ങളിലും അടുക്കും ചിട്ടയുമുണ്ടായിരുന്നു. അസാധാരണ ബുദ്ധിവൈഭവത്തിനുടമ. മനസ്സിൽ ഒരു ലക്ഷ്യം ഉറച്ചാൽ അത് സാദ്ധ്യമാകുവോളം കർമ്മനിരതനാകുന്ന സ്ഥിരോത്സാഹി. ഉന്നതമായ ചിന്തകളെ ചെറുപ്പം തൊട്ടേ താലോലിച്ചു പോന്ന ഉത്പതിഷ്ണു. ഉത്തരവാദിത്വങ്ങൾ സ്വയം കണ്ടറിഞ്ഞ് നിറവേറ്റാൻ ഉത്സുകൻ. ഒരു നിമിഷം പോലും പാഴാക്കിക്കളയാത്ത കർമ്മനിരതൻ. പ്രായത്തേക്കാളുപരിയായ പക്വമതി. നാടിനും വീടിനും പ്രിയങ്കരൻ. പ്രാർത്ഥനയും നോമ്പും അനുഷ്ഠാനമെന്നതിലുപരി നിറവേറ്റാൻ തത്പരൻ. ഇത്രമേൽ അനന്തമായ വൈഭവങ്ങൾ നിറഞ്ഞ മകനെ ഏറ്റവും നല്ല സ്കൂളിലയച്ച് തുടർന്ന് പഠിപ്പിക്കണം എന്നായിരുന്നു ഇട്ടിച്ചെറിയായുടെയും ബദ്ധശ്രദ്ധ.

ഓമല്ലൂർ പള്ളിയിലെ വികാരിയച്ചനിൽ നിന്നും പഠനസാദ്ധ്യത തെളിഞ്ഞു. ആറേഴു നാഴിക മാറി കുഴിക്കാലാ എന്ന ഗ്രാമത്തിൽ ഒരു പുതിയ പള്ളിക്കൂടമുണ്ടത്രേ. ഒന്നാം തരം തൊട്ട് ഏഴാം തരം വരെ പഠിക്കാൻ അവിടെ സൗകര്യമുണ്ടത്രേ. അതുകേട്ട് മനസ്സുണർന്ന കാരണവർ ആരാഞ്ഞു.

"അതാരു തുടങ്ങിയ പള്ളിക്കൂടമാ?"

"ആംഗ്ളിക്കൻ മിഷനറിമാർ തുടങ്ങിയ ഇംഗ്ലീഷ് മീഡിയം സ്കൂളാണ്"

സുഖലോലുപതയുടെ ഈറ്റില്ലമായ ഇംഗ്ലണ്ട് വിട്ട് അന്ധവിശ്വാസങ്ങളുടെയും ജാതിഭ്രാന്തിന്റെയും ദാരിദ്ര്യത്തിന്റെയും അന്ധ

കാരാവൃതമായ ഇന്ത്യാരാജ്യത്തു വന്ന് ജനസേവനത്തിന്റെ പന്ത ങ്ങൾ കൊളുത്തി ഗ്രാമാന്തരങ്ങളെ ഉണർത്തുകയാണ് ആംഗ്ളിക്കൻ മിഷനറിമാർ. അതിനവരെ ഹേമിക്കുന്നത് ക്രിസ്തീയദർശനമാണ്. ഞാൻ സർവ്വലോക പ്രകാശമാണെന്ന് പറയുകയും ശിഷ്ടരുടെയും ദുഷ്ടരുടെയും മേൽ ഒരു പോലെ അനുഗ്രഹവർഷം ചൊരിയുകയും ചെയ്യുന്ന ക്രിസ്തുവിന്റെ ദർശനം സാർവ്വത്രിക ധർമ്മകർമ്മങ്ങളുടേ താണ്. സഹാനുഭൂതി നിറഞ്ഞ ക്രിസ്തീയാരൂപി ആവേശിച്ചു കഴി ഞ്ഞാൽ ആർക്കും സ്വാർത്ഥതയുടെ ചില്ലുകൊട്ടാരത്തിൽ ചടഞ്ഞു കൂടി കഴിയാനാവില്ല. കർമ്മോത്സുകമായ മനവും തനുവുമായി അവർ സേവനത്തിനായി അഗതികളെ തേടി പലായനം ചെയ്യുക തന്നെ ചെയ്യും. അങ്ങനെയാണ് ഇംഗ്ലണ്ടിൽ നിന്നുള്ള ആംഗ്ളിക്കൻ സേവകർ അവികസിതമായ കേരളത്തിന്റെ അങ്ങോളമിങ്ങോളമുള്ള ഇരുണ്ട ഗ്രാമഭൂമികകളിൽ വികസനോന്മുഖ തീപ്പന്തങ്ങൾ കത്തിച്ചു നിർത്തിയത്.

അന്നാട്ടിൽ അന്നോളം സ്കൂൾ പഠനം നടത്തിയവർ കോയി ക്കൽ തറവാട്ടിലെ കിടാങ്ങൾ മാത്രമായിരുന്നു. പന്തളം രാജവംശ ത്തിന്റെ പിൻമുറക്കാരായിരുന്നു അവർ. നാട്ടിൽ വിദ്യാലയം ഇല്ലാ ത്തതിനാൽ ഗുരുക്കന്മാരെ അന്യദേശങ്ങളിൽ നിന്നും വരുത്തി രാജ ഭവനങ്ങളിൽ പാർപ്പിച്ച് പഠനം തരപ്പെടുത്തുകയായിരുന്നു പതിവ്. ആദ്യമായാണ് ഇപ്പോൾ ഒരു ബാലൻ ഓമല്ലൂരിൽ നിന്നും അകലെ പ്പോയി പഠിക്കാൻ ഉദ്യമിക്കുന്നത്. ഒരു കാതത്തിലേറെ ദൂരം അങ്ങോ ട്ടുമിങ്ങോട്ടും കാൽ നട വേണം. ജ്ഞാന തൃഷ്ണയുടെ തീ പടരുന്ന ആ ബാലമനസ്സിൽ അതൊന്നുമൊരു തടസ്സമായി തോന്നിയില്ല. കൂ ട്ടിലെ കിളിയുടെ വിശാലമായ ആകാശസ്വപ്നമായിരുന്നു ആ വിദൂ രവിദ്യാലയം. അറിവിന്റെ നക്ഷത്രങ്ങൾ പൂത്തിറങ്ങുന്ന ആ ആകാ ശം അവന്റെ നിനവുകളെ ഉന്മിഷത്താക്കി.

യാത്രാദിനത്തിൽ കാലേക്കൂട്ടി വികാരിയച്ചൻ ഓമല്ലൂർ വലിയ പള്ളിയിൽ നിന്നെത്തി. ഇടയിലെ വീട്ടിലെ മുഖ്യസംരംഭങ്ങൾ സമാ രംഭിക്കുന്നത് പുരോഹിതരുടെ സാന്നിദ്ധ്യത്തിലായിരുന്നു. വിധേയ പൂർണ്ണമായ ആ പതിവ് ഒരിക്കലും അവർ തെറ്റിച്ചിരുന്നില്ല.

വൈദികൻ പ്രാർത്ഥിച്ചനുഗ്രഹിച്ച് അവനെ കുഴിക്കാലായിലേ ക്കു യാത്രയാക്കി. ആദ്യദിവസമാകയാൽ അപ്പനും കൂടെപ്പോകുന്നു ണ്ട്. കഞ്ഞിപ്പശയിൽ മുക്കി ഉണക്കി ഇസ്തിരിയിട്ട വടിവാർന്ന വെള്ള കുപ്പായങ്ങളും മല്മലുകളുമായിരുന്നു ഇരുവരുടേയും വേ ഷം. മുറികയ്യൻ ചട്ടയ്ക്കു മേലേ അപ്പൻ കസവുകരയുള്ള ഒരു വേ ഷ്ടിയും അണിഞ്ഞിരുന്നു. ദൈവവിചാരത്തോടെ അപ്പനമ്മമാരുടെ പാദങ്ങൾ തൊട്ടുവണങ്ങിയും വികാരിയച്ചനു സ്തുതിയർപ്പിച്ചും ചെ റിയാൻ കൽപ്പടികൾ താണ്ടി നടന്നു.

08

സായിപ്പന്മാരുടെ കണ്ണിലുണ്ണി

ആ ഇംഗ്ലീഷ് വിദ്യാലയം അവന്റെ ബാലമിഴികളിൽ ആകാം ക്ഷയുടെ പൊൻകണിയായി പൂത്തുലഞ്ഞു. കളരിപാഠശാലയിൽ നിന്നും ഏറെ വ്യത്യസ്തമായ അന്തരീക്ഷം. മരച്ചോട്ടിലെ ഓലക്കൂ രക്കുള്ളിൽ വിരിച്ച ചൊരിമണലിൽ അക്ഷരമെഴുതിപ്പഠിച്ച ആ ബാ ലാംഗുലികൾ കടലാസ്സെഴുത്തിനായി വെമ്പി. പെൻസിൽ എന്ന വി സ്മയ വസ്തുകൊണ്ട് സ്ലേറ്റിലും വെള്ളക്കടലാസിലും ഹെഡ്മാ സ്റ്റർ എന്തൊക്കെയോ കുറിച്ചുകൊണ്ടിരിക്കുന്നത് കൗതുകത്തോടെ നോക്കി അവൻ വരാന്തയിൽ നിന്നു. കറുത്ത പാന്റും കോട്ടും ധരിച്ച ഒരു വെളുവെളുത്ത മനുഷ്യൻ ഓഫീസിലേക്ക് കുറേ കടലാസുകെ ട്ടുകളുമായി പാഞ്ഞു വന്ന് ഹെഡ്മാസ്റ്ററോട് എന്തോ നിർദ്ദേശിക്കു ന്നു. "സായിപ്പ്.....സായിപ്പ്...." വരാന്തയിലും മുറ്റത്തും കൂടി നിന്ന പി ള്ളേർ മന്ത്രിക്കുന്നത് അവൻ കേട്ടു.

പുതിയ വിദ്യാർത്ഥികളുടെ നാമാവലിയിൽ ഇ.ഐ. ചെറിയാൻ ഇടയിൽ എന്ന് പ്രധാനാദ്ധ്യാപകൻ എഴുതിച്ചേർത്തു. ഇട്ടിച്ചെറിയാ ൻ മറ്റ് അദ്ധ്യാപകരെയും കണ്ട് മകനെ ഭദ്രമായി ഭരമേൽപ്പിച്ചു. ഓമ ല്ലൂർ ഭാഗത്തേക്ക് മകനു കൂട്ടായി നടയാത്രയ്ക്ക് കുട്ടികൾ ആരെങ്കി ലുമുണ്ടോ എന്നു കൂടി അദ്ദേഹം ആരാഞ്ഞു. ഏതാനും കുട്ടികൾ ഇ ലന്തൂർ വരെയുണ്ടെന്നറിഞ്ഞ് പിതാവിന് ഏറെക്കുറെ സമാധാനമാ യി. ആദ്യദിനമാകയാൽ വൈകിട്ട് അഞ്ചുമണിയോടെ ഇലന്തൂരിൽ വന്നു നിൽക്കാം എന്നു പറഞ്ഞ് മകനെ വിദ്യാലയത്തിലാക്കി അദ്ദേ ഹം മടങ്ങിപ്പോയി.

09

വികസ്വരമാകുന്ന ബോധചക്രവാളം

ചെറുജലാശയം വിട്ട് കടൽപ്പരപ്പിലേക്ക് പലായനം ചെയ്യുന്ന ഒരു പരൽമീനിന്റെ ആമോദത്തുടിപ്പ് ആ ബാലഹൃത്തിൽ നിറഞ്ഞു നിന്നിരുന്നു. അറിവിന്റെ ഈ വിശാലപ്പരപ്പിൽ നീന്തിത്തുടിക്കാം, മുങ്ങാംകുഴിയിടാം, മറുകര തേടി ഒരു മത്സരപ്രയാണമാവാം. പല ദേശങ്ങളിൽ നിന്നെത്തുന്ന സതീർത്ഥ്യർ! അവരുടെ വേഷ വൈവിധ്യങ്ങൾ! ഭാഷണ വൈജാത്യങ്ങൾ! സ്വഭാവ വൈചിത്ര്യങ്ങൾ! എന്നാൽ ഒന്നും വൈരുദ്ധ്യങ്ങളാവുന്നില്ല, അറിവിന്റെ ആ സരസ്വതീക്ഷേത്രത്തിൽ. ശാപകരങ്ങളായ തീണ്ടലും തൊടീലും ഒന്നും അവരുടെ ചങ്ങാത്തത്തിന് പ്രതികൂലമായില്ല. ഒരുമയുടെ ഈ സുകൃതപാഠമായിരുന്നു ചെറിയാന്റെ ഹൃദയത്തെ ഏറെ പുളകം കൊള്ളിച്ചത്. ജാതിഭേദം, മതദ്വേഷം ഏതുമില്ലാതെ സർവ്വരേയും അറിവിന്റെ ഈ സരസ്വതീക്ഷേത്രത്തിലേക്ക് നിറഞ്ഞ മനസ്സോടെ ക്ഷണിക്കുന്ന ക്രൈസ്തവ മിഷനറിമാരുടെ സ്നേഹത്തണലിൽ അവന്റെ ദിനങ്ങൾ പൂത്തുലഞ്ഞു.

വിദ്യാലയത്തിലേക്കും തിരിച്ചുമുള്ള ദീർഘയാത്ര ഒരു നേരം കൊല്ലിയോ വിരസപൂർണ്ണമോ ആയിരുന്നില്ല ചെറിയാന്. കൈവഴികൾ പോലെ പലയിടങ്ങളിൽ നിന്നും കുട്ടികൾ വന്നുചേർന്ന് ഒരു വലിയ വിദ്യാർത്ഥി സഞ്ചരണമായി കലാലയത്തിൽ എത്തിച്ചേരുന്ന ആ ജ്ഞാനതൃഷ്ണർക്കൊപ്പമുള്ള യാത്രകൾ അവനു ഹൃദ്യമായിരുന്നു. തമ്മിൽ കലമ്പിയും പ്രതികാരം ചെയ്തും ആക്ഷേപനാമങ്ങൾ വിളിച്ചും ഉറ്റുസ്നേഹിച്ചും തമാശ പൊട്ടിച്ചും പാഠഭാഗങ്ങളെപ്പറ്റി പറഞ്ഞും അദ്ധ്യാപകരുടെ ചൂരലടികളിൽ നിന്നും രക്ഷ നേടാനായി പച്ചില പറിച്ചെടുത്തുള്ള ചില ക്ഷുദ്രപ്രയോഗങ്ങൾ ചെയ്തും

ഒക്കെയുള്ള ആ അദ്ധ്യേതാക്കളുടെ കലപില പ്രയാണത്തിൽ അവനും സാക്ഷിയായി.

ഗുരുക്കന്മാരുടെ പ്രീതി പാത്രമായി അവൻ ക്ലാസ്സിൽ വിളങ്ങി. സൽഗുണസമ്പന്നമായ ഇടപെടലുകളും തികഞ്ഞ അച്ചടക്കവും അവനെ മാതൃകാപൂർണ്ണനാക്കി. പാഠവിഷയങ്ങൾ കണിശതയോടെ അന്നന്നു നന്നായി പഠിച്ച് അവതരിപ്പിക്കാനുള്ള അവന്റെ കഴിവിനു മുമ്പിൽ അദ്ധ്യാപകർ പ്രശംസിച്ചു. ക്ലാസ്സിൽ ഏറ്റവും ശ്രദ്ധേയനായ വിദ്യാർത്ഥി ആര് എന്ന് നിശിതചിന്തയുടെ മുമ്പിൽ മിന്നിത്തിളങ്ങിയ ഉത്തരനക്ഷത്രമായിരുന്നു ചെറിയാൻ.

ഏഴാം തരം വരെ പഠിക്കാൻ വേണ്ട സാഹചര്യങ്ങൾ അവിടുണ്ട്. ഓരോ ക്ലാസ്സും മുന്നേറുന്തോറും പ്രായത്തോടൊപ്പം ആശയഗാംഭീര്യവും അവനിൽ നിറയുന്നുണ്ടായിരുന്നു. അറിവിന്റേയും സംസ്ക്കാരത്തിന്റെയും മാനവികതയുടെയും ഉപരിചക്രവാളങ്ങൾ താണ്ടാൻ ആ വൈജ്ഞാനിക വിഹഗം മോഹിച്ചു. അതിനവനെ സഹായിച്ചത് സ്കൂളിലെ ഗ്രന്ഥശാലയായിരുന്നു. പുരാതന താളിയോലകൃതികൾ മുതൽ വിവിധ വിഷയങ്ങളിലുള്ള പുസ്തകങ്ങൾ നിറഞ്ഞ അവന്റെ വീട്ടിലെ ഗ്രന്ഥപ്പുരയേക്കാൾ പല മടങ്ങ് ഗംഭീരമായ ഒന്നായിരുന്നു ആ സ്കൂൾ ലൈബ്രറി. ഉച്ചഭക്ഷണം അതിവേഗം ആഹരിച്ചു മിച്ചമുള്ള നേരം തരപ്പെടുത്തി അവൻ പുസ്തകശാലയിൽ അഭിരമിച്ചു. കുറഞ്ഞപക്ഷം ആഴ്ചയിൽ ഒന്നു രണ്ടു പുസ്തകങ്ങൾ വീതം തെരഞ്ഞെടുത്ത് വീട്ടിൽ കൊണ്ടു പോയി ആവേശത്തോടെ വായിച്ചു തീർത്തു. ജീവചരിതങ്ങളും ശാസ്ത്രകൃതികളും വിശ്വചരിത്രവും കഥകളും മറ്റും അങ്ങനെ അവന്റെ ബോധചക്രവാള സീമകളെ വികസ്വരമാക്കിക്കൊണ്ടിരുന്നു. സമൂഹത്തിന്റെ ഉദ്ധാരണാർത്ഥം നിസ്വാർത്ഥതയോടെ സേവനം ചെയ്ത ദേശസ്നേഹികളായ മഹത്തുക്കളുടെ മാതൃകാജീവിതം അവന്റെ നെഞ്ചകത്തെ പുളകം കൊള്ളിച്ചു. ഏഴാം ക്ലാസിലെത്തിയപ്പോഴേക്കും ഇംഗ്ലീഷ് കൃതികളും വായിക്കാമെന്നായി. ആംഗ്ലിക്കൻ മിഷനറിമാർ പലപ്പോഴും ക്ലാസിലെത്തി മൊഴിയുന്ന ആംഗലഭാഷയുടെ വഴക്കവും ഒഴുക്കും അവന്റെ ഹൃത്തിന്റെ താളാത്മകതയായി മാറി. അന്യഭാഷയായി ആദ്യമാദ്യം തോന്നിയിരുന്ന ഇംഗ്ലീഷ് ഭാഷ ക്രമേണ തൊട്ടും തോളിൽ കരം ചേർത്തും തനിക്കൊപ്പം ചങ്ങാത്തം കൂടുന്ന ഭാഷാ സൗഹൃദ സുഖാവസ്ഥയായി മാറി.

10

ഇംഗ്ലണ്ടിലേക്കൊരു ക്ഷണം

മിഷനറിമാർ കൂടെക്കൂടെ ക്ലാസ്സ്മുറികളിലെത്തിയിരുന്നത് കുട്ടികളുടെ വൈജ്ഞാനികവും മാനസികവും ആത്മീയവുമായ വളർച്ച നിർണ്ണയിക്കുവാനായിരുന്നു. അവർ കുട്ടികൾക്കെല്ലാം ഓരോ ചെറിയ നോട്ടുബുക്ക് കൊടുത്തിരുന്നു. അവർക്കതിൽ പാഠ്യസംബന്ധമായോ പാഠ്യേതരമായോ ഉള്ള വിഷയങ്ങൾ എഴുതുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. സ്വതസിദ്ധമായ സർഗ്ഗവാസനകൾ ഉള്ളവർക്ക് അത് പ്രകടമാക്കാനും അവ ഉപകരിക്കപ്പെടുമായിരുന്നു. ക്ലാസ്സുകളിൽ വല്ലപ്പോഴും എത്തുന്ന മിഷനറി സായിപ്പന്മാർ ഈ ഡയറികൾ പരിശോധിച്ച് ഓരോരുത്തർക്കും വേണ്ട നിർദ്ദേശങ്ങൾ നൽകിപ്പോന്നു. ചെറിയാന്റെ ഡയറിയിൽ പുറങ്ങളെല്ലാം എഴുതി നിറച്ചിരുന്നതായി കണ്ട് അവർ വിസ്മയിച്ചു. സ്കൂൾ ലൈബ്രറിയിൽ നിന്നും അവനെടുത്തു വായിച്ച കൃതികളെപ്പറ്റിയുള്ള വൈയക്തികങ്ങളായ അവലോകനങ്ങളായിരുന്നു ഇംഗ്ലീഷിലുള്ള ആ കുറിമാനങ്ങളിലേറെയും.

മാതൃഭാഷയിലെന്ന പോലെ ഇംഗ്ലീഷിലുമുള്ള ധാരാളം കൃതികൾ അവൻ വായിച്ചിരിക്കുന്നു. മിക്കവയും പുരാതന സംസ്കൃതിയുടെ നിറവുകളായ ക്ലാസിക്കുകൾ! പാഠ്യവിഷയങ്ങൾ സ്വായത്തമാക്കാനുള്ള അവന്റെ തൃഷ്ണയെപ്പറ്റിയും ശ്രദ്ധയെപ്പറ്റിയും ക്ലാസ്സ് ടീച്ചർ സാക്ഷ്യപ്പെടുത്തി. ഹെഡ്മാസ്റ്ററിൽ നിന്നും അവന്റെ സ്വഭാവമഹത്ത്വവും അവർ ഗ്രഹിച്ചു. സായിപ്പന്മാർ അവനെ അവരുടെ ഓഫീസ് മുറിയിലേക്ക് സകാര്യമായി വിളിപ്പിച്ചു. ബഹുശതം വിദ്യാർത്ഥികളുടെ വിശാലതയിൽ നിന്നും അവർ സവിശേഷമായി കണ്ടെത്തിയ അനർഘമുത്തായിരുന്നു ആ പതിനഞ്ചുകാരൻ. അവർ അവനോട് പല കാര്യങ്ങൾ ചോദിച്ചറിഞ്ഞു. പഠനഭാഗങ്ങളെപ്പറ്റിയും വീട്ടുകാര്യങ്ങളെപ്പറ്റിയും മറ്റും. തേനരുവി പോലെ ഒഴുകുന്ന അവരുടെ ആംഗലഭാഷണഗതിയിൽ അവന്റെ മനം കുളിർത്തു. അവയ്ക്കെല്ലാം ഇംഗ്ലീഷിൽത്തന്നെ മറുപടി നൽകാൻ അവന്റെ ഭാഷാജ്ഞാനം വികസ്വരമായിക്കഴിഞ്ഞിരുന്നു. മിഷനറിമാർ തങ്ങളിൽ വലിയ മതിപ്പോടെ എന്തോ സംസാരിച്ച് ഒരു തീരുമാനം അറിയിക്കാനെന്നവണ്ണം അവന്റെ നേരേ തിരിഞ്ഞു ചോദിച്ചു.

"ചെറിയാന്റെ ഇനിയുമുള്ള പഠനം ഇംഗ്ലണ്ടിലാക്കിയാലോ. ഞങ്ങൾ അതിനുവേണ്ട സർവ്വ ക്രമീകരണങ്ങളും ചെയ്തുകൊള്ളാം" അപ്രതീക്ഷിതമായ ആ ക്ഷണം കേട്ട് ചെറിയാൻ ചിന്താധീനനായി. ഇംഗ്ലണ്ടിന്റെ പരമാധികാര പ്രമത്തതയുടെ കീഴേ ഭരിക്കുന്ന നാട്ടുരാജാക്കന്മാരുടെ ഒരു പ്രജ മാത്രമാണു താൻ. അങ്ങനെയുള്ള ഒരാൾക്ക് നെടുംകടലുകൾ താണ്ടി ഇംഗ്ലണ്ടിന്റെ കീർത്തി കേട്ട വിദ്യാലയത്തിലോ യൂണിവേഴ്സിറ്റിയിലോ തികച്ചും സൗജന്യമായി ഉപരിപഠനം തരപ്പെടുന്ന അസുലഭമായ ഒരു സൗഭാഗ്യമാണ്. തലമുറകൾക്ക് ജ്ഞാനപ്രകാശം നൽകിയനുഗ്രഹിക്കുന്ന കേംബ്രിഡ്ജ്, ഓക്സ്ഫോർഡ് തുടങ്ങിയ അറിവിന്റെ ദീപ്തസ്തംഭങ്ങളെപ്പറ്റി വായിച്ചറിഞ്ഞിട്ടേയുള്ളൂ. ഇലക്കൊഴുപ്പുള്ള ഓക്കും അഴകാർന്ന ബർച്ച് മരങ്ങളും തണലൊരുക്കുന്ന അതിന്റെ അതിവിശാലമായ കാമ്പസിലൂടെ സ്യൂട്ടും കോട്ടും ഹാറ്റും മറ്റും ധരിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ചേക്കേറുന്ന ജ്ഞാനതീർത്ഥാടകരുമായി ഇടപഴകി ഒരു വിശ്വപൗരന്റെ ഗരിമയോടെ താൻ നടന്നുപോകുന്നത് അവൻ ഒരു വേള ഭാവനയിൽ കണ്ടു.

"അപ്പച്ചനോട് കൂടെ ആലോചിച്ച് വിവരം അറിയിക്കാം" സായിപ്പന്മാരോട് അവൻ വിധേയത്വത്തോടെ പറഞ്ഞു.

"ഇട്ടിച്ചെറിയാ തീർച്ചയായും സമ്മതിക്കും. ഈ മഹാഭാഗ്യം ആർക്കു കിട്ടും! ഇങ്ങോട്ടു വന്നു കയറിയ മഹാലക്ഷ്മിയാണെന്ന് വിചാരിച്ചാൽ മതി" കൂടെ നിന്ന ഹെഡ്മാസ്റ്റർ വർദ്ധിതാനന്ദത്തോടെ പ്രതികരിച്ചു.

11

ജന്മനാടിനു സമർപ്പിതൻ

ഏറെ ചടുലതയോടെ അവൻ പാദങ്ങൾ നീട്ടി വലിച്ചു ചവുട്ടി പതിവിലും നേരത്തെ വീട്ടിലെത്തി. യാത്രയിലുടനീളം അവൻ ചിന്താധീനനായിരുന്നു. പലവിധ ചിന്തകൾ അവന്റെ മനസ്സിൽ ഓടിയെത്തി. ഇംഗ്ലണ്ടിന്റെ പൗരാണികാഢ്യത്വം പെരുത്ത അറിവിന്റെ മണിഗോപുരങ്ങൾ ദൂരെ നിന്ന് നിറഞ്ഞ ഹൃദയത്തോടെ മാടി വിളിക്കുമ്പോൾ ആ സ്വാഗതോപചാരം ആരെയാണ് വിസ്മയിപ്പിക്കാത്തത്! അവൻ തന്റെ ഭാവികാലത്തെ ഭാവനയിൽ കാണുകയായിരുന്നു. തനിക്കൊരു വിശ്വപൗരന്റെ പരിവേഷം അതോടെ കൈവരും, തീർച്ച. ഭാഗ്യമുണ്ടെങ്കിൽ പഠനത്തിന്റെ ഔന്നത്യത്തിലുള്ള ഏതു പടിക്കെട്ടിലേക്കും പാദങ്ങൾ നീട്ടിച്ചവുട്ടി നില ഉറപ്പിക്കാൻ കഴിഞ്ഞേക്കും. ഒരു വിശ്വപൗരന്റെ അത്യുച്ചത്തിലേക്കുള്ള വളർച്ചയിൽ അങ്ങനെ എത്തിച്ചേരാം.

അതുപോലൊരു അക്കാദമിക് പ്രവീണയായ സുന്ദരിയെ പ്രാണന്റെ ഭാഗമാക്കി ഇംഗ്ലണ്ടിൽ സ്ഥിരതാമസമുറപ്പിക്കുകയുമാവാം. പണവും പത്രാസും ധീമരായ സുഹൃത്തുക്കൾക്കൊപ്പമുള്ള ബന്ധുരബന്ധങ്ങളും തന്റെ വാഴ്വിനെ അഴകുറ്റതാക്കി മാറ്റും. അതോടെ നാട്യരഹിത ഗ്രാമ്യശ്രീത്വം തുടിക്കുന്ന ജന്മനാടും അതിലെ പാവം നാട്ടാരും ഒരു അതിവിദൂരസ്മൃതിയായി മാറും. നാട്യപ്രധാനമായ നഗരജീവിതത്തിന്റെ സുഖസൗകര്യത്തിലും പളപളപ്പിലും മുങ്ങി ആംഗ്ലിക്കൻ രണ്ടാംജന്മത്തിന്റെ ആസ്വാദ്യതകളിലേക്കു താൻ മുങ്ങിത്താഴും.

ഇനി അങ്ങനെയല്ല; ഉപരിപഠനത്തിനുവേണ്ടി മാത്രം ഇംഗ്ലണ്ടിൽ പോവുകയും പഠനാനന്തരം നേരേ നാട്ടിലേക്കു മടങ്ങി സേവനത്തിൽ മുഴുകുകയും ചെയ്താലോ. തിരികെ വീട്ടാനാവാത്ത ഒരു

ഭാരിച്ച കടബാദ്ധ്യത പോലെ ആ സൗജന്യപഠനകാലം അപ്പോഴും മാറുകയില്ലേ? എട്ടോ, പത്തോ വർഷക്കാലം ആ മഹാനഗരിയിൽ അവർ സൗജന്യമായി വച്ചു നീട്ടുന്ന സർവ്വസൗകര്യങ്ങളും സാമ്പത്തിക സ്വാതന്ത്ര്യവും ആസ്വദിച്ച് പിന്നീട് ആ നാട്ടിൽ സേവനം വഴിതെല്ലും പ്രതിനന്ദി കാട്ടാതെ ഇന്നാട്ടിലേക്കു മടങ്ങുന്നതും ഉചിതമായിരിക്കുമോ? ഇങ്ങനെ ഹൃദയത്തെ കലുഷമാക്കുന്ന ബഹുവിധ ചിന്തകളോടെ അവൻ ഉഴറി നടന്നു.

ഇന്നു താൻ ചവുട്ടി നിൽക്കുന്ന വളക്കൂറുള്ള ഈ ഭാരത മണ്ണ് പാരിന്റെ മുഴുവൻ ആദരവ് സമാർജ്ജിച്ച മണ്ണാണ്. അതിപുരാതന സിന്ധു ഗംഗാ സമതല സംസ്കൃതിയുടെ ബാക്കിപത്രമാണിവിടം. നളന്ദ പോലുള്ള അതിപുരാതന മഹിത പാഠശാലകൾ പ്രസരിപ്പിച്ച സാംസ്കാരിക പ്രഭാവത്തിന്റെ അടങ്ങാത്ത അലയൊലികൾ ഉയരുന്ന മഹാഭൂമിക. ലോകത്തെ മുഴുവൻ മോഹിപ്പിക്കുന്ന സുഗന്ധവ്യഞ്ജനങ്ങളുടെ വാസനാനിലയമായ കേരളം തേടി ഭ്രമരങ്ങളെപ്പോലെ പറങ്കികളും ഡച്ചുകാരും വെള്ളക്കാരും ഭ്രമിച്ചെത്തി കുടികിടക്കുകയാണ്. ഉടയോനെ പിടിച്ചു കെട്ടി അടിമയാക്കി കൊള്ള ചെയ്യുന്ന വൈദേശികാധിപത്യം ഇങ്ങനെ തുടർന്നാൽ അതൊരു ദുരന്തമായിത്തീരില്ലേ. പ്രാദേശികാടിസ്ഥാനത്തിൽ അശരണരെ ചേർത്തു നിർത്തി വിഭവസമാഹരണത്തോടെ നേതൃത്വം നൽകേണ്ടവർ ഇന്നിന്റെ അനിവാര്യതയല്ലേ. മാത്രമല്ല താൻ അനുശീലിച്ചു പോന്ന യാക്കോബായ സഭാത്മകതയിൽ നിന്നും ഏറെ ഭിന്നമാണല്ലോ ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടേത്. പെറ്റമ്മയുടെ മുലപ്പാൽ കണക്കെ പ്രാണപോഷകമാണ് തനിക്ക് മാർതോമാശ്ലീഹാ പകർന്നു തന്ന പുരാതന വിശ്വാസം. അതിന്റെ ആരാധനക്രമത്തിനു പോലുമുണ്ടല്ലോ ചിരപുരാതനത്വവും ശ്ലൈഹിക മഹത്ത്വവും. ക്രിസ്തുവിന്റെ അപ്പസ്തോലനായ മാർതോമാശ്ലീഹായുടെ ധ്യാനാത്മക പ്രാർത്ഥനകളുടെ സൗരഭ്യം ചൂഴ്ന്ന ക്രമമാണത്! 'പരിശുദ്ധാത്മാവിന്റെ വീണ' എന്ന അപരനാമമുള്ള മാർ അപ്രേമിന്റെ കാവ്യാത്മകത തുളുമ്പുന്ന ബോവൂസാകൾ ഈ സുറിയാനി ആരാധനക്രമത്തിന്റെ അനന്യത്വമല്ലേ. കരൾ അലിയിക്കുകയും മിഴിയോരങ്ങൾ നിറയിക്കുകയും ചെയ്യുന്ന ആ പ്രാർത്ഥനകൾ തന്റെ പ്രാണരക്തത്തിൽ അലിഞ്ഞു ചേർന്നവയല്ലേ! അവ ഉപേക്ഷിച്ച് ആംഗ്ലിക്കൻ പ്രൊട്ടസ്റ്റന്റ് സഭയുടെ പുത്തൻ പ്രവണതകളോട് പൊരുത്തപ്പെട്ടു പോകാൻ തനിക്കാവില്ല. ഇംഗ്ലണ്ടിലെത്തി, അവിടെ തഴച്ചുവളരുന്ന ഈ പുത്തൻ പ്രൊട്ടസ്റ്റന്റ് വിപ്ലവാശയത്തിനിടയിൽപ്പെട്ട് പരമ്പരാഗത സുറിയാനി ക്രിസ്ത്യാനിയായ താൻ വീർപ്പുമുട്ടേണ്ട സാഹചര്യം ഒഴിവാക്കപ്പെടേണ്ടേ? ഭൗമോൽക്കർഷ പ്രലോഭനങ്ങളുടെ അക്കരപ്പച്ചകളിൽ നിന്നും അതിനാൽ മിഴികളെ മടക്കി വിളിക്കേണ്ടത് അനിവാര്യമല്ലേ? തന്റെയും

തന്റെ സഭാസമൂഹത്തിന്റെയും ഭാവിക്ക് ഗുണപ്രദമാകാത്ത മോഹാവേശങ്ങളെ അങ്ങനെ അവൻ നിരാകരിച്ചു കളയുവാൻ തീരുമാനിക്കുകയായിരുന്നു.

വീട്ടിലെത്തിയാലുടൻ കുളിച്ചു വേഷം മാറി അമ്മ വിളമ്പുന്ന പലഹാരവും കാപ്പിയും കഴിച്ച് മറ്റു ജോലികളിലേക്ക് തിരിയുകയാണവന്റെ പതിവ്. അന്നു പക്ഷേ, ഉദ്വേഗപൂർവ്വം വീട്ടിൽക്കയറി പുസ്തകങ്ങൾ മേശപ്പുറത്തുവച്ച് പിതാവിനെ തേടി നടന്നു. വാഴയിലക്കീറിൽ അമ്മ വിളമ്പിയ ആവി പാറുന്ന ചേമ്പു പുഴുക്കും അടച്ചൂറ്റിയിൽ ഞെരിച്ച് വെളിച്ചെണ്ണയിൽ താളിച്ചെടുത്ത കാന്താരിച്ചമ്മന്തിയും അവൻ ആഹരിച്ചില്ല. ജോലിക്കാർക്കു നിർദ്ദേശങ്ങൾ നൽകി പറമ്പിൽ നിൽക്കുന്ന പിതാവിനെ കണ്ട് അവൻ പറഞ്ഞു.

"ഹൈസ്കൂൾ പഠനത്തിന് എവിടെപ്പോകും എന്നു പറഞ്ഞ് അപ്പച്ചന് വല്യ ആകുലതയല്ലായിരുന്നോ"

''അതേ കുഞ്ഞേ, വല്ലാത്ത ആകുലത തന്നെയായിരുന്നു. എന്നാൽ അതിനൊരു വഴി കർത്താവ് കാണിച്ചു തരുന്നുണ്ട്"

മിഷനറിമാർ പറഞ്ഞകാര്യം അപ്പച്ചനും അറിഞ്ഞോ എന്ന മട്ടിൽ അവൻ ചോദിച്ചു.

"ഏതു വഴി"

"ഈയിടെ ഞാൻ കണ്ടത്തിൽ വറുഗീസ് മാപ്പിളയെ ഓമല്ലൂർ പള്ളിയിൽ വച്ചു കണ്ടിരുന്നു. കോട്ടയത്ത് നമ്മുടെ പുലിക്കോട്ടിൽ തിരുമേനി ഒരു സഭാ ഹൈസ്കൂൾ തുടങ്ങാൻ പോകുന്നതായി കേട്ടു; എം.ഡി. സെമിനാരി ഹൈസ്കൂൾ. അതിന്റെ തറക്കല്ലിട്ടു കഴിഞ്ഞുവത്രേ. സ്കൂളിനോടു ചേർന്ന് ബോർഡിംഗും തുടങ്ങുന്നുണ്ടെന്നു പറഞ്ഞു"

കോട്ടയത്ത് പുലിക്കോട്ടിൽ മാർ ഡയോനീഷ്യസ് രണ്ടാമൻ സഭാപരമായ അനൈക്യം മാറ്റാനുള്ള ശ്രമത്തിലായിരുന്നു. കൂനൻകുരിശ് ശപഥത്തെ തുടർന്ന് മാർതോമാ നസ്രാണികൾ പുത്തൻകൂർ എന്നും പഴയകൂർ എന്നും പിളർന്നു മാറിയത് സഭാഗാത്രത്തിനേറ്റ മുറിവായിരുന്നു. അതിനെതിരെ ഐക്യസന്ദേശവുമായി പുലിക്കോട്ടിൽ തിരുമേനി തന്റെ സ്നേഹിതനും പണ്ഡിതനുമായ നിധിയിരിക്കൽ മാണി കത്തനാർ എന്ന കത്തോലിക്കാപുരോഹിതനുമായി ചേർന്ന് 'നസ്രാണി ജാത്യൈക്യ സംഘം' എന്നൊരു പ്രസ്ഥാനത്തിനു രൂപം നൽകി. അതിനെ തുടർന്ന് കോട്ടയം വുഡ്ലാൻഡ് എസ്റ്റേറ്റിൽ മാർ ഡയോസീഷ്യൻ ഹൈസ്കൂൾ എന്ന പേരിൽ ഒരു മികച്ച വിദ്യാലയം സമാരംഭിക്കാനും ശ്രമമാരംഭിച്ചു. ഡാറാ എന്ന സായിപ്പിന്റെ സഹകരണത്തോടെ ആ സ്കൂളിന്റെ മൂലക്കല്ല് 1888-ൽ സ്ഥാപിക്കുകയും ചെയ്തു.

കുഴിക്കാലാസ്കൂളിലെ ആംഗ്ളിക്കൻ മിഷനറിമാർ വാഗ്ദാനം ചെയ്ത ഉപരിപഠനസഹായത്തെപ്പറ്റി അവൻ പിതാവിനോട് വിശദമായി പറഞ്ഞു. തുടർന്ന്, അവൻ അതിനെപ്പറ്റിയുള്ള തന്റെ തീരുമാനവും അറിയിച്ചു.

"ഞാൻ പ്രാർത്ഥിച്ചാലോചിച്ചപ്പോൾ നമ്മുടെ ഈ നാട് വിട്ടു പോകേണ്ടാ എന്ന നിർദ്ദേശമാണ് മനസ്സിലുയരുന്നത്. തളർച്ചയിലായാലും വളർച്ചയിലായാലും ഈ നാടിനൊപ്പം കഴിയണമെന്നാണ് എന്റെ ആഗ്രഹം. നമ്മുടെ നാട്ടിൽ കിട്ടുന്ന സാഹചര്യങ്ങളൊക്കെ മതി എനിക്ക്"

പിതാവിന്റെ അഭിപ്രായവും അതുതന്നെയായിരുന്നു. അജയ്യതയുടെ പരിവേഷമുള്ള ഒരു ഭാവി വ്യക്തിത്വത്തെ ചെറിയാൻ എന്ന കൗമാരക്കാരനിൽ ആംഗ്ളിക്കൻ മിഷനറിമാർ കണ്ടെത്തിയിരുന്നു. ഇംഗ്ലണ്ടിലേക്ക് കൊണ്ടുപോയി ഈ ധിഷണശാലിയെ പഠനകുബേരനാക്കാനുള്ള അതീവ താല്പര്യത്തോടെ ആംഗ്ലിക്കൻ മിഷനറിമാർ തൊട്ടടുത്തദിവസം ഇടയിൽ തറവാട്ടിലെത്തി. ആശയം അവതരിപ്പിച്ചു. വിശ്വാസപരമായും സാമൂഹ്യപരമായും വൈരുദ്ധ്യമായ സാഹചര്യങ്ങളിൽ ചെന്നുപെടാതിരിക്കാൻ ചെറിയാനും അവന്റെ പിതാവും ജാഗരൂകരായിരുന്നു. അക്കരപ്പച്ചകളിൽ ഭ്രമിച്ചു പോകാതെ സ്വന്തം തട്ടകങ്ങളിൽ തൃപ്തരായി കർമ്മനിരതനാകാനുള്ള നിശ്ചയദാർഢ്യത്തോടെ അവർ നിലകൊണ്ടു.

12

അനൗപചാരിക പഠന പര്യടനം

മാർക്കിന്റെ കനം വച്ച സാക്ഷ്യപത്രത്തോടെ ഇ.ഐ. ചെറിയാൻ കുഴിക്കാലാ വിദ്യാലയത്തോട് വിട പറഞ്ഞു. ഒരു പ്രൈമറി വിദ്യാർത്ഥിയായി ഏതാനും കൊല്ലങ്ങൾക്കു മുമ്പ് ഈ കലാലയത്തിന്റെ പടി കയറിച്ചെന്ന ചെറുമനല്ല ഇന്നവൻ. ഏഴാംക്ലാസ്സ് ജയത്തോടെ ഇനി ഔദ്യോഗിക ഗുരുവായിത്തീരാൻ വേണ്ട പരിണതി തനിക്കു കൈവന്നിരിക്കുന്നു.

ചീക്കനാൽ ഗ്രാമത്തിൽ നിന്നുള്ള ആദ്യത്തെ പള്ളിക്കൂടം വാദ്ധ്യാർ എന്ന സവിശേഷതയോടെ ഏതെങ്കിലും സർക്കാർ വിദ്യാലയത്തിൽ അദ്ധ്യാപകനായി പ്രശോഭിക്കാം. എന്നാൽ കുറേക്കൂടി പഠിക്കണമെന്നാണു മനസ്സ് പറയുന്നത്.

വിവിധ മതാചാര്യന്മാർ, ദാർശനികർ, ഭാഷാപ്രവീണന്മാർ, ഇതരപണ്ഡിതന്മാർ ആദിയായവരുടെ നികടങ്ങൾ തേടിപ്പിടിച്ചുള്ള നിരന്തരസഞ്ചരണത്തിന്റെ നാളുകളായിരുന്നു പിന്നെ. ഒരു വലിയ ഗ്രന്ഥശേഖരം പാടേ അരിച്ചുപെറുക്കി വായിച്ചാൽ കിട്ടുന്നതിലേറെ സമ്പന്നമായിത്തോന്നി നേരിട്ടുള്ള ആ ഗുരുവദനസംവേദനങ്ങൾ. നിയതമായ ശിക്ഷണമാർഗ്ഗങ്ങളായിരുന്നില്ല അവ; ഗുരുവിന്റെ ശാരീരികക്ഷമതയും സമയലഭ്യതയും അനുസരിച്ചുമാത്രം നേദിക്കപ്പെട്ട അക്ഷരാമൃതം. കൂർമ്മ ബുദ്ധിയും അപാരമായ ഓർമ്മശക്തിയും അഗാധമായ ധാരണാസിദ്ധിയും ഒത്തിണങ്ങിയ മേധാബലം കരഗതമായിരുന്നിട്ടുപോലും ഗുരുമുഖത്തുനിന്നും കേട്ടവ അപ്പാടേ വളളിപുള്ളി വിസർഗ്ഗം വിടാതെ കടലാസിൽ കുറിച്ചെടുത്തു സൂക്ഷിച്ചു.

അറിവെന്ന പ്രണയിനിയെ പ്രാണബന്ധുവാക്കാനുള്ള ചെറിയാന്റെ അത്യുത്സാഹത്തിൽ ഗുരുക്കന്മാർ അതീവസംപ്രീതരായിരുന്നു. അവർ ഒരു പുരുഷായുസ്സാൽ ആർജ്ജിച്ച ജ്ഞാനത്തിന്റെ നവരത്നങ്ങൾ ആ ജ്ഞാനഭിക്ഷുവിന്റെ ആത്മപാത്രത്തിൽ വാരിച്ചൊരിഞ്ഞു കൊടുത്തു. അതുകൊണ്ടും തൃപ്തി പോരാതെ അവരിൽ പലരും തങ്ങൾ നിധി പോലെ തലമുറകളായി കാത്തുസൂക്ഷിച്ചു പോന്ന അമൂല്യഗ്രന്ഥശേഖരം പോലും അവനു സമ്മാനിച്ചു. മലയാളത്തിലും സംസ്കൃതത്തിലും തമിഴിലും ഇംഗ്ലീഷിലും വിരചിതമായ പ്രാമാണികങ്ങളായ അത്തരം അടിസ്ഥാന ഗ്രന്ഥങ്ങൾ ഇടയിൽ വീട്ടിലെ പുസ്തകശാലയെ ഏറെ സമ്പന്നമാക്കി. ഗണിതശാസ്ത്രത്തിലും ആയുർവേദത്തിലും അതിദുർലഭങ്ങളായ പുസ്തകങ്ങളും ചെറിയാനു ഗുരുസംപ്രീതിയായി ലഭിച്ചിരുന്നു.

ഇപ്രകാരമുള്ള സ്വയാർജ്ജിത ജ്ഞാനത്താൽ നിഷ്ഠാപരമായ ഒരു പത്താംതര വിജയിയേക്കാൾ ജ്ഞാനബലം അവൻ നേടിക്കഴിഞ്ഞിരുന്നു. അറിവിന്റെ നിറവായിത്തീർന്ന തന്റെ ഏറ്റം ഇളയവനായ ഈ പുത്രനെക്കുറിച്ച് പിതാവ് ഇട്ടിച്ചെറിയാ ഏറെ അഭിമാനിച്ചു. മഹിതമായ വംശപാരമ്പര്യത്തിന്റെ സ്വർണ്ണമാലയിൽ കാലം ചേർത്തുവച്ച പവിഴാലങ്കാരം പോലെയായിരുന്നു ആ ജന്മം. മറ്റ് മൂന്ന് ആൺമക്കളായ ഇട്ടിയും പൊടിയച്ചൻ എന്ന പെരുമാളും വറുഗീസും കൃഷിയിലും കച്ചവടത്തിലും ശോഭിച്ചവരാണ്. എങ്കിലും അവരുടെ നിറഞ്ഞ പത്തായങ്ങളുടെ സൗഭാഗ്യത്തേക്കാളും ഒരു പടി കൂടി മുന്നിട്ടു നിൽക്കുന്നതായി തോന്നി ഇളയപുത്രന്റെ ജ്ഞാനസമ്പാദ്യം.

13

കൂട്ടുസഖിത്വം

ജ്യേഷ്ഠന്മാർ മൂവരും വിവാഹിതരായി. പെങ്ങന്മാരും മംഗല്യ സൂത്രമണിഞ്ഞ് മൂന്നു വീടുകളിലേക്കു ചേക്കേറി. ഇനി ഏഴാമനായ തന്റെ ഊഴം. തറവാടിന്റെ പെരുമയ്ക്കൊത്ത വിധമുള്ള വിവാഹങ്ങളായിരുന്നു എല്ലാം. ഗ്രന്ഥപ്പുരയിലമർന്ന് ഇടവിടാതെ പ്രാമാണിക കൃതികൾ വായിച്ചും പള്ളിക്കാര്യങ്ങളിൽ വികാരിയുടെ വലംകയ്യായി നിന്ന് പ്രമാണിച്ചും സാമൂഹ്യവിഷയങ്ങളിൽ ആഴ്ന്നിടപെട്ടും കർമ്മകുശലനായി കഴിയുകയാണ് ഈ ഏഴാമൻ. അവന് ഇണയും തുണയുമായി ഒരുവളെ കണ്ടെത്തണം. അറിവിലും ആഭിജാത്യത്തിലും അവൾ സമ്പന്നയായിരിക്കണം. ദൈവവിചാരത്തെ മുന്നവിചാരമാക്കിയ സാധിയായിരിക്കണം. വിധേയപൂർണ്ണമായ പരിചരണോത്സാഹം അവളുടെ മുഖമുദ്രയാവണം. സരള മധുരമായ മൊഴികളാലും വിവേകത്തോടെയുള്ള പെരുമാറ്റത്താലും അലങ്കൃതയാവുകയും വേണം. അത്തരം ഗുണഗണങ്ങളുള്ള ഒരു ക്രൈസ്തവയുവതിയെ തേടി അപ്പൻ അന്വേഷണമാരംഭിച്ചു.

ഭാവിവധുവിനെപ്പറ്റിയുള്ള ചെറിയാന്റെ ഭാവനയും വ്യത്യസ്തമായിരുന്നില്ല. ഒരു കുട്ട പൊന്നും ഒരു വട്ടി പണവും മോഹിച്ചു ഭ്രമിക്കുന്ന കേവലനായ ഒരു സ്വപ്നാടകനല്ലായിരുന്നു അവൻ. അവന്റെ സ്വപ്നങ്ങളിൽ പഴയനിയമത്തിലെ പൂർവ്വപിതാക്കന്മാരുടെ കുടുംബജന്മം സാർത്ഥകമാക്കിയ സാറാ, റബേക്കാ, റാഹേൽ എന്നീ കുലസ്ത്രീകളായിരുന്നു. പുതിയനിയമത്തിൽ പൗലോസ് ശ്ലീഹാ എഴുതുന്ന രേഖാചിത്രത്തിലെ വിധേയത്വവും സൗശീല്യവുമൊത്തിണങ്ങിയ നാരീമണിയായിരുന്നു. പ്രാർത്ഥനാ ജപമാലയുടെ വഴികൾ താണ്ടി അവനും തന്റെ ഭാവിപ്രേയസിക്കായി കാത്തിരുന്നു.

ജാഗ്രത്തായ അന്വേഷണം ഓമല്ലൂർ പുത്തൻപീടിക കിഴക്കേതിൽ ജോസഫിന്റെ ഭവനത്തിൽ ചെന്നു നിന്നു. ജോസഫിന്റെയും നരിയാപുരത്തു രാമനാട്ടു കുടുംബാംഗമായ ഏലിയാമ്മയുടെയും മകൾ അന്നാമ്മയിൽ അവർ തങ്ങളുടെ സങ്കൽപ്പഗുണങ്ങളെല്ലാം കണ്ടു. അതീവ ദൈവഭക്തയും സൽസ്വഭാവസമ്പൂർണ്ണയും ആയിരുന്നു അവൾ. പഠിപ്പിലും പ്രാമാണികതയിലും മുന്നിട്ട മൂന്ന് ആങ്ങളമാരുടെ പുന്നാരപെങ്ങൾ. മൂത്ത ആങ്ങള വക്കീലായി പത്തനംതിട്ടയിൽ പ്രവർത്തിക്കുന്ന കെ.ജെ. വറുഗീസ്. കെ.ജെ. ഈശോ സാർ എന്നറിയപ്പെട്ടിരുന്ന രണ്ടാമത്തെ ആങ്ങള ഒരദ്ധ്യാപകൻ. കെ.ജെ. തോമസ് എന്ന സഹോദരൻ ബിസിനസ് രംഗത്തെ പ്രമുഖനും. ആച്ചിയമ്മ, മറിയാമ്മ എന്നീ രണ്ടു സഹോദരിമാരും അന്നാമ്മയ്ക്കുണ്ടായിരുന്നു.

കിഴക്കേതിൽ, ഇടയിൽ വീടുകളിൽ നിന്നുള്ള ബന്ധുക്കൾ പരസ്പരം ചെന്നു കണ്ടു കാര്യങ്ങൾ പറഞ്ഞുറപ്പിച്ചു. ഓമല്ലൂർ സെന്റ് തോമസ് വലിയപള്ളിയിൽ വച്ചായിരുന്നു വിവാഹം. 1897-ാം ആണ്ടിലെ ഒരു സുന്ദരദിനത്തിൽ.

ഇരുപത്തിമൂന്നാണ്ടുകളായി കാലം സമ്മാനിച്ചുകൊണ്ടിരുന്ന രൂപഭാവസമ്പന്നതയോടെ മണവാളൻ വിവാഹത്തിന്റെ ശുഭമുഹൂർത്തത്തിലേക്ക് വലംകാൽ വയ്ക്കുകയായിരുന്നു.

ഭംഗിയായി വെട്ടിയൊരുക്കിയ മുടി എണ്ണ മിനുപ്പോടെ മുകളിലേക്കു ചീകി ഒതുക്കി. മദ്രാസ് മല്മൽ കൊണ്ടു തുന്നിയ തൂവെള്ള മുഴുക്കയ്യൻ ജൂബ്ബാ അണിഞ്ഞു, കസവിന്റെ കരയുള്ള വെള്ള മുണ്ടും. കനം വച്ചു തുടങ്ങിയിരിക്കുന്ന മേൽമീശയും കൂറ്റൻ ചെവിക്കുടകളും കട്ടികൂടിയ പുരികങ്ങളും ഉയർന്ന നാസികയും ആ മുഖത്തിന്റെ സ്വതവേയുള്ള ഗാംഭീര്യത്തെ വർദ്ധിപ്പിക്കുന്നു. പിതാവിന്റെയും ജ്യേഷ്ഠന്മാരുടെയും അകമ്പടിയോടെ അവൻ ഓമല്ലൂർ ദേവാലയത്തിലെത്തി.

ക്രിസ്തുവിന്റെ ഭാഷയിൽ, അവരിരുവരും ഏകശരീരമായിത്തീരുന്ന രഹസ്യാത്മകത ചൂഴ്ന്ന കൗദാശിക ശുശ്രൂഷകൾ. മിന്നുമാല അന്നാമ്മയുടെ കഴുത്തിൽ ചാർത്തി പവിത്രമായ ആ ദാമ്പത്യബന്ധത്തിന്റെ നാന്ദി കുറിക്കപ്പെടുകയായിരുന്നു.

14

ദീപമായ് തറവാട്ടമ്മ

ഒരു പുത്തനുണർവ്വിന്റെ വാതായനമാണ് കാലം തനിക്കു മുമ്പിൽ തുറന്നിടുന്നത്. ഉള്ളിൽ മുളയ്ക്കുന്ന ആശയങ്ങൾക്കും ആലോചനകൾക്കും വെള്ളവും വളവുമായി ഒരു വളക്കൈകൾ ഒപ്പമുണ്ടായിരിക്കുന്നു. കുലീനത്വം തുടിച്ച സൗമ്യസാന്നിദ്ധ്യമായി അന്നാമ്മ ഇടയിൽ വീട്ടിൽ ഒരു നിലവിളക്കുപോലെ തെളിഞ്ഞു നിന്നു. പരിചരണസാന്നിദ്ധ്യമായി പിതാവിന്റെ മുമ്പിലും കൈത്തോഴിയെന്നപോലെ കൈമെയ് മറന്നുള്ള അദ്ധ്വാനമായി അമ്മയുടെ സവിധത്തിലും വിധേയഭാവമാർന്ന ശാലീന പ്രേയസിയായി ഭർത്തൃസന്നിധിയിലും അവൾ ശോഭിച്ചു. ഇടയിൽ വീടിന്റെ അകത്തളങ്ങളിൽ അവളുടെ ശ്രദ്ധ ആവശ്യമായിരുന്ന തലങ്ങൾ വിവിധങ്ങളായിരുന്നു. ഒരു സാധാരണ വീട്ടമ്മയെ സംബന്ധിച്ച് മുറ്റമടിക്കലും അടുക്കളപ്പണിയും തറതുടയ്ക്കലും മറ്റുമാവാം ചര്യങ്ങൾ. എന്നാലിവിടെ അതിലുപരിയായിരുന്നു ധർമ്മങ്ങൾ. നാടിന്റെ അഭയകുടീരമെന്നു കരുതാവുന്ന വീടാണത്. നാനാ ദിശകളിൽ നിന്നും ദിനംപ്രതി വിവിധ കാരണങ്ങളാൽ ആ ഭവനാങ്കണത്തിലും ഭവനാന്തരത്തിലും എത്തുന്നവർ ഏറെയാണ്. അവരെ യഥോചിതം സ്വീകരിക്കണം. തദവസരത്തിൽ ഭർത്താവ് അവിടെയില്ലെങ്കിൽ ആഗതരിൽ നിന്നും ആഗമനോദ്ദേശ്യം ആരാഞ്ഞറിയുകയും അവ കൃത്യമായി അദ്ദേഹം തിരിച്ചെത്തുമ്പോൾ അറിയിക്കുകയും വേണം. പുസ്തകങ്ങളും ആധാരരേഖകളും മറ്റും സൂക്ഷിച്ചുവച്ചിരിക്കുന്ന ഒരു പ്രത്യേക മുറിയുണ്ട്. അവിടെ ഇരുന്നാണ് ചെറിയാന്റെ വായനയും പഠിപ്പും എഴുത്തും മറ്റും. തുറന്നിടുന്ന ജനാലകൾ വഴി വീശിയടിക്കുന്ന വയൽക്കാറ്റിന്റെ ബലാൽക്കാരത്താൽ മേശപ്പുറത്തു നിന്നു നിലത്തു ചിതറിവീഴുന്ന കടലാസുകൾ മുറപ്രകാരം അടുക്കി വയ്ക്കണം. കഞ്ഞിപ്പശയിട്ട് ഉണക്കിയെടുക്കുന്ന മുണ്ടും ജൂബ്ബയും ഇസ്തിരിയിട്ട് മടക്കി അലമാരയിൽ വയ്ക്കണം. ഉദയാസ്തമന വേളകളിൽ നിലവിളക്ക് കൊളുത്തി ഏവർക്കും നിലത്തിരുന്നു പ്രാർത്ഥിക്കാൻ പാകത്തിൽ തഴപ്പായകൾ വിരിച്ച് പ്രാർത്ഥനാമുറി സജ്ജീകരിക്കണം. 'സേവനമാണാരാധന' എന്ന പുരാണോക്തി അന്വർത്ഥമാക്കുമാറ് ആ സാധ്വി ഇവയെല്ലാം നിറഞ്ഞ മനസ്സോടും പ്രസന്നമുഖത്തോടും നിറവേറ്റിക്കൊണ്ടിരുന്നു.

ചെറുമകൻ ഇ.ഐ. ചെറിയാൻ, വാദ്ധ്യാർ സ്മരണികയുടെ മുഖവുരയിൽ ആ വലിയമ്മച്ചിയെ നേരിൽക്കണ്ട ഒരനുഭവത്തിന്റെ വെളിച്ചത്തിൽ ഇങ്ങനെയെഴുതി

"വീട്ടുകാര്യങ്ങൾ ക്രമമായി ചിട്ടപ്പെടുത്തുന്നതിൽ വലിയമ്മച്ചിയുടെ പങ്ക് വളരെ വലുതായിരുന്നു. പ്രത്യേക സന്ദർഭങ്ങളിലും മറ്റും സാധനസാമഗ്രികൾ വീട്ടിലുള്ളത് ക്രമപ്പെടുത്തികൊടുക്കുന്നത് വീട്ടുകാരും വേണ്ടപ്പെട്ടവരുമത്രേ. ആർക്കും പ്രതിഫലം പണമായി കൊടുക്കേണ്ട ആവശ്യമില്ലാത്ത കാലം. ഇതെല്ലാം അക്ഷരാർത്ഥത്തിൽ വിദൂരനിയന്ത്രണത്തിൽ ചെയ്യിക്കുന്നത് വലിയ സാമർത്ഥ്യവും കാര്യക്ഷമതയുമുള്ള ധർമ്മനിഷ്ഠയായ സഹധർമ്മിണി, ഞങ്ങളുടെ വലിയമ്മച്ചി"

15

ചൊല്ലറിവുകളുടെ സന്നിധാനം

അനൗപചാരിക പാഠശാലയായിരുന്നു ആ വീട് എന്നു പറയാം. അത്രയും വൈവിദ്ധ്യമാർന്ന വിഷയങ്ങളെ അധികാരിച്ചുള്ള വിപുലമാർന്ന ഗ്രന്ഥശേഖരം അവിടെയുണ്ടായിരുന്നു. യന്ത്രവൽകൃത നവീനസംരംഭങ്ങൾ കേട്ടുകേൾവിയിൽ പോലുമില്ലാത്ത കാലം. കോട്ടയത്തു കത്തോലിക്കരുടെ വകയായി തുടങ്ങിയ ദീപികപ്പത്രവും കണ്ടത്തിൽ കുടുംബക്കാരുടെ വകയായുള്ള മലയാള മനോരമ പത്രവും ഒക്കെ ജനസാമാന്യത്തിന് വിസ്മയകരമായ പുരോഗതികൾ. ആഴ്ചയിൽ ഒരു പതിപ്പുമാത്രമാണ് അന്നത്തെ പത്രം. ദിനപത്രമെന്നു പറഞ്ഞു കൂടാ, വാരപത്രം എന്നു പറയേണ്ടി വരും. അവ ഇടയിൽ വീട്ടിൽ എത്തിക്കൊണ്ടിരുന്നു. ആത്മീയപരമായ ഒന്നു രണ്ടു പ്രസിദ്ധീകരണങ്ങളും വരുന്നുണ്ടായിരുന്നു. ലോകവാർത്തകളും നാട്ടുവാർത്തകളുമൊക്കെ കേട്ടറിയാനും വായിച്ചറിയാനുമായി നാട്ടുകാർ ആ വീട്ടുമുറ്റത്ത് സമ്മേളിക്കുമായിരുന്നു. വായനക്കാരെ ആകർഷിക്കാനായി പത്രങ്ങളിൽ ഉദ്വേഗപൂർണ്ണമായ കുറ്റാന്വേഷണ കഥകൾ ചേർത്തിരുന്നു. അവ ഒരാഴ്ചപോലും മുടക്കാനാവാത്ത അടിമത്ത മനോനിലയിലെത്തിയവരും ഇടയിൽ വീട്ടുമുറ്റത്തെ ചിരസന്ദർശകരായിരുന്നു. വിശാലമായ മുറ്റത്ത് മരത്തണലുകളിൽ സ്ഥാപിച്ചിരുന്ന കൽബഞ്ചുകളിൽ അവരുടെ വായനാ സായാഹ്നങ്ങൾ തുടർന്നു പോന്നു.

പൂമുഖത്തെ ചാരുകസേരയിൽ ഇരുന്ന് ശ്രീ. ചെറിയാൻ, ബൈബിളും ഭാഗവതവും മറ്റും ശുദ്ധാക്ഷരസ്വരമഹിമയോടെ ഈണത്തിൽ വായിക്കുമായിരുന്നു. അന്നു ബൈബിളിന്റെ അച്ചടി രൂപം പള്ളികളിൽ പോലും വിരളമായിരുന്നു. ബൈബിൾ ഉള്ള വീടുകൾ ഇല്ലെന്നു തന്നെ പറയാം. വേദപുസ്തക കഥകളും സുവിശേഷ വ്യാഖ്യാ

നങ്ങളും മറ്റും വൈദികരുടെ പള്ളിപ്രസംഗങ്ങളിൽ നിന്നു മാത്രം ലഭ്യമായിരുന്ന കാലം. മിഷനറി സായിപ്പന്മാരിൽ നിന്നും കിട്ടിയ ഒരു ഇംഗ്ലീഷ് ബൈബിൾ ചെറിയാൻ നിധി പോലെ സൂക്ഷിക്കുന്നുണ്ട്. എന്നാൽ ചാവടിയിലിരുന്ന് അദ്ദേഹം പാരായണം ചെയ്യുന്നത് ഓമല്ലൂർ പള്ളിയിൽ ചെന്ന് നോട്ടുബുക്കിൽ പകർത്തിയെഴുതിയ സുവിശേഷഭാഗങ്ങളാണ്. വിശുദ്ധ വേദപാരായണം കേൾക്കുന്നതു തന്നെ പുണ്യമാണെന്നു കരുതി സായന്തനങ്ങളിൽ ആ തറവാട്ടങ്കണത്തിൽ സ്ഥിരമായി ഇരിപ്പുറപ്പിക്കാറുണ്ടായിരുന്നു ചിലർ. അവർ ക്രമേണ ചെറിയാന്റെ ആലോചനാസമിതിയിൽ ചേർക്കപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ആലോചനകളെല്ലാം ഗ്രാമോദ്ധാരണ സംബന്ധിയായിരുന്നു. വിശന്ന വയറുമായി വീട്ടിലെത്തുന്നവർക്ക് അന്നാമ്മ അന്നം വിളമ്പി തൃപ്തിപ്പെടുത്തിയിരുന്നു. അതിലുപരി ഈ ജനത്തിന്റെ പരിതാപകരമായ പരിതാവസ്ഥകൾക്കുള്ള ശാശ്വതപരിഹരമാർഗ്ഗങ്ങളെപ്പറ്റിയായിരുന്നു ചെറിയാന്റെ പര്യാലോചനകൾ.

16

സംസ്കൃതിയുടെ വിത്തുവിതച്ച്

അക്ഷരോർജ്ജത്തിലൂടെ പുരോഗതിയുടെ ചക്രവാളങ്ങൾ മനസ്സിൽ അങ്ങനെ വികസ്വരമായിക്കൊണ്ടിരിക്കുകയാണ്. നിസ്വാർത്ഥമായി നാടിന്റെ ഉയർച്ചയ്ക്കുവേണ്ടി സ്വയംസമർപ്പിക്കപ്പെട്ട ദേശസ്നേഹികളായ പലരെപ്പറ്റിയും ചെറിയാൻ, വായിച്ചറിഞ്ഞിട്ടുണ്ട്. അത്തരത്തിലൊരാളാണ് റാവു ബഹദൂർ റ്റി.എം. അപ്പു നെടുങ്ങാടി. തൃശിവപേരൂരിൽ നിന്നും തപാലിൽ വരുന്ന ഒരു വാരാന്തപ്പതിപ്പിൽ അദ്ദേഹത്തെപ്പറ്റിയുള്ള വിവരണം കണ്ടു. അക്ഷരങ്ങളിലൂടെയും ധനസ്വരൂപസംരംഭങ്ങളിലൂടെയും തന്റെ നാടിനെ സുസ്ഥിതിയിലേക്കാനയിക്കാൻ നൂതനമാർഗ്ഗങ്ങൾ ആവിഷ്ക്കരിച്ച പരിഷ്കർത്താവായ അപ്പു നെടുങ്ങാടിയോട് പല കാരണങ്ങളാൽ വല്ലാത്തൊരു സാധർമ്മ്യം തോന്നിപ്പോയി. അദ്ദേഹത്തെപ്പോലെ അക്ഷരവെളിച്ചത്തെ വഴിവിളക്കാക്കിയവനാണ് താനും. മലയാളഭാഷയിൽ രചിക്കപ്പെട്ട ആദ്യത്തെ നോവലായി അദ്ദേഹത്തിന്റെ 'കുന്ദലത' സാഹിത്യചരിത്രത്തിൽ വാഴ്ത്തപ്പെടുന്നു. ദേശപുരോഗതിക്കായി അഭൂതപൂർവ്വമാർഗ്ഗങ്ങൾ തേടുന്ന ഉത്പതിഷ്ണുവായതുകൊണ്ടല്ലേ അദ്ദേഹം നൂതനം എന്നർത്ഥം വരുന്ന നോവൽ എന്ന രചനാപരീക്ഷണത്തെ മലയാളിക്കു മുമ്പിൽ ഇദംപ്രഥമമായി അവതരിപ്പിച്ചത്. ഒപ്പം വൈയക്തികമായോ സമഷ്ടിപരമായോ ഉള്ള സുസ്ഥിരസുരക്ഷിത ജീവൽഗതിക്ക് അനിവാര്യമായ ധനത്തെ സമാഹരിച്ച് മലയാളദേശത്ത് ആദ്യമായി അദ്ദേഹം ഒരു ബാങ്കും സ്ഥാപിച്ചിരിക്കുന്നു. അക്കങ്ങളുടെ വിസ്മയകരമായ പെരുക്കത്തെപ്പറ്റി ബോധ്യമുള്ള ഒരു ഗണിതശാസ്ത്ര വിശാരദനായ തനിക്ക് അത്തരമൊരു സാമ്പത്തികസംരംഭം സമാരംഭിക്കാൻ അപ്പു നെടുങ്ങാടി പ്രേരണയായിത്തീരുന്നു.

"തനിക്കീ ജനത്തെ കണ്ട് കരുണ തോന്നുന്നു" എന്ന വേദവാക്യം ചെറിയാന്റെ ഹൃദയത്തിൽ സഹാനുഭൂതിയുടെ കനലുകൾ കത്തിച്ചുകൊണ്ടിരുന്നു. ആ താപോർജ്ജത്തിന്റെ ശക്തിയാൽ നാട്ടുപരിഷ്ക്കാരത്തിന്റെ ഏതാനും നൂതനസംരംഭങ്ങൾക്കായി ആ യുവധീമന്റെ മനസ്സ് പാകപ്പെട്ടുകഴിഞ്ഞിരിക്കുന്നു.

ഉത്തമശിക്ഷകനാകാനല്ലെങ്കിൽ തനിക്കെന്തിനാണ് അറിവിന്റെ ഊർജ്ജം നിയതി പകർന്നു തന്നത്! അദ്ധ്യാപന സിദ്ധിയുടെ തിരി തെളിച്ച് അജ്ഞാതാന്ധകാരങ്ങളിൽ പ്രകാശിക്കാനുള്ളതാണ് തന്റെ ജീവൽനിയോഗമെന്ന് പണ്ടേ തിരിച്ചറിഞ്ഞിരുന്നു. പ്രായോഗിക പരിജ്ഞാനവും അപരിനിലേക്ക് അറിവ് അഭിസംക്രമിപ്പിക്കാനുള്ള ശക്തിയുമാണ് നല്ല ശിക്ഷകനുവേണ്ട രണ്ടു കഴിവുകൾ എന്ന് 'മാളവികാഗ്നിമിത്ര'ത്തിലൂടെ കാളിദാസമഹാകവി ചൂണ്ടിക്കാട്ടുന്നുണ്ടല്ലോ.

'ശിഷ്ടാ ക്രിയാ കസ്യ ചിദാത്മസംസ്ഥാ
സംക്രാന്തി രന്യസ്യ വിശേഷയുക്താ
യസ്യോഭയം സാധു സശിക്ഷ കാണാം
ധുരി പ്രതിഷ്ഠാ പയിതവ്യ ഏവ".

തന്റെ ചുറ്റുപാടുമുള്ള ജനങ്ങൾ വിദ്യാഭ്യാസപരമായും സാമ്പത്തികമായും ദരിദ്രരരാണ്. ഈ മേഖലകളിൽ അവരെ സ്വയംപര്യാപ്തരാക്കാനുള്ള വഴികളാണു തേടുന്നത്. സ്വഗ്രാമത്തിൽ ഒരു വിദ്യാലയം സ്ഥാപിക്കാൻ കഴിഞ്ഞാൽ അതു നാടിന്റെ വളർച്ചാഹേതുവായി മാറും. പഠിപ്പിന്റെ ബൗദ്ധികവ്യായാമത്തിൽ നിന്നകന്ന് ശുഷ്ക്കമസ്തിഷ്കങ്ങളോടെ ബാല്യം മുതൽ അടിയാളന്മാരായി കൂലിവേല ചെയ്തു തടിയുടയുന്ന കരുമാടികൾക്ക് തന്റെ വിദ്യാലയത്തിൽ പ്രവേശനം സാദ്ധ്യമാകണം. കുബേര കുമാരന്മാർക്കൊപ്പം ഒരു ബഞ്ചിലിരുന്ന് ആ കരുമാടികളും അക്ഷരപ്രകാശം നേടി മാനവികതയുടെ സ്വാതന്ത്ര്യം ആസ്വദിക്കട്ടെ. പ്രബലമതവിഭാഗത്തിനു മാത്രമായി വിദ്യാഭ്യാസം എന്ന ചിന്ത മാറ്റപ്പെടണം. വിദ്യാദാനം സാർവ്വത്രികമാകണം. അതുവഴി സമൂഹം ഒന്നിച്ചുണരണം, വളരണം. അറിവിന്റെ ചുരികയാൽ ഭേദചിന്തകൾ അരിയപ്പെടുകയും സമഭാവം സാർവ്വത്രികമാവുകയും വേണം.

എന്നാൽ ഒരു വിദ്യാലയസ്ഥാപനം അത്യന്തം ക്ലേശപൂർണ്ണമാണ്. തികച്ചും നിസ്വാർത്ഥപൂരിതമായ ഒരു ധർമ്മമാണിത്. എല്ലാ കുഞ്ഞുങ്ങളിലും അറിവിന്റെ ചെരാതുകൾ തെളിച്ച് ഗ്രാമാന്തരങ്ങളെ പ്രഭാമയമാക്കുക എന്നതു മാത്രമാണ് ലക്ഷ്യം.

ഈ ദീപ്തപദ്ധതി ഒരു ഒറ്റയാൾ പോരാട്ടമാണ്. കരഗതമായ സ്വത്തും സിദ്ധികളുമൊക്കെ കൈയയച്ച് ചെലവിടേണ്ടി വരും.

‘കൊടുക്കുന്തോറുമേറിടും’ എന്ന ചൊല്ല് വിദ്യയെപ്പറ്റിയാണ്, മറിച്ച് വ്യയം ചെയ്യുന്ന ധനത്തെപ്പറ്റിയല്ല. പണം വളമായിത്തീർന്ന് സംസ്ക്കാരപുഷ്പങ്ങൾ വിടർത്തി നാടിനെ പരിമളപൂരിതമാക്കുന്ന പരിണാമപ്രക്രിയയാണിത്. ക്രിസ്ത്യൻ മിഷനറിമാരുടെ അത്തരം നിസ്വാർത്ഥ സേവനഫലമായല്ലോ തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലുമെല്ലാം അറിവിന്റെ മനോജ്ഞസൗരഭ്യസൂനങ്ങൾ വിരിഞ്ഞു നിൽക്കുന്നത്. കുഴിക്കാലായിലെ അത്തരമൊരു വിദ്യാനിലയത്തിൽ നിന്നുമല്ലോ താനും ലോകപരിജ്ഞാനവും ശാസ്താവബോധവും കടം കൊണ്ടത്. തികച്ചും സൗജന്യമായി താൻ നേടിയ ആ നന്മയുടെ ദീപയഷ്ടിയിൽ നിന്നും മറ്റുള്ളവരിലേക്ക് നാളം പകർന്നു നൽകേണ്ടത് ഒരനിവാര്യധർമ്മമല്ലേ! ആ ലക്ഷ്യത്തിനു മുമ്പിൽ വഴിമുടക്കാവുന്ന പ്രതിബന്ധങ്ങളെ പ്രാർത്ഥനയാലും ഇച്ഛാശക്തിയാലും അതിജീവിക്കാനാവും എന്ന പ്രതീക്ഷ ചെറിയാനുണ്ടായിരുന്നു.

ആത്മൈക്യമുള്ള ഏതാനും പ്രമുഖരായ ഉത്പതിഷ്ണുക്കളുമായി ചെറിയാൻ തന്റെ സ്വപ്നപദ്ധതി ചർച്ച ചെയ്തു. കേവലം ഇരുപത്തഞ്ചാം വയസ്സിൽ ഇത്ര ഉദാത്തമായൊരു ലക്ഷ്യത്തെ മുൻനിർത്തി തന്റെ സർവ്വസിദ്ധികളെയും ഏകോപിപ്പിക്കാൻ യത്നിക്കുന്ന ഈ ജ്ഞാനകുബേരന്റെ മുമ്പിൽ അവർ ആശ്ചര്യഭരിതരായി നിന്നു.

ഒരു സമൂഹത്തിന്റേതായിപ്പോലും ഇത്തരമൊരു സംരംഭം അത്രകണ്ട് സുകരമല്ല. പിന്നെയല്ലേ ഒരു വ്യക്തിയുടേതായി ഒരു വിദ്യാലയം ആവിർഭവിക്കാൻ പോകുന്നു! എങ്കിലും എല്ലാവരേയും സഹകരിപ്പിച്ച് മുന്നേറാനുള്ള ചെറിയാന്റെ കഴിവിനെപ്പറ്റി ആർക്കും സംശയമൊട്ടില്ല താനും.

17

ഓമല്ലൂരിലെ ആദ്യവിദ്യാലയം

ചെറിയാന്റെ ആലോചനകൾക്കുമുമ്പിൽ വികാരിയച്ചൻ അകമഴിഞ്ഞാനന്ദിച്ചു. “നിന്റെ സഹോദരനെവിടെ?” എന്ന പുരാതനചോദ്യം ദൈവം തന്റെ പുനരാഗമനത്തിലും ഉന്നയിക്കും എന്നാണ് അച്ചന്റെ പക്ഷം. അപ്പോൾ “ഞാനോ അവന്റെ കാവലാൾ” എന്ന് അധമനായ കായീനെപ്പോലെ പ്രതികരിക്കാൻ ഒരുവനും ഇടയാകരുത് എന്നാണ് അച്ചന്റെ ഭാഷ്യം. അതായത്, സഹജീവികളെ സമഭാവേന ദർശിക്കാനുള്ള ആത്മീയോൽക്കർഷത്തിലേക്ക് നാം സംക്രമിക്കണം. അപരനിൽ ഈശ്വരനെ കാണാനാവുന്നില്ലെങ്കിൽ ഒരുവന്റെ ദേവാലയപൂജകൾ കൊണ്ട് എന്തർത്ഥം എന്നാണ് അച്ചന്റെ വാദം. അങ്ങനെ ഇടവക കത്തനാരുടെ ആശിർവാദം നേടി വർദ്ധിതോത്സാഹത്തോടെ ചെറിയാൻ, തന്റെ ഉദ്യമങ്ങൾക്ക് നാന്ദി കുറിച്ചു.

ചീക്കനാലിന്റെ ഹൃദയഭാഗത്തുള്ള സ്വന്തം തറവാട്ടുവക ഭൂമിയിൽത്തന്നെ പാഠശാല പടുക്കാൻ കളമൊരുക്കി. ബഹുജനം ഒപ്പം ഉണ്ടായിരുന്നു. ആളും അർത്ഥവുമായി നാനാജാതി മതസ്ഥരായ നാട്ടുകാർ ഉത്സാഹിച്ചു. ആകാശകുസുമം കണക്കേ അതിവിദൂര സ്വപ്നമായ ഒരു വിദ്യാലയം സ്വന്തം ഭൂമികയിൽ സാദ്ധ്യമാകാൻ പോകുന്നു എന്ന അതിശയ വാർത്തയറിഞ്ഞ് നാട്ടാരുടെ ആഹ്ലാദവും അഭിമാനവും വാനോളമുയർന്നു. സർവ്വരുടേയും കാത്തിരിപ്പിനൊടുവിൽ 1900-ാം ആണ്ടിൽ ആ മഹോദ്യമം സഫലമായി. വെട്ടുകല്ലും കുമ്മായവും ചേർത്ത് കെട്ടിപ്പൊക്കി വെള്ള തേച്ച രണ്ടു മൂന്നു മുറികളുള്ള ഒരു നെടുംശാല. മേൽക്കൂരയിൽ മെടഞ്ഞ തെങ്ങോലകൾ അടുക്കി വിതാനിച്ചു.

കേരളത്തിൽ നാട്ടുഭാഷാ വിദ്യാലയങ്ങൾ ആരംഭിച്ചത് റാണി ഗൗരി പാർവ്വതീഭായിയുടെ 1819-ലെ വിളംബരത്തെ തുടർന്നാണ്. അതോടെ ഓരോ സ്കൂളിനും അൻപതു പണം അഥവാ ഏഴു രൂപാ ശമ്പളത്തിൽ രണ്ട് അദ്ധ്യാപകരെ നിയമിക്കാമെന്നായി. ഇടയിൽ വിദ്യാലയം തുടങ്ങാറായപ്പോഴേക്കും വിദ്യാഭ്യാസനിയമങ്ങൾ വീണ്ടും മാറി. അദ്ധ്യാപകരുടെ യോഗ്യതകൾ, പാഠ്യപദ്ധതി, കെട്ടിടങ്ങൾ, ഫർണീച്ചർ, പഠനസഹായക കാര്യങ്ങൾ എന്നിവയെപ്പറ്റിയെല്ലാം ഏറെ വ്യക്തമായ നിർദ്ദേശങ്ങൾ അതോടെ സർക്കാരിന്റെ പക്ഷത്തുനിന്നുണ്ടായി. അന്നു മുതലാണ് സ്കൂൾ വിദ്യാഭ്യാസ കാലത്തെ പ്രൈമറി സ്കൂൾ, മിഡിൽ സ്കൂൾ, ഹൈസ്കൂൾ എന്നിങ്ങനെ തരംതിരിച്ചത്.

ആദ്യകാല സ്കൂൾ പഠനത്തിന് ഫീസ് കൊടുക്കണമായിരുന്നു. അതിനാൽ തന്നെ നിരർത്ഥർക്ക് വിദ്യാഭ്യാസം അപ്രാപ്യമായ ഒന്നായി മാറി. പണമായിത്തന്നെ ഫീസ് നൽകണമെന്നില്ലായിരുന്നു. ആശാന്മാർക്ക് രക്ഷാകർത്താക്കൾ ദക്ഷിണയും കാഴ്ചവസ്തുക്കളും മറ്റും സമർപ്പിച്ചിരുന്നു. നിലത്തെഴുത്തിലൂടെ കൂട്ടി വായിക്കാൻ പഠിച്ചവരെ ഗുരുക്കന്മാർ അന്ന് ഗണിതവും ജ്യോതിഷവും അമരകോശവും സിദ്ധരൂപവും അഷ്ടാംഗഹൃദയവും കാവ്യവും മറ്റും പഠിപ്പിച്ചിരുന്നു.

റാണിഗൗരി പാർവ്വതീഭായിയുടെ വിദ്യാഭ്യാസ വിളംബരത്തിനു ഏതാണ്ടു നൂറു കൊല്ലം പിന്നിട്ടപ്പോഴേക്കും നാട്ടുവിദ്യാലയങ്ങൾക്ക് സർക്കാർ വക ഗ്രാന്റ് ഏർപ്പെടുത്തപ്പെട്ടു. എങ്കിലും അദ്ധ്യാപകശമ്പളത്തിനും സ്കൂൾ കെട്ടിടത്തിന്റെ കേടുപോക്കലിനും മറ്റുമായി അനിവാര്യമാകുന്ന തുകയുടെ ഏതാണ്ടു പാതി മാത്രമേ സർക്കാർ ഗ്രാന്റായി കിട്ടിയിരുന്നുള്ളൂ. വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന സമ്പ്രദായം നിർത്തണമെന്ന് രക്ഷാകർത്താക്കളും അദ്ധ്യാപകർക്കുള്ള ശമ്പളം പൂർണ്ണമായും സർക്കാർ ചെലവിലാകണമെന്ന് സ്കൂൾ നടത്തിപ്പുകാരും മുറവിളി ഉയർത്തുന്നുണ്ടെങ്കിലും സർക്കാർ അവയൊന്നും ഗൗനിച്ചില്ല. ഇങ്ങനെയെല്ലാമുള്ള സാമ്പത്തികഭാരം മുന്നിൽക്കണ്ടുകൊണ്ടു തന്നെയാണ് ചെറിയാൻ, തന്റെ ആദ്യവിദ്യാലയം സമാരംഭിക്കുന്നത്.

ഓമല്ലൂർ ഭൂമികയിലെ ആദ്യവിദ്യാലയത്തിന്റെ ഉദ്ഘാടനം നാടിനൊരുത്സവമായി. പനയോലകൾ കൊണ്ട് സ്വാഗത കമാനം കലാപരമാക്കി. കുരുത്തോലത്തോരണങ്ങൾ കൊണ്ട് ചുറ്റുപാടുകൾ അലങ്കരിച്ചു. വിശിഷ്ടാതിഥികൾക്ക് വേണ്ട ഇരിപ്പിടങ്ങൾ ഇടയിൽ വീട്ടിൽ നിന്നും കൊണ്ടു വന്ന് വേദിയിൽ നിരത്തി. പൊന്നു പോലെ മിനുക്കിയെടുത്ത നിലവിളക്കിൽ അന്നാമ്മ എണ്ണ പകർന്ന് തിരിയിട്ട് സജ്ജമാക്കി.

ഉദ്ഘാടകൻ തന്റെ പ്രഭാഷണത്തിലുടനീളം ഇടയിൽ വീട്ടിൽ ചെറിയാനെ വിശേഷിപ്പിച്ചത് ചെറിയാൻ സാർ എന്നായിരുന്നു. സാർ എന്നു വിളിപ്പേരുള്ളവർ അന്നാട്ടിൽ തുലോം കുറവായിരുന്നു. ആ വിളി ജനം ഏറ്റെടുത്തു. ഇടയിൽ വാദ്ധ്യാരെന്നും ചെറിയാൻ സാറെന്നുമുള്ള സമാദരവിശേഷണം ആ നാട്ടിലെ സർവ്വരുടേയും ചുണ്ടുകളിൽ വഴക്കമൊഴികളായി മാറി. ആദ്യസ്കൂളിന്റെ പ്രഥമാദ്ധ്യാപകനും മാനേജരുമായി അങ്ങനെ ആ ഇരുപത്തിയഞ്ചുകാരൻ നാടിന്റെ വിളക്കുമരമായി പ്രകാശിക്കുകയായിരുന്നു.

18

തുയിലുണർവ്വിന്റെ ശംഖൊലി

കുറുത്ത ചായം തേച്ച ചുമരിൽ ചോക്കുകൊണ്ട് വെളുത്ത അക്ഷരങ്ങൾ ആലേഖനം ചെയ്യുന്ന രീതി കുട്ടികൾക്ക് കൗതുകകരമായ ആദ്യാനുഭവം. ചെറിയാൻ സാർ ക്ലാസ്സിലെത്തിയാൽ ആദ്യം ചോക്കുകൊണ്ട് ബോർഡിൽ ചിന്തോദ്ദീപകങ്ങളായ ചില വാക്യങ്ങൾ കുറിച്ചിടും. അവ കുട്ടികളെക്കൊണ്ടു വായിപ്പിക്കുകയും ഹൃദിസ്ഥമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഉദ്ഘാടനം കഴിഞ്ഞുള്ള ആദ്യ ദിനത്തിൽ അദ്ദേഹം കുറിച്ചുവച്ചത് ബൈബിളിലെ പ്രഭാഷകൻ എന്ന ഭാഗത്തുനിന്നും കൈക്കൊണ്ട ഒരു വാക്യമായിരുന്നു. "വെള്ളി മുടക്കി വിദ്യ നേടിയാൽ വളരെയേറെ സ്വർണ്ണം കരസ്ഥമാക്കാം" എന്നതായിരുന്നു ആ വാക്യം. ജ്ഞാനാർജ്ജവത്തിലൂടെ സാംസ്ക്കാരികൗന്നത്യത്തിലെത്താൻ അദ്ദേഹം ഓരോ ജ്ഞാനാർത്ഥിയേയും ഉത്സാഹിപ്പിച്ചു.

സംസ്ക്കാരത്തിലേക്കുള്ള ആദ്യപടി ഒരുമയുടേതാവണം എന്നദ്ദേഹം വിശ്വസിച്ചു. ജന്മനാടിന് കഴിയാതെ പോയ ഒന്നാണ് ഈ ഒത്തൊരുമ. സാമൂഹ്യവ്യവസ്ഥ മനുഷ്യരെ ഭിന്നിപ്പിച്ച് അകറ്റിയിരിക്കുന്നു. ഇവിടെ തന്റെ വിദ്യാലയത്തിൽ വലിമനെന്നോ ചെറുമനെന്നോ ഭേദമില്ലാതെ സർവ്വരും സോദരത്വേന വാഴുന്നു. പ്രബല നായർ തറവാട്ടിൽ നിന്നുള്ള ബാലകരും വറുതി നിറഞ്ഞ പുലയച്ചാളയിൽ നിന്നു വരുന്ന കുഞ്ഞുങ്ങളും അവിടെ ഒരമ്മ പെറ്റ മക്കളായി ഒന്നിച്ചിരുന്നു പഠിക്കുന്നു.

വിദ്യാലയം ആ കിടാങ്ങൾക്ക് അമ്മയും ഇടയിൽ വാദ്ധ്യാർ അവർക്ക് അപ്പനുമാണ്. മൂടിയുള്ള പിത്തളക്കിണ്ണത്തിൽ പലഹാരമോ ചോറോ ഉച്ചഭക്ഷണത്തിനു നായർപ്പിള്ളേർ കൊണ്ടുവരും.

എന്നാൽ തിന്നാൻ യാതൊന്നുമില്ലാതെ വരുന്ന പൈത്യക്കോലങ്ങളാണേറെയും. ഒരു കുഞ്ഞും തന്റെ പാഠശാലയിൽ പട്ടിണിയിരിക്കേണ്ടി വരരുതെന്ന് വാദ്ധ്യാർക്ക് നിർബ്ബന്ധമുണ്ട്. അത്തരം കുട്ടികളുടെ എണ്ണം എത്രയെന്ന് വാദ്ധ്യാർ തന്റെ പ്രേയസിയെ അറിയിച്ചിട്ടുണ്ട്. ജോലിക്കാരുടെ സഹായത്താൽ ആ സാധി മുറ്റത്ത് വലിയ ചെമ്പിൽ ആവശ്യമായ അളവിൽ അരിയും കറികളും പാകം ചെയ്ത് അവ ചൂടോടെ സ്കൂളിലേക്കു കൊടുത്തു വിടും. ഇത്തിരി വറ്റിനു കൂടി പാങ്ങില്ലാത്ത ആ കരിമാടിക്കുരുന്നുകൾ ചുടുചോറ് ആഹരിച്ചുകഴിഞ്ഞു മാത്രമേ ചെറിയാൻ സാർ തന്റെ ഇലപ്പൊതി അഴിച്ച് കഴിച്ചിരുന്നുള്ളൂ.

സാറിന്റെ പാഠശാലയെപ്പറ്റിയും കുട്ടികളോടുള്ള അദ്ദേഹത്തിന്റെ കാരുണ്യമനോഭാവത്തെപ്പറ്റിയും നാട്ടിൽ അറിയാത്തവരാരുമില്ല. സാർ പഠിപ്പിച്ച പാഠഭാഗങ്ങൾ വീട്ടിൽ ചെന്ന് കുട്ടികൾ മികവോടെ ഉരുവിടുന്നത് കേട്ട് അവരുടെ മാതാപിതാക്കൾ അഭിമാനം കൊണ്ടു. ഉള്ളവരും ഇല്ലാത്തവരുമെല്ലാം അവരവരുടെ കഴിവൊത്ത് നെല്ലും മുതിരയും ഏത്തക്കുലകളും ചേനയും ചേമ്പും കാച്ചിലും മറ്റും വിദ്യാലയത്തിലെത്തി സമർപ്പിക്കാൻ തുടങ്ങി. ഗ്രാമജനതയ്ക്ക് ആ പഠനാലയം അത്രയേറെ അഭിമാനകരമായിരുന്നു.

19

പടർന്നെരിയുന്ന അക്ഷരജ്വാല

താമസിയാതെ, സർക്കാർ പല പരിഷ്ക്കാരങ്ങളും വിദ്യാഭ്യാസരംഗത്ത് വരുത്തി. 1904ൽ പുറപ്പെടുവിച്ച ഉത്തരവുമൂലം ഒന്നാം ക്ലാസിലെ ഫീസ് പൂർണ്ണമായും നിറുത്തൽ ചെയ്തു. കൂടാതെ രണ്ടും മൂന്നും ക്ലാസിലെ ഫീസ് രണ്ടു ചക്രമായി കുറയ്ക്കുകയും ചെയ്തു. മുസ്ലീമുകൾക്ക് സൗജന്യവിദ്യാഭ്യാസം നൽകാനുള്ള നിയമം നടപ്പാക്കിയതും ഇക്കാലയളവിലാണ്. വിദ്യാഭ്യാസ ഡയറക്ടർ എന്നൊരു ഔദ്യോഗിക തസ്തിക സൃഷ്ടിക്കപ്പെട്ടതും 1905ലാണ്. തിരുവിതാംകൂറിലെ വിദ്യാഭ്യാസ ഡയറക്ടറായി 1910ൽ പ്രവർത്തിച്ചിരുന്നത് മിച്ചൽ സായിപ്പായിരുന്നു. അദ്ദേഹം വിളംബരം ചെയ്ത വിദ്യാഭ്യാസ കോഡ് പ്രകാരം സർക്കാരിന്റെ സാർവ്വത്രിക വിദ്യാഭ്യാസത്തെ മുൻനിർത്തി സ്ഥലവും കെട്ടിടങ്ങളും ഉള്ള പക്ഷം എവിടേയും വിദ്യാലയങ്ങൾ അനുവദിക്കപ്പെട്ടു. ചെറിയാൻ സാർ 1900-ാം ആണ്ടിൽ പള്ളിക്കുടം ആരംഭിക്കുമ്പോൾ വേണ്ടി വന്ന അദ്ധ്വാനക്ലേശങ്ങളൊക്കെ 10 വർഷങ്ങൾക്കുള്ളിൽ ഒഴിവാക്കപ്പെട്ടു എന്നു സാരം. ഇതോടെ ചെറിയാൻ സാറിന്റെ ഉള്ളിൽ ബൃഹത്തായ ഒരു വിദ്യാഭ്യാസപദ്ധതിക്കു രൂപരേഖ തെളിഞ്ഞു. ഓമല്ലൂരിന്റെ സമീപപ്രദേശങ്ങളായ ഇലവുംതിട്ട, ഊന്നുകൽ, പത്തനംതിട്ട, മൈലപ്രാ, ചെന്നീർക്കര, വാഴമുട്ടം, പുത്തൻപീടിക തുടങ്ങിയ സ്ഥലങ്ങളിലുള്ള തന്റെ പരിചയക്കാരുമായി സംസാരിച്ച് അവിടങ്ങളിൽ സ്കൂളുകൾ തുടങ്ങാൻ അനുകൂലമായ സാഹചര്യങ്ങളുണ്ടോ എന്നന്വേഷിച്ചു. ചിലയിടങ്ങളിൽ വസ്തു മാത്രമേയുള്ളൂ. മറ്റു ചിലയിടങ്ങളിൽ വസ്തുവും അത്യാവശ്യമുറികളുള്ള കെട്ടിടങ്ങളും ലഭ്യമാക്കാമെന്നായി. ചിലയിടങ്ങളിൽ പോയി കണ്ട കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്തിയെടുക്കണം. സാർവ്വത്രിക വിദ്യാലയസ്ഥാപനാർത്ഥം സർക്കാർ, അനുകൂല നിലപാടു കൈക്കൊണ്ട സാഹചര്യത്തിൽ എത്രയും വേഗം കഴിയുന്നിടങ്ങളിലെല്ലാം വിദ്യാലയങ്ങൾ തുടങ്ങുക എന്ന ലക്ഷ്യത്തോടെ ചെറിയാൻ സാർ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു.

അതികാലത്തു തന്നെ എഴുന്നേറ്റ് കുളിച്ചൊരുങ്ങി പൊതിച്ചോറുമായി വാദ്ധ്യാർ, നടത്ത തുടങ്ങും. കഷ്ടിച്ച് രണ്ടടി വീതിയുള്ള കൈവഴികളാണെവിടെയും. ചിലയിടങ്ങളിൽ യാത്ര ഒരാൾക്കു കഷ്ടിച്ചു നടന്നുപോകാൻ മാത്രം വീതിയുള്ള വയൽവരമ്പുകളിലൂടെയാവും. മറ്റു ചിലയിടങ്ങളിൽ കൈത്തോടുകളാണ് നടവഴികൾ. മെതിയടികൾ ഊരി കയ്യിൽ പിടിച്ചുകൊണ്ടാവും തോടുകൾ താണ്ടിയുള്ള യാത്ര. വിദ്യാഭ്യാസത്തിന്റെ സൂര്യകിരണങ്ങൾ ഊർന്നിറങ്ങിയിട്ടില്ലാത്ത കുഗ്രാമമേടുകൾ തേടി ഒരവധൂതനെപ്പോലെ ആ ഗുരുനാഥൻ രാപകൽ സഞ്ചരിച്ചുകൊണ്ടിരുന്നു. പലയിടങ്ങളിലും തദ്ദേശിയ നാട്ടുകാരെ സംഘടിപ്പിച്ച് അവരുടെ മേൽനോട്ടത്തിൽ വസ്തു ചെത്തി നിരത്തി ശരിപ്പെടുത്തുകയും വെട്ടുകല്ലു വെട്ടി കെട്ടിടം കെട്ടിപ്പൊക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നു. ഇതിനെല്ലാം ഭാരിച്ച പണം അനിവാര്യമാണ്. കൈവശമുള്ള പണമെല്ലാം അതിനായി ചെലവിട്ടു കഴിഞ്ഞു. വഴിമുട്ടിയ ചില പ്രതിസന്ധി ഘട്ടങ്ങളിൽ ഉറ്റമിത്രങ്ങളിൽ ചിലർ പണമായും വസ്തുവകകളായും തന്നു സഹായിച്ചതുകൊണ്ട് കാര്യങ്ങൾ ഏറെക്കുറെ പ്രയാസങ്ങൾ കൂടാതെ മുന്നോട്ടു പോയി.

അക്കാലത്ത് വിദ്യാഭ്യാസവകുപ്പിൽ കൊല്ലം ഡിവിഷൻ ഇൻസ്പെക്ടറായിരുന്ന പുതുപ്പള്ളി ഒറ്റപ്ലാക്കൽ ഒ.എം. ചെറിയാന്റെ കരുത്താർന്ന പിന്തുണയും പ്രോത്സാഹനങ്ങളും വാദ്ധ്യാർക്കുണ്ടായിരുന്നു. അങ്ങനെ തദ്ദേശവാസികളുടെ സഹകരണത്തോടെ പന്ന്യാലി, വാഴമുട്ടം, പുത്തൻപീടിക, മൈലപ്രാ, കച്ചറ, വൈക്കം, മണ്ണാരക്കുളഞ്ഞി, നന്നുവക്കാട് എന്നീ ഗ്രാമങ്ങളിൽ സ്ഥലം സമ്പാദിക്കുകയും അവിടെ കെട്ടിടങ്ങൾ പണിയുകയും വിദ്യാലയങ്ങൾ ആരംഭിക്കുകയും ചെയ്തു. ചെറിയാൻ സാറിന്റെ ഉറ്റചങ്ങാതിയും വിദ്യാഭ്യാസ പ്രവർത്തകനുമായിരുന്ന വിളവിനാൽ തച്ചരടയ്ത്ത് കുഞ്ഞച്ചൻ എന്നു വിളിപ്പേരുള്ള ഈശോ സാറിന്റെ പ്രബലമായ പിന്തുണയോടെയാണ് അദ്ദേഹത്തിന് പന്ന്യാലി സ്കൂൾ സ്ഥാപിക്കാൻ കഴിഞ്ഞത്.

സമീപങ്ങളിലെങ്ങും സ്കൂളുകൾ ഇല്ലാതിരുന്ന ദുരവസ്ഥയിൽ തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസം അസാദ്ധ്യമാകുമെന്ന വേദനയിൽ കഴിഞ്ഞവർക്കെല്ലാം ആശ്വാസദായകമായിരുന്നു നാട്ടിൻപുറങ്ങളിലെ ആ വിദ്യാലയങ്ങൾ. 1915ൽ പന്ത്രണ്ട് സെന്റ് സ്ഥലം വാങ്ങി, പുത്തൻപീടികയിൽ 4-ാം ക്ലാസ് വരെയുള്ള ഒരു പ്രൈമറി സ്കൂൾ അദ്ദേഹം സ്ഥാപിച്ചു.

വിദ്യാലയ സ്ഥാപനസംരംഭത്തിൽ ഉടനീളം ചെറിയാൻസാറിന് മഹാരാജാവിൽ നിന്നുള്ള അനുകൂലനടപടികൾ സഹായകരമായി. മഹാരാജാവ് നേരിട്ട് കല്പിച്ചു നൽകിയ ഉത്തരവുകളോടെയാണ് അദ്ദേഹം ഓരോ വിദ്യാലയവും ആരംഭിച്ചത്. മുൻകൂട്ടിയുള്ള അനുവാദം കൂടാതെ തന്നെ രാജസന്നിധിയിൽ കടന്നുചെല്ലാനും കാര്യങ്ങൾ അവതരിപ്പിക്കാനും മറ്റുമുള്ള സർവ്വസ്വാതന്ത്ര്യവും അദ്ദേഹത്തിന് നൽകപ്പെട്ടിരുന്നു. കൂടാതെ മറ്റു ചില പ്രധാന വിഷയങ്ങളിൽ ചെറിയാൻ സാറിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും തിരുമനസ്സ് ആരാഞ്ഞറിയുക പോലും ചെയ്യുമായിരുന്നു. കോയിക്കൽ പ്രഭുകുടുംബവുമായും തിരുവിതാംകൂർ മഹാരാജാവുമായും ഉണ്ടായിരുന്ന സ്വതന്ത്രപൂർണ്ണമായ ഊഷ്മളബന്ധം ചെറിയാൻസാറിന്റെ എല്ലാ സംരംഭങ്ങൾക്കും വിജയഹേതുവായിരുന്നു.

20

സരസകവിയ്ക്കൊരു സഹായഹസ്തം

അജ്ഞതാന്ധകാരം തിങ്ങിയ ഗ്രാമാന്തരങ്ങളിൽ വിജ്ഞാനപ്രഭ പരത്തി മുന്നേറുന്ന അറിവാളനായ ഇടയിൽ വാദ്ധ്യാരുടെ പേരും പെരുമയും ദേശചക്രവാളങ്ങളുടെ അതിരുകൾക്കപ്പുറത്തേക്കും പരന്നു കഴിഞ്ഞു. സരസകവിയെന്നു കീർത്തിയാർജ്ജിച്ച മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ ശ്രദ്ധയിലും ചെറിയാൻ സാർ സ്ഥാനമുറപ്പിച്ചു. ഇരുവരും തമ്മിലുള്ള ചങ്ങാത്തത്തിനു ഊടും പാവും ചേർന്ന പോലുള്ള ദൃഢതയുണ്ടായിരുന്നു. ഇരുവരുടേയും ജീവിതഗതിയിലുള്ള സാധർമ്മ്യങ്ങളും വളരെയായിരുന്നു. ഒരാൾ കവി അല്ലെന്നുള്ള ഭേദം മാത്രം. മൂലൂർ കവിയായിരിക്കേ തന്നെ സാമൂഹ്യ-സാമുദായിക പ്രവർത്തനങ്ങളിൽ മുഴുകി. ഈഴവസമുദായത്തിന്റെ സാമൂഹ്യ വിമോചനമായിരുന്നു ഏകാഗ്രലക്ഷ്യം. ജാതിഭേദചിന്തകൾക്കെതിരെ ശ്രീനാരായണഗുരുവിന്റെയും മഹാകവി കുമാരനാശാന്റെയും ഡോക്ടർ പല്പുവിന്റെയും വലംകയ്യായി നിന്ന് പൊരുതി പതിനഞ്ച് സ്കൂളുകൾ പലയിടങ്ങളിലായി സ്ഥാപിച്ചു.

മൂലൂരിനേക്കാൾ എട്ടുവയസ്സിന്റെ ഇളപ്പമുണ്ട് ചെറിയാൻ സാറിന്. എന്നിട്ടും ഒരേ തോൾപ്പൊക്കമുള്ള സമശീർഷൻ എന്ന പരിഗണനയോടെയാണ് മൂലൂർ, ചെറിയാൻസാറിനെ കൈക്കൊണ്ടിരുന്നത്. വാദ്ധ്യാരുടെ മഹനീയമായ മുന്നേറ്റങ്ങൾ മൂലൂരിനെ വിസ്മയിച്ചുകളഞ്ഞു. സമുദായത്തിന്റെ പിൻബലംകൊണ്ടാണ് മൂലൂർ വിദ്യാഭ്യാസപരവും സാമൂഹ്യപരവുമായ പുരോഗമനങ്ങൾക്കു നേതൃത്വം നൽകിയത്. എന്നാൽ വാദ്ധ്യാരുടെ സ്ഥിതി അതല്ല. ഒറ്റയ്ക്കുള്ള വികസനോന്മുഖ മുന്നേറ്റമായിരുന്നു അത്. രാഷ്ട്രീയശക്തികളുടെയോ സാമുദായിക പ്രസ്ഥാനങ്ങളുടെയോ ആശിർവാദത്തോടെയല്ലാതെയുള്ള വാദ്ധ്യാരുടെ ഈ ജൈത്രയാത്ര അത്യപൂർവ്വമാണെന്നാണ്

മൂലൂരിന്റെ നിരീക്ഷണം. ചെറിയാൻ സാറിനെപ്പോലെ മൂലൂരും വൈദ്യവും അഭ്യസിച്ചിരുന്നു. പൈതൃകമായും പിൽക്കാല അഭ്യസനത്തിലൂടെയും സമാർജ്ജിച്ച വൈദ്യസിദ്ധി സമൂഹത്തിന് സൗജന്യമായി ദാനം ചെയ്തവരുമാണ് ഇരുവരും.

നിരവധി ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നതിനും മുൻകൈയെടുത്ത മൂലൂർ മികച്ച ഒരു പത്രാധിപരുമായിരുന്നു. കൊല്ലം മയ്യനാട്ടുനിന്നും പ്രസിദ്ധീകരിച്ചുപോന്ന കേരളകൗമുദി പ്രസിദ്ധീകരണങ്ങളുടെ ആദ്യപത്രാധിപരായ അക്ഷരോപാസകനായിരുന്നു അദ്ദേഹം. എന്നാൽ അദ്ദേഹത്തിന്റെ വിദ്യാലയങ്ങൾ പലവിധ പ്രതിസന്ധികൾ നേരിട്ടുകൊണ്ടിരുന്നു. ജാതിവ്യവസ്ഥ മൂലമുള്ള പ്രശ്നങ്ങളായിരുന്നു കാരണം. മേലാളരും കീഴാളരുമെന്നുള്ള ഭേദചിന്ത അതിരൂക്ഷമായിരുന്നു. ചെറുപ്പം തൊട്ടേ പാടത്തും പറമ്പിലും ജോലികളിൽ മുഴുകിപ്പോന്ന കീഴാളർക്ക് വിദ്യാലയം ആവശ്യമായിരുന്നില്ല. അതിനാൽ ഈഴവ വിദ്യാലയങ്ങളിൽ കീഴാള വിദ്യാർത്ഥികൾ വളരെ കുറവായിരുന്നു. കീഴാളർ പഠിക്കുന്ന സ്കൂളുകൾ മേലാളർക്ക് പാടേ നിഷിദ്ധമാണു താനും. ഇക്കാരണത്താൽ മൂലൂരിന്റെ അധീനതയിലുള്ള മിക്ക വിദ്യാലയങ്ങളും നിർജ്ജീവാവസ്ഥയിലായിരുന്നു. അവ നേരാംവണ്ണം നടത്തിക്കൊണ്ടുപോകാനുള്ള പോംവഴികൾ തെരഞ്ഞ ശ്രീ. മൂലൂരിന്റെ ചിന്തയിൽ ഒരാശയമുദിച്ചു. തിരുവിതാംകൂറിൽ പരക്കെ അറിയപ്പെടുന്ന വിദ്യാഭ്യാസ പ്രവർത്തകനായ ചെറിയാൻ സാറിനെ തന്റെ വിദ്യാലയങ്ങൾ ഭരമേല്പിക്കുക. ജാതിഭേദം തീണ്ടാത്ത ക്രൈസ്തവസമുദായത്തിൽ നിന്നുള്ള ഒരു നേതാവിന്റെ വിദ്യാലയം സർവ്വസ്വീകാര്യമാവുക തന്നെ ചെയ്യും എന്നദ്ദേഹം പ്രത്യാശിച്ചു.

ഇക്കാര്യം ചർച്ച ചെയ്യാനായി സരസകവി ശ്രീ.മൂലൂർ, ഓമല്ലൂരിലെ ഇടയിൽ തറവാട്ടിലെത്തി ചെറിയാൻസാറിനെ സന്ദർശിച്ചു. വിവിധ സ്ഥലങ്ങളിലായി സ്ഥാപിച്ച പതിനഞ്ചോളം സ്കൂളുകളുടെ ഉത്തരവാദിത്വം നിലവിലുള്ളപ്പോൾത്തന്നെ ശ്രീ. മൂലൂരിന്റെ അഭ്യർത്ഥന കൈക്കൊണ്ട് അദ്ദേഹത്തിന്റെ ഒൻപതുസ്കൂളുകൾ കൂടി ചെറിയാൻ സാർ ഏറ്റെടുക്കാൻ സന്നദ്ധനായി.

21
ബാങ്കിംഗ്

കൂറേക്കാലമായി ചിന്തയിൽ കുടിയേറിക്കിടക്കുകയാണ് ഒരു ധനകാര്യസംരംഭം എന്ന ആശയം. ആദ്യസ്കൂൾ സ്ഥാപനകാലത്തുതന്നെ സാമ്പത്തികപ്രസ്ഥാനവും തുടങ്ങണമെന്നുണ്ടായിരുന്നു. എന്നാൽ സ്കൂളുകളുടെ എണ്ണം അതിവേഗം പെരുകിയപ്പോൾ മറ്റൊരു സംരംഭത്തെപ്പറ്റി കൂടുതൽ ചിന്തിക്കാൻ കഴിയാതെ പോയി. ഗ്രാമീണജനങ്ങൾക്ക് ധനനിക്ഷേപത്തിനുള്ള മാർഗ്ഗങ്ങൾ യാതൊന്നുമില്ല. ബാങ്ക് എന്നോ ചിട്ടിയെന്നോ ഒന്നും സാമാന്യജനങ്ങൾ കേട്ടിട്ടുകൂടിയില്ല. അന്നന്നത്തെ ഉദരപൂരണമെന്ന കേവല ലക്ഷ്യം മാത്രമേ കാണൂ അവർക്ക്. മണ്ണിൽ അദ്ധ്വാനവേർപ്പൊഴുക്കി കൃഷി ചെയ്തു വിളയിക്കുന്ന ഫലമൂലാദികൾ മാത്രമാണവരുടെ ആത്യന്തികലക്ഷ്യം. വീട്ടാവശ്യം കഴിഞ്ഞുള്ള ഭക്ഷ്യവസ്തുക്കൾ അവർ ഓമല്ലൂർ ചന്തയിൽ തലച്ചുമടായി കൊണ്ടുപോയി വിൽക്കാറുണ്ട്. കുരുമുളക്, ഇഞ്ചി തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ഏറെയുള്ള പ്രബലകർഷകർ അവ കൈപ്പട്ടൂർ ആറ്റുകടവിലെത്തിച്ച് കോഴഞ്ചേരി ചന്തയിലോ പറക്കോടു ചന്തയിലോ എത്തിച്ച് വില നേടി മടങ്ങാറുണ്ട്. ഇങ്ങനെ സമ്പാദിക്കുന്ന പണം നിക്ഷേപിക്കാൻ നാട്ടിലെങ്ങും യാതൊരു സംവിധാനങ്ങളുമില്ല. അറപ്പുരകളിൽ നിന്നോ നിലവറക്കുഴികളിൽ നിന്നോ പോലും പണം അപഹരിക്കാൻ തക്കംപാർത്തു കഴിയുന്ന തസ്ക്കരവീരന്മാരുള്ള കാലവുമാണ്. നാലു കാശു മിച്ചം കിട്ടിയാൽ പാവങ്ങൾ പിന്നെങ്ങനെ അവ അടച്ചുറപ്പില്ലാത്ത ഓലപ്പുരകളിൽ സൂക്ഷിച്ചുവയ്ക്കും! കള്ളന്മാരെ ഭയന്ന് പണം ചെമ്പുകുടങ്ങളിലാക്കി പറമ്പിൽ കുഴിച്ചിടുന്നവർ അകാലത്തിൽ മരണപ്പെട്ടാൽ അതും ആർക്കു ഗുണപ്പെടുമെന്ന് പറയാനാവില്ല. ഇവയ്ക്കെല്ലാം പരിഹാരമായി നാട്ടാരുടെ നിക്ഷേപശീലം വളർത്തുവാനും മേലാള

ന്മാരിൽ നിന്നും അന്യായപലിശയ്ക്ക് പണം കടം വാങ്ങുന്ന പാവങ്ങളെ രക്ഷിക്കുവാനുമായി ഒരു ധനകാര്യസ്ഥാപനം എത്രയും വേഗം തുടങ്ങുവാൻ ചെറിയാൻ സാർ ഉത്സാഹിച്ചു. അതിനാവശ്യമായ നിയമാനുകൂല്യങ്ങൾ ചിട്ടിത്തലയാൾ എന്ന നിലയിൽ അദ്ദേഹം നേടിയെടുത്തു. ഇനി വേണ്ടത് 'തലവരിയോല' എന്ന പേരിൽ ചില നിബന്ധന രേഖകൾ അച്ചടിച്ചെടുക്കുക എന്നതാണ്. അച്ചടിശാലകൾ കോട്ടയത്തും കൊല്ലത്തുമുണ്ട്. കോട്ടയത്ത് കണ്ടത്തിൽ കുടുംബത്തിന്റെ വക മനോരമ അച്ചടിശാലയുണ്ട്. അതിന്റെ ഉടമയായ കണ്ടത്തിൽ വറുഗീസ് മാപ്പിളയുമായി വളരെ അടുപ്പമുണ്ട്. മാപ്പിളയുടെ മകൻ കെ.സി. മാമ്മൻ മാപ്പിളയുമായും വലിയ ആത്മബന്ധമുണ്ട്. അവർക്കും ബാങ്കിംഗ് ബിസിനസും മറ്റും ഉള്ളതായി അറിയാം. എങ്കിലും തലവരിയോല അച്ചടിക്കാനായി ചെറിയാൻസാർ പോയത് കൊല്ലത്തേക്കാണ്. ഒരു പരിചിതൻ കൊല്ലത്ത് ഗോൾഡൻ പ്രസ് എന്ന പേരിൽ ഒരച്ചുകൂടം നടത്തുന്നതായി അറിയാം. അങ്ങനെ വാദ്ധ്യാർ കൊല്ലത്തെത്തി ഗോൾഡൻ പ്രസ്സിൽ നിന്നും തലവരിയോല അച്ചടിച്ചു വാങ്ങി.

നാട്ടിലെ ആദ്യത്തെ ചിട്ടിത്തലയാൾ എന്ന നിലയിൽ വാദ്ധ്യാർ തന്റെ സാമ്പത്തിക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി. നേരിനും വിശ്വസ്തതയ്ക്കും പര്യായമായ വാദ്ധ്യാരുടെ ചിട്ടിയിൽ നാട്ടുകാർ താത്പര്യത്തോടെ ചേർന്നു. സത്യസന്ധരെന്നു ഉറപ്പുള്ളവരെ മാത്രമേ അദ്ദേഹം ചിട്ടിക്കാരായി ചേർത്തിരുന്നുള്ളൂ. അംഗങ്ങളെല്ലാവരും ഒരു നിശ്ചിതസംഖ്യ പണം മാസംതോറും തലയാളിനെ ഏൽപ്പിച്ച് രസീത് കൈപ്പറ്റിക്കൊളളണം. കുറച്ചുനാൾ കഴിയുമ്പോൾ മുതൽ ഒരു മാസത്തിൽ ഒരാൾക്ക് എന്ന നിലയിൽ ചിട്ടിത്തുക മുഴുവനും മുൻകൂറായി കൊടുക്കും. യാതൊരു ഈടു പോലുമില്ലാതെ ഇങ്ങനെ ഒന്നിച്ചൊരു വലിയ തുക കയ്യിൽ വന്നു ചേരുക എന്നത് ആർക്കും സങ്കൽപ്പിക്കാൻ കൂടി കഴിഞ്ഞിരുന്നില്ല. സത്യവിശ്വാസം എന്ന അദൃശ്യമായ ഈടിന്മേൽ മാത്രമാണ് വാദ്ധ്യാർ ഇത്ര തുക ഒന്നിച്ച് അത്യാവശ്യക്കാർക്കു നൽകിപ്പോന്നത്. ഒന്നിച്ചു കിട്ടിയ ആ തുക വിനിയോഗിച്ച് പലരും പെൺമക്കളെ കെട്ടിച്ചയക്കുകയും വീടുണ്ടാക്കുകയും മക്കളെ പഠിപ്പിക്കുകയും കൃഷിയിറക്കുകയും ഒക്കെ ചെയ്തു. പലതുള്ളി പെരുവെള്ളം എന്ന പഴഞ്ചൊല്ലിന്റെ പതിരില്ലായ്മ നാട്ടാർക്കു സ്വന്തം അനുഭവങ്ങളിലൂടെ ബോധ്യപ്പെടുകയായിരുന്നു. ചിട്ടിത്തുക പിടിച്ച് കഷ്ടജീവിതം പുഷ്ടിപ്പെട്ട നിരവധി സാക്ഷ്യങ്ങൾ അന്നാട്ടിലുണ്ടായി. നന്ദിയാൽ തൊഴുതുപിടിച്ച കരങ്ങളുടെ നടുവിലൂടെ ചെറിയാൻ സാർ എന്ന സാമ്പത്തിക വിദഗ്ദ്ധൻ രണ്ടാംഘട്ടത്തിൽ കുറേക്കൂടി വിപുലപ്പെടുത്തി. കൂടുതൽ ആളുകൾ

ചിട്ടിയിൽ പുതുതായി ചേരാൻ തിക്കിത്തിരക്കി. അങ്ങനെ ചിട്ടികളുടെ എണ്ണം വർദ്ധിപ്പിച്ചു.

സമീപദേശങ്ങളിൽക്കൂടി ഇടയിൽ ചിട്ടിയും ചിട്ടിത്തലയാളും ഖ്യാതിപ്പെട്ടു. കേട്ടറിഞ്ഞ പല പ്രമാണിമാരും ചിട്ടിയുടെ രജിസ്ട്രേഷൻ നിയമങ്ങൾ, നടത്തിപ്പ് എന്നിവയെപ്പറ്റി ഗ്രഹിക്കാൻ വാദ്ധ്യാരുടെ പക്കൽ നേരിട്ടെത്തി. അവരോടെല്ലാം അദ്ദേഹം പറഞ്ഞു.

"പലരും ചിട്ടിനടത്തുന്നത് സാമ്പത്തിക ലാഭത്തിനു വേണ്ടിയാവാം. എന്നാൽ ഞാൻ ചിട്ടിയുടെ തുടർന്നുള്ള വളർച്ചയ്ക്കാവശ്യമായ ചെറിയൊരു ലാഭം മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ. സാധാരണക്കാർക്ക് അനായാസം തിരിച്ചടയ്ക്കാൻ കഴിയുന്നത്ര നിസാരമായ പലിശയേ ഇവിടെ ഈടാക്കുന്നുള്ളൂ"

ക്രമാനുഗത വളർച്ചയിലേക്ക് ചിട്ടിപ്രസ്ഥാനം ചിറകുകൾ വിടർത്തുകയായിരുന്നു. അക്ഷരപ്രിയൻ കൂടിയായിരുന്ന അപ്പുനെടുങ്ങാടി മലയാളമണ്ണിൽ ആദ്യമായി ഒരു ബാങ്ക് സ്ഥാപിച്ചത് തനിക്കെന്നും ഉത്തേജകമായി. ചിട്ടി ബിസിനസിൽ നിന്നും ഭാവിയിൽ ഒരു ബാങ്കിലേക്കുള്ള വളർച്ച വിശാലമായ ജനസമൂഹത്തിനാകമാനം ആശ്വാസകരമാകാതിരിക്കില്ല എന്ന ദീർഘവീക്ഷണം വാദ്ധ്യാരുടെ ഉള്ളിൽ നിറഞ്ഞുനിന്നിരുന്നു.

22

പ്രജാസഭയിലെ വീരസ്വരം

പേരും പെരുമയും മോഹിച്ചായിരുന്നില്ല വാദ്ധ്യാരുടെ കർമ്മ വൈവിധ്യങ്ങളൊന്നും. ആവുന്നത്ര ചക്രവാളോന്നതങ്ങളിലേക്ക് ജനങ്ങളുടെ മനസ്സും ബുദ്ധിയും വികസ്വരമാക്കുക എന്നു മാത്രമായിരുന്നു ലക്ഷ്യം. എന്നിട്ടും കർമ്മോത്സുക പടുവായ വാദ്ധ്യാരുടെ ഖ്യാതി പ്രാദേശിക സീമകളെ ഉല്ലംഘിച്ച് തിരുവിതാംകൂർ നാട്ടുരാജ്യത്തിലാകമാനം പരന്നു കഴിഞ്ഞിരുന്നു.

പ്രബലമായൊരു രാജ്യമായിരുന്ന തിരുവിതാംകൂറിലെമ്പാടും വാഴ്ത്തപ്പെടുക എന്നത് ഒരു സാമൂഹ്യസേവകന് കിട്ടാവുന്ന പരമമായ പാരിതോഷികമാണ്. പഴയ വേണാട്ടു രാജ്യമല്ല പിൽക്കാലത്തെ തിരുവിതാംകൂർ രാജ്യമെന്നോർക്കണം. അന്ന് കന്യാകുമാരി മുതൽ തിരുവനന്തപുരം വരെ മാത്രമായിരുന്നു അതിന്റെ വിസ്തൃതി. എന്നാൽ, വേണാട്ടു രാജാവായിരുന്ന അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ, തിരുവനന്തപുരത്തിനു വടക്കോട്ട് ആലുവാ വരെയുള്ള ചെറിയ നാട്ടുരാജ്യങ്ങളെല്ലാം യുദ്ധം ചെയ്തു വെട്ടിപ്പിടിച്ച് തിരുവിതാംകൂർ എന്ന വിശാലരാജ്യം സ്ഥാപിച്ചു. ഇടയിൽ വാദ്ധ്യാരുടെ കർമ്മകാലഘട്ടത്തിൽ തിരുവിതാംകൂർ ഭരിക്കുന്നത് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവ്. അനന്തപുരിയിൽ പത്മനാഭപുരം കൊട്ടാരത്തിലെ സിംഹാസനത്തിലിരുന്ന് അതീവ പ്രാഗത്ഭ്യത്തോടെ രാജ്യം ഭരിക്കുന്ന മഹാരാജാവിന്റെ ശ്രദ്ധയിൽ വരെ ഇടയിൽ വാദ്ധ്യാർ സജീവമായിരുന്നു.

ലെജിസ്ലേറ്റീവ് അസംബ്ലി എന്ന നിയമനിർമ്മാണ സഭ ഇന്ത്യാ മഹാരാജ്യത്ത് ആദ്യമായി നടപ്പിലാക്കിയത് തിരുവിതാംകൂറിലാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രാതിനിധ്യമുള്ള ഈ ആദ്യഭരണസമിതി

എട്ട് അംഗങ്ങളുമായി 1888-ൽ യോഗം ചേർന്നു. 1904ൽ ശ്രീമൂലം പ്രജാസഭയായി ഭരണസമിതി പരിവർത്തനം ചെയ്തപ്പോൾ അംഗസംഖ്യ 100 ആയി. 77 പേർ വോട്ടിലൂടെ തെരഞ്ഞെടുക്കപ്പെടുന്നവരും 23 പേർ നാമനിർദ്ദേശം ചെയ്യപ്പെടുന്നവരും. പിന്നീട് ശ്രീചിത്തിരതിരുനാൾ ബാലരാമവർമ്മ മഹാരാജാവിന്റെ കാലത്ത് സമിതിയുടെ പേര് ശ്രീചിത്രാ സ്റ്റേറ്റ് കൗൺസിൽ എന്നാക്കി. അംഗസംഖ്യ 50 ആയി ചുരുക്കുകയും ചെയ്തു. അഞ്ചു രൂപാ കരം കൊടുക്കുന്ന ധനശേഷിയുള്ള നാട്ടുപ്രമാണിമാർക്കു മാത്രമേ പ്രജാസഭയിൽ അംഗത്വം നൽകിയിരുന്നുള്ളൂ. ഒരു രൂപാ ചക്രം പോലും ഒന്നു കാണുകയെന്നത് മഹാഭാഗ്യമായി കരുതപ്പെടുന്ന കാലമാണ്. പൊതുരംഗത്ത് സൂര്യശോഭയോടെ ശോഭിച്ചിരുന്ന ഇടയിൽ ഇ.ഐ. ചെറിയാൻസാറിനെ ലെജിസ്ലേറ്റീവ് അസംബ്ലിയിലേക്ക് മഹാരാജാവ് നേരിട്ട് ഉൾപ്പെടുത്തി. അന്നത്തെ ദിവാൻ പേഷ്ക്കാരുടെ ശിപാർശയിന്മേലുള്ള തിരുമനസ്സിന്റെ അലംഘ്യനിശ്ചയം.

വിശാലമായ തിരുവിതാംകൂർ രാജ്യത്തുനിന്നും സസൂക്ഷ്മം പരതി കണ്ടെത്തിയ കേവലം അൻപത് രത്നക്കല്ലുകൾ എന്നു തന്നെ വിശേഷിപ്പിക്കാം ഈ അസംബ്ലി അംഗങ്ങളെ. എത്രയോ ജന്മിമാരും സ്വാധീനശക്തരും മോഹിച്ചുപോന്ന സ്ഥാനമഹത്ത്വമാണത്. സ്വയമേവ യാതൊരു ശിപാർശയും ചെയ്യാതെ നിർമ്മമതയോടെ കർമ്മമാർഗ്ഗേ സഞ്ചരിച്ചിരുന്ന ആ ദേശമുഖ്യന് അർഹിക്കുന്നൊരു സമ്മാനം കാലം സമർപ്പിക്കുകയായിരുന്നു 1920-ലെ ആ സ്ഥാന ക്ഷണം മൂലം.

ലെജിസ്ലേറ്റീവ് കൗൺസിൽ കൂടിയിരുന്നത് പാളയത്തുള്ള വിക്ടോറിയ ജൂബിലി ടെർമിനൽ എന്ന വി.ജെ.റ്റി. ഹോളിൽ ആയിരുന്നു. അതിൽ പങ്കെടുക്കാനായി വെളുപ്പിന് മൂന്നുമണിക്ക് വീട്ടിൽ നിന്നും ചെറിയാൻ സാർ നടത്ത ആരംഭിക്കും. സഹായികൾ എരിയുന്ന പന്തങ്ങളുമായി മുമ്പേ നീങ്ങും. അടൂരിലെത്തിയാൽ ബ്രിട്ടീഷ് ഭരണകൂടം ഏർപ്പെടുത്തിയിട്ടുള്ള വില്ലുവണ്ടി തരപ്പെടും. അങ്ങനെയാണദ്ദേഹം തിരുവനന്തപുരത്ത് എത്തിക്കൊണ്ടിരുന്നത്. യാത്രാവേളകളിൽ പല പ്രമുഖ വ്യക്തികളെയും പരിചയപ്പെടുവാനുള്ള അവസരം അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. വിവിധമേഖലകളിലുള്ള അവരുടെ വ്യത്യസ്തമായ കാഴ്ചപ്പാടുകളും നവീനമായ ആശയങ്ങളും സസൂക്ഷ്മം ഗ്രഹിച്ച് അവ സ്വദേശപുരോഗതിക്ക് സഹായകമാംവിധം ചെറിയാൻ സാർ നടപ്പാക്കുകയും ചെയ്തിരുന്നു.

23

ആയുർവ്വേദ ഭിഷഗ്വരൻ

നാട്ടിൽ അടിയന്തിരമായി തുടങ്ങേണ്ട ആതുരാലയത്തെപ്പറ്റി വാദ്ധ്യാർക്ക് ഒരു രൂപരേഖയുണ്ടായിരുന്നു. പാവപ്പെട്ട ഗ്രാമീണർക്ക് രോഗസൗഖ്യം നേടാനുള്ള സാഹചര്യങ്ങളൊന്നും നാട്ടിൻപുറങ്ങളിലില്ലായിരുന്നു. ചില പകർച്ചവ്യാധികൾ ഭയാനകമാംവിധം പടർന്നുകൊണ്ടിരുന്നു. കുഷ്ഠവും ക്ഷയവും കോളറയും ഫ്ളൂവും വസൂരിയും മറ്റും മരണനൃത്തമാടിത്തിമിർക്കുകയാണ്. രക്ഷാമാർഗ്ഗം അന്യമാണെന്ന ഭീതിബോധത്താൽ പാതിജീവനോടെ വസൂരി രോഗികളെ ഉറ്റവർ പോലും പായയിൽ തെറുത്തെടുത്ത് ചുടലക്കുഴികളിൽ ആഴ്ത്തി മടങ്ങുകയായിരുന്നു. പടുതിരിയെരിയുന്ന പ്രാണനോടെ ആ മണ്ണാഴങ്ങളിൽ ആഴ്ന്നമർന്ന് സംഭ്രമിച്ചു കേഴുന്ന ആ പാവങ്ങളുടെ വിങ്ങലും മാഴ്കലും വാദ്ധ്യാരുടെ ഓർമ്മകളിൽ കുരുങ്ങിക്കിടക്കുന്നുണ്ടായിരുന്നു.

ആയുർവേദജ്ഞാനം വാദ്ധ്യാർ, തന്റെ തിരക്കേറിയ കർമ്മഗതികൾക്കിടയിലും വർദ്ധമാനമാക്കിക്കൊണ്ടിരിക്കുന്നു. യാത്രകൾക്കിടയിലും മറ്റും കണ്ടുമുട്ടുന്ന മഹാവൈദ്യന്മാരിൽ നിന്നും കുറിച്ചെടുത്തു സൂക്ഷിക്കാറുള്ള പരിഹാരവിധികൾ അദ്ദേഹം സ്വയം പരീക്ഷിച്ചറിഞ്ഞിട്ടുണ്ട്. ഇടയിൽ വാദ്ധ്യാരുടെ അനുഗ്രഹകരങ്ങളിൽ നിന്നും മരുന്ന് ഏറ്റുവാങ്ങി സേവിച്ചാൽ രോഗമുക്തി നിശ്ചയമാണെന്നൊരു അഭിമതം നാട്ടിലെങ്ങും പരന്നിരുന്നു. പോരാത്തതിന്, തിരുവനന്തപുരത്തു പോയി മടങ്ങുമ്പോൾ പലവിധ രോഗങ്ങളാൽ നരകിക്കുന്ന നാട്ടുകാർക്കുവേണ്ടി അദ്ദേഹം അലോപ്പതിയിലുള്ള ആധുനിക ഔഷധങ്ങളും കൊണ്ടു വന്ന് കൊടുത്തിരുന്നു. നാട്ടിൽ ഭയാനകമാംവിധം കോളറായും വസൂരിയും പടർന്നു പിടിച്ച ദുരന്തകാലത്ത് വാദ്ധ്യാർ വിതരണം ചെയ്ത മരുന്ന് മഹാനുഗ്രഹമായി ഫലിക്കുകയും

വിപത്തിൽ നിന്ന് നാട് രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്. പൗത്രന്റെ മകൻ ഡോ: സാഗർ ചെറിയാൻ ഇടയിൽ, വാദ്ധ്യാരുടെ 50-ാം ചരമ വാർഷിക സ്മരണികയിൽ എഴുതിയ 'ഭിഷഗ്വരൻ കൂടിയായ ഗുരു ശ്രേഷ്ഠൻ' എന്ന ലേഖനത്തിൽ ഇക്കാര്യം വിവരിക്കുന്നുണ്ട്.

നിരന്തരയാത്രകൾക്കിടയിൽ കണ്ടെത്തുന്ന അപൂർവ്വങ്ങളായ മരുന്നുചെടികളുടെ തൈകൾ ഭദ്രമായി കൊണ്ടുവന്ന് തൊടിയിലെ ഔഷധത്തോട്ടത്തിൽ അദ്ദേഹം നട്ടുവളർത്തിപ്പോന്നു. അശോകം, കൂവളം, വേപ്പ്, പാതിരി, ജാതി, കുമ്പിൾ, പയ്യാഴാന്ത തുടങ്ങിയ ഔഷധവൃക്ഷങ്ങളും കരിനൊച്ചി, കരിങ്കുറിഞ്ഞി, ആടലോടകം, ചിറ്റമൃത്, മാതളനാരകം, കൊടുവേലി, ശതാവരി ആദിയായ ഔഷധസസ്യങ്ങളും ആ വീട്ടുപറമ്പിൽ തഴച്ചു വളർന്നിരുന്നു.

ചില തീവ്രരോഗങ്ങൾക്ക് താൻ നൽകുന്ന മരുന്ന് വേണ്ടത്ര ഫലിക്കാതെ വന്നാൽ അദ്ദേഹം അകലെ നിന്നുപോലും ശ്രേഷ്ഠ വൈദ്യന്മാരെ വരുത്തി തറവാട്ടിൽ പാർപ്പിച്ച് പാവങ്ങൾക്ക് സൗജന്യ ചികിത്സ സാദ്ധ്യമാക്കിക്കൊടുത്തിരുന്നു.

മരുന്നുനിർമ്മാണത്തിനും മറ്റുമായി പാലും നെയ്യും ധാരാളമായി വേണ്ടി വന്നിരുന്നതിനാൽ വീടിന്റെ പിന്നാപ്പുറത്തെ തൊഴുത്തിൽ പന്ത്രണ്ടു പശുക്കളെ വരെ വാദ്ധ്യാർ വളർത്തിയിരുന്നു. വിശിഷ്ട ഗുണമുള്ള ആയുർവേദ ഔഷധങ്ങൾ നിർമ്മിച്ച് അവ പ്രത്യേകമുറികളിൽ ഭദ്രമായി സൂക്ഷിച്ചുവയ്ക്കുകയും ദിനംപ്രതി വീട്ടുമുറ്റത്ത് അഭയം തേടിയെത്തിയിരുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി നൽകുകയും ചെയ്തിരുന്നു.

24

ഗ്രാമോദ്ധാരണസംഘസ്ഥാപകൻ

അഗ്രഹിക്കുന്നവരെയെല്ലാം അംഗങ്ങളാക്കാൻ ചിട്ടിയിലൂടെ ആവുമായിരുന്നില്ല. കാലക്രമേണ നാട്ടുകാരിൽ വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ധനനിക്ഷേപണൗൽസുക്യം വളർത്തിയെടുക്കുവാൻ മറ്റു ചില പദ്ധതികൾ നാട്ടിലാരാംഭിക്കണം. അങ്ങനെയാണ് ചെറിയാൻ സാറിന്റെ മനസ്സിൽ ഗ്രാമോദ്ധാരണസഹകരണ സംഘം എന്ന നവീന ആശയം സജീവമായത്. ജനസമ്മതിയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന ഗ്രാമീണസമിതിയുടെ ഭരണത്താൽ നടത്തപ്പെടുന്ന സാമ്പത്തികസംരംഭമാണത്. തിരുവിതാംകൂർ രാജ്യത്ത് ഈ പ്രസ്ഥാനം പ്രചാരത്തിലായിരുന്നില്ല. സുഹൃത്തും സാമൂഹ്യപ്രവർത്തകനുമായ കുരുക്കളഴികത്ത് ഗോവിന്ദപ്പിള്ളയുമായി വാദ്ധ്യാർ, സഹകരണസംഘത്തെപ്പറ്റി ചർച്ച ചെയ്തു. അങ്ങനെ 1930ൽ 114-ാം നമ്പരായി ഓമല്ലൂർ ഗ്രാമോദ്ധാരണ സഹകരണ സംഘം സ്ഥാപിതമായി. തിരുവിതാംകൂറിലെ ആദ്യകാലസംഘങ്ങളിൽപ്പെടുന്ന ഈ സംഘത്തിന്റെ പ്രസിഡന്റായി ചെറിയാൻ സാർ തന്നെ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

25

നാടുണർത്താൻ വൈ.എം.സി.എ.

ഇനിയും ജന്മനാടിനുവേണ്ടി എന്തൊക്കെ നൂതനത്വം ആവിഷ്ക്കരിക്കാം എന്ന ചിന്ത അദ്ദേഹത്തിൽ എരിഞ്ഞു നിന്നിരുന്നു. നാനാഭാഷകളിലുള്ള പ്രസിദ്ധീകരണങ്ങൾ വായിച്ചും വ്യത്യസ്ത തുറകളിൽ വർത്തിക്കുന്ന സ്വദേശികളും വിദേശികളുമായ ഉന്നതവ്യക്തികളുമായി ഇടപെട്ടും ആർജ്ജിച്ച അറിവുകൾ നാടിന്റെ വികസനരേഖയാക്കുകയാണ് ചെറിയാൻ സാർ. ശരീരവും മനസ്സും ആത്മാവും ഒരു പോലെ ശക്തിമത്ത്ക്കരിക്കപ്പെട്ടാലല്ലാതെ വ്യക്തിത്വവികാസം കരഗതമാവുകയില്ല എന്ന ചിന്ത അദ്ദേഹത്തിൽ ദൃഢപ്പെട്ടിരുന്നു. അതിനു ക്രിസ്തീയതയോളം സംഭാവന നൽകാൻ മറ്റൊരു തത്ത്വശാസ്ത്രത്തിനും കഴിയില്ലെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. ക്രിസ്തീയ മൂല്യങ്ങളുടെ ചട്ടക്കൂട്ടിൽ സമഗ്രപുരോഗതി എന്ന ലക്ഷ്യത്തോടെ ലണ്ടനിൽ 1844ൽ സമാരംഭിച്ച വിശ്വവ്യാപകമായ വൈ. എം.സി.എ. എന്ന സംഘടനയെപ്പറ്റി അദ്ദേഹം വായിച്ചറിഞ്ഞു. യങ്മെൻസ് ക്രിസ്റ്റ്യൻ അസോസിയേഷൻ എന്ന നാമധേയത്തിൽ സർ ജോർജ് വില്യംസ് സമാരംഭിച്ച പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളോട് ചെറിയാൻ സാറിന് വലിയ മമത തോന്നി. അറിവാർജ്ജവത്തിന്റെ തലങ്ങളിൽ നിരാലംബരെ അത് കൈപിടിച്ച് നടത്തുന്നു. വൈ ലേണിംഗ് എന്ന അതിന്റെ പഠനസഹായക സംരംഭത്തിലൂടെ താഴ്ന്ന വരുമാനക്കാർക്ക് ഉയർന്ന പഠനം സുസാദ്ധ്യമാവുകയാണ്. ദേശാന്തരസഞ്ചാരികൾക്ക് സൗജന്യമായും സുരക്ഷിതമായും രാപാർക്കാൻ വേണ്ട സൗകര്യങ്ങൾ ഓരോ വൈ.എം.സി.എയിലും സജ്ജീകരിച്ചിട്ടുണ്ട്. മനസ്സിന്റെ യുവത്വം കാത്തുപാലിക്കാനാഗ്രഹിക്കുന്ന മൂല്യദാഹികൾക്ക് വികസനോന്മുഖമായ ഒത്തുചേരലിനായി

ഒരു ശാഖ ഓമല്ലൂരിന്റെ മണ്ണിലും വേണമെന്ന ചിന്ത ചെറിയാൻസാറിനുണ്ടായിരുന്നു. അങ്ങനെ ചീക്കനാലിൽ തന്റെ ലക്ഷ്യം അദ്ദേഹം സാക്ഷാത്ക്കരിച്ചു.

ഓമല്ലൂർ ദേശത്ത് ആദ്യമായി പോസ്റ്റ് ഓഫീസ് സ്ഥാപിച്ചതും ചെറിയാൻ സാറാണ്. പോസ്റ്റൽ സൂപ്രണ്ടിനെ വടക്കേടത്ത് അച്ച നോടൊപ്പം അദ്ദേഹം പോയിക്കണ്ട് അക്കാര്യം സാധിക്കുകയായിരുന്നു. പോസ്റ്റ് ഓഫീസ് അനുവദിച്ചുകൊടുത്ത സൂപ്രണ്ടിന് ഒരു ഉപഹാരമെന്ന നിലയിൽ ചെറിയാൻ സാർ കൊത്തുപണികളുള്ള മനോഹരമായ ഒരു നടക്കമ്പ് സമ്മാനിക്കുകയും ചെയ്തു. പുതുതായി സംസ്ഥാപിതമായ പോസ്റ്റ് ഓഫീസിന്റെ പ്രഥമ പോസ്റ്റ് മാസ്റ്ററായി പോസ്റ്റൽ പരീക്ഷയെഴുതി ജയിച്ചുനിന്ന വി.സി.ഇട്ടിച്ചെറിയ നിയമിതനാകുകയും ചെയ്തു.

26

ശാന്തഗംഭീരപ്രഭാവൻ

വീട്ടിലും നാട്ടിലും മറ്റെവിടെയും ആത്മനൈർമ്മല്യത്തിന്റെ നിറകതിർ ഉതിർത്തിരുന്ന മഹാനുഭാവൻ, സമാനതകളില്ലാത്ത മഹിതജന്മം എന്ന് ഒരു കാലഘട്ടം നമിച്ചു വാഴ്ത്തുന്ന യുഗപുരുഷൻ. ജീവൽവ്യവഹാരത്തിന്റെ ബഹുദീർഘ സഞ്ചരണനൈരന്തര്യങ്ങൾക്കിടയിൽ ഒരു വേള പോലും കാലിടറാതെ ആത്മാവിനെ ജാഗ്രത്തായി കാത്തുപാലിച്ചവൻ. സേവനോന്മുഖ ജീവിതയാത്രകളിലെല്ലാം 'നന്മ ചെയ്തു കൊണ്ടു ചുറ്റി സഞ്ചരിച്ചവൻ' എന്നു സുവിശേഷം സാക്ഷീകരിച്ച ക്രിസ്തുവും അവന്റെ ചൈതന്യവുമായിരുന്നു ഉള്ളു നിറയെ. ഏകാന്തവിരസമായ ഒറ്റയാൻ യാത്രകളിലുടനീളം 'എന്റെ കർത്താവും എന്റെ ദൈവവുമേ' എന്ന മാർതോമ്മാശ്ലീഹായുടെ അഭയമന്ത്രം തന്നെയായിരുന്നു ഹൃദയാധരം നിറയെ.

വാനത്തോളം ഉന്നതമായ ചിന്തകളിൽ അഭിരമിക്കുമ്പോഴും ആ സുന്ദരമുഖം പ്രസാദപൂർണ്ണമായിരുന്നു. കക്ഷിവ്യവഹാരങ്ങൾക്കു മദ്ധ്യേ നീതിപാലകനായി നിലകൊള്ളുമ്പോഴും ക്ഷുബ്ധരഹിതമായിരുന്നു ആ ചാന്ദ്രമുഖം. മൊഴിയുന്ന വാക്കുകളിൽ വഴിയുന്ന സ്നിഗ്ദ്ധതയിൽ ഏതു തപ്തമാനസവും കുളിരണിഞ്ഞിരുന്നു. നറുനിലാപുഞ്ചിരിയോടു കൂടി മാത്രം ആരോടും ഉരിയാടാൻ അനുശീലിച്ചവൻ. ചന്ദ്രികയിൽ ചന്ദ്രകാന്തം പോലെ പരിദേവകരുടെ ഉള്ളം അലിയിക്കുന്ന പ്രശാന്തമായ സാന്ത്വനോക്തികളുടെ തേനുറവ. ഏതു സന്ദിഗ്ദ്ധമായ പ്രകോപനാന്തരീക്ഷത്തിലും കോപലേശം തീണ്ടാതെ വ്യക്തിബന്ധങ്ങളെ ഇണക്കിച്ചേർക്കുന്ന അനുനയസൗമ്യതയുടെ നേർരൂപം.

നിതാന്തശാന്തത അദ്ദേഹത്തിന്റെ ഏറ്റം അമൂല്യമായ ഹൃദയ ഭാവമായിരുന്നു. 'ക്രോധം യമനായതു നിർണ്ണയം' എന്ന എഴുത്ത ച്ഛൻ രാമായണത്തിലെ വേദോക്തി വാദ്ധ്യാരുടെ പാതദീപമായിരു ന്നു. ഗൗരവതരമായ ചിന്തകളുടെ ഉപരിമണ്ഡലങ്ങളിൽ ആ മനം സദാ വ്യാപരിച്ചിരുന്നെങ്കിലും അദ്ദേഹത്തിന്റെ ഇടപെടലുകൾ ഗൗര വരഹിതമായിരുന്നു. ഒരു മജിസ്ട്രേറ്റിന്റെ അനൗദ്യോഗികാധികാര പദവി കയ്യാളിയിരുന്ന ആളാണദ്ദേഹം. പിഴയാളുകളെന്നു ബോധ്യ പ്പെട്ടുകഴിഞ്ഞാൽ അവരെ നിമിഷങ്ങൾക്കകം വിളിച്ചുവരുത്താനും നിശിതമായി ശാസിക്കാനും വേണ്ടി വന്നാൽ ശിക്ഷിക്കാനുമുള്ള അധികാരം അദ്ദേഹത്തിൽ കൽപ്പിക്കപ്പെട്ടിരുന്നു.

നാട്ടാരെ സംബന്ധിച്ച് അനൗപചാരിക നീതിപാലകനും വിധി യാളനും കൂടിയായിരുന്നു ചെറിയാൻ സാർ. അടിപിടി പ്രശ്നങ്ങൾ, അതിരുകയ്യേറ്റങ്ങൾ, കുടുംബവഴക്കുകൾ, അവശരുടെ പരിദേവന ങ്ങൾ തുടങ്ങിയ കലുഷാവസ്ഥകളിൽ തീർപ്പിന്റെ അവസാനവാക്കു കൾ ആ ഗൃഹാങ്കണത്തിൽ മുഴങ്ങി നിന്നു. ഏതു പ്രബലവൈരിയും ആ നിശിതശാസനകൾക്കു മുമ്പിൽ വിധേയപൂർവ്വം മെരുങ്ങി നിന്നി രുന്നു. നാട്ടുരാജാക്കന്മാരുടെ അധീനതയിലുള്ള കാവൽസേനയു ടെയും നീതിനിർവ്വാഹകരുടെയും സേവനങ്ങൾ ഗ്രാമാന്തരങ്ങളിൽ അത്രകണ്ട് സുകരമല്ലാതിരുന്ന കാലത്ത് നീതിബോധത്തിന്റെ ആ വിധിതീർപ്പുകൾ ഒരനുഗ്രഹമായിരുന്നു. ലെജിസ്ലേറ്റീവ് അസംബ്ലി അംഗത്വത്തിലൂടെ കൈവന്ന മജിസ്ട്രേറ്റിനു തുല്യമായ അധികാര മുപയോഗിച്ച് ചെറിയാൻ സാർ പിഴയാളുകൾക്ക് പ്രായശ്ചിത്തമായി ഏത്തമിടൽപോലുള്ള ചില ശിക്ഷകളും നൽകിയിട്ടുണ്ട്.

അതേസമയം സരളഹൃദയനായിരുന്നു അദ്ദേഹം. സൗമ്യത യുടെ ജീവരഥ്യയിലൂടെ പിതൃസഹജമായ വാത്സല്യ കടാക്ഷത്തോ ടെ പാൽപ്പുഞ്ചിരി പൊഴിച്ച് കടന്നുപോയ ഒരു മഹോപാദ്ധ്യായൻ. കോപിക്കാനറിയാത്ത തന്റെ വല്യപ്പച്ചനെപ്പറ്റി ചെറുമകൻ പ്രൊഫ സർ ജോർജ്ജ് തോമസ് ഇടയിൽ സ്വാനുഭവത്തിലൂടെ എഴുതി; "അ ന്നെനിക്ക് ഏകദേശം അഞ്ചു വയസ്സ് പ്രായം കാണും. ഇടയിൽ തറ വാടിന്റെ പൂമുഖത്തുകൂടി ഓടിച്ചാടി കളിച്ചു നടന്ന എന്റെ കൈ തട്ടി വല്ല്യപ്പച്ചന്റെ മഷിപ്പാത്രം തറയിൽ വീണുടഞ്ഞു. നിലത്താകെ മഷി പടരുകയും വല്ല്യപ്പച്ചൻ വിശ്രമിക്കാറുള്ള കല്ലിൽ തീർത്ത സോഫാ യിൽ പതിക്കുകയും ചെയ്തു. ഞാൻ വല്ലാതെ പരിഭ്രമിച്ചുപോയി. ശ ബ്ദം കേട്ട് വല്ല്യപ്പച്ചനും വല്ല്യമ്മച്ചിയും പൂമുഖത്തേക്കു വന്നു. ശകാരം പ്രതീക്ഷിച്ച എന്നെ വല്ല്യപ്പച്ചൻ ശാസിച്ചില്ലെന്നു മാത്രമല്ല, സാന്ത്വനിപ്പിക്കുകയാണുണ്ടായത്."

പഴയനിയമഗോത്രതാതനായ അബ്രാഹത്തെപ്പോലെ പരമോ ന്നത ദൈവത്തെ വിശ്വസിച്ചും ആശ്രയിച്ചും അനുസരിച്ചും അദ്ദേഹം

കാലം കഴിച്ചു. കുടുംബവഴക്കുകളിലും മറ്റും പെട്ട് രക്തബന്ധങ്ങൾ പോലും വെട്ടിമുറിച്ചെത്തിയ രൗദ്രമൂർത്തികളെപ്പോലും സ്നേഹൗ ഷധധാരയാൽ കൂട്ടിച്ചേർത്ത് സമാധാന വഴികളിലൂടെ ആനയിച്ച വൻ. ഇവയൊന്നും ചെറിയാൻ സാറിനെപ്പറ്റിയുള്ള അതിശയോക്തി കളല്ല; സത്യസന്ധങ്ങളായ നേർസാക്ഷ്യങ്ങൾ തന്നെ.

27

സന്താന നവരത്നങ്ങൾ

ഒരു മരത്തെ അതിന്റെ പഴങ്ങളാൽ വിവേചിച്ചറിയാം എന്നല്ലേ വേദോക്തികൾ. ഈ നന്മമരത്തിൽ മധുരം കിനിയുന്ന ഒൻപതു തേൻപഴങ്ങൾ കായ്ച്ചു. സമൂഹത്തിന് മധുരമധു നേദിക്കുന്ന വില പ്പെട്ട ഫലങ്ങളായി അവ പാകപ്പെടുവാൻ വാദ്ധ്യാരുടെയും സഹ ധർമ്മിണി അന്നാമ്മയുടെയും ദൈവോന്മുഖ ജീവിതം തുണയായി ത്തീർന്നു. ത്യാഗാധിഷ്ഠിത ധർമ്മങ്ങളിൽ ഭർത്താവിന്റെ കൂടെ നിന്ന് അളവറ്റ സ്നേഹം പകർന്നും ഏറെ പ്രാർത്ഥിച്ചും കുടുംബത്തെ മഹ ത്ത്വീകരിച്ച സ്ത്രീരത്നമായിരുന്നു അന്നാമ്മ. മക്കളുടെ ആദ്യ പാഠ പ്പുസ്തകം തങ്ങളുടെ മുമ്പിൽ തുറന്നു വയ്ക്കപ്പെട്ട അപ്പനമ്മമാരുടെ മഹാമനസ്കത നിറഞ്ഞ സുകൃതജീവിതം തന്നെയായിരുന്നു. ഒൻപതു കുഞ്ഞുങ്ങളും ത്യാഗത്തിന്റെയും ആത്മനൈർമ്മല്യത്തി ന്റെയും നീതിബോധത്തിന്റെയും പ്രാർത്ഥനോത്സുകതയുടെയും സമ്പുഷ്ടഭോജ്യം മനം നിറയെ ആഹരിച്ചു. രണ്ടു തീപ്പന്തങ്ങളിൽ നിന്നും കൊളുത്തിയെടുത്ത ഒൻപതു ചെരാതുകളായി അവർ ഒരു മിച്ച് നിരന്നെരിഞ്ഞു നിന്നു.

ഇടയിൽ വീട്ടിലെ ശിശുപാലനത്തിനൊരുപാട് സവിശേഷത കളുണ്ടായിരുന്നു. ഉദരഫലം ദൈവദാനമാണെന്നും മക്കൾ ദൈവത്യ പ്പാദങ്ങളിൽ സമർപ്പിക്കപ്പെടേണ്ടവരാണെന്നും ആ മാതാപിതാ ക്കൾക്കു നിർബന്ധമുണ്ടായിരുന്നു. അതിനാൽ ചൊല്ലും ചോറും ഊട്ടി അവരെ പോറ്റി. ഇടയിൽ തറവാട്ടിന്റെ യശസ്സിൽ വിരിഞ്ഞ നവ രത്നങ്ങളായി അവർ പ്രശോഭിച്ചു.

തറവാട്ടുവക ഭൂസ്വത്തുക്കൾ ചീക്കനാൽ കരയിൽ അവിടവിടെ യായി പരന്നു കിടന്നിരുന്നു. പൂർവ്വികർ ബ്രാഹ്മണരിൽ നിന്നും കോയിക്കൽ രാജവംശജരിൽ നിന്നും നായന്മാരിൽ നിന്നും മറ്റുമായി

വിലയ്ക്ക് വാങ്ങി സ്വന്തമാക്കിയിരുന്നവയാണവ. അവ പിൽക്കാലങ്ങ ളിലും അതിന്റെ മുന്നാധാരങ്ങളിൽ വിവരിച്ചിരുന്ന പേരുകളിൽ തന്നെയാണ് അറിയപ്പെട്ടിരുന്നത്. വിളക്കുവേലിൽ പുരയിടത്തിലെ ഭവനത്തിലേക്ക് അതുവരെ താമസിച്ചുപോന്ന ഭവനം വിട്ട് വാ ദ്ധ്യാരും കുടുംബവും താമസം മാറി. ഈ പുത്തൻ ഗൃഹാന്തരത്തിലാ യിരുന്നു മക്കളുടെ പിറവി. അതുകൊണ്ട് മക്കൾക്കെല്ലാം വിളക്കുവേ ലിൽ ചെറിയാന്റെ മക്കൾ എന്ന സൂചകമായി വി.സി. എന്ന ചുരുക്ക രൂപം ഓരോ പേരിനും മുന്നോടിയായി വന്നു.

ആദ്യജാത വി.സി. മറിയാമ്മ, മെഴുവേലിൽ തെക്കേ മൂത്തേ രിൽ ഫാദർ ചെറിയാൻ സ്കറിയാ എന്ന ആദരണീയ പുരോഹിത ന്റെ ധർമ്മപത്നീ പദം അലങ്കരിക്കുന്നു. തുടർന്ന് ആറ് ആൺ പ്രജ കൾ – വി.സി. ഇട്ടിച്ചെറിയ, വി.സി. വറുഗീസ്, വി.സി. ജോഷ്വ, ഫാദർ ഡോക്ടർ വി.സി. ശമുവേൽ, വി.സി. ഡാനിയേൽ, വി.സി. തോമസ് എന്നിവരായിരുന്നു ആ അഭിജാതപ്രജകൾ. അവർക്കൊപ്പം രണ്ടു പെൺമക്കളെക്കൂടി ദൈവം ആ കുടുംബത്തിൽ സമ്മാനിച്ചു. തങ്കമ്മ മാത്യൂ, സാറാമ്മ വറുഗീസ് എന്നീ പേരുകളിൽ അവർ അറിയപ്പെട്ടു. ഇവരിൽ തങ്കമ്മ, അടൂർ തോണ്ടലിൽ മാത്യുവിന്റെ ഭാര്യയും സാറാ മ്മ, പ്രമാടം പാറയിൽ വറുഗീസിന്റെ പ്രേയസിയുമായി. ഉജ്വല പ്രഭാ ഷകയായിരുന്ന തങ്കമ്മ, യാക്കോബായ സഭയിലെ വനിതാസമാജ ത്തിന്റെ ജില്ലാ സെക്രട്ടറിയായി പ്രശോഭിച്ചിരുന്നു. മൂത്തമകൻ അന്നാ ട്ടിലെ ആദ്യകാല സർക്കാർ ഉദ്യോഗസ്ഥനായിരുന്നുവെന്നു പറയാം. പോസ്റ്റുമാസ്റ്റർ ആയിരുന്നു അദ്ദേഹം. മറ്റ് ആൺമക്കളിൽ മൂന്നുപേർ സ്കൂൾ അദ്ധ്യാപകരായും ശോഭിച്ചു. എന്നാൽ ഈ ഒൻപതു മക്കളിൽ ഒരാളെപ്പറ്റി സവിശേഷമായി സ്മരിക്കേണ്ടതുണ്ട്. കേരളം കണ്ട ഉജ്വ ലപ്രതിഭകളിലൊരാളും മഹാൻ എന്ന അനന്യ വിശേഷണം തന്നേ അർഹിക്കുന്ന ദിവ്യജ്ഞനുമായിരുന്നു അഞ്ചാമനായ വി.സി. ശമു വേൽ. വിശ്വമാനവൻ എന്നു തന്നെ കീർത്തിക്കാം ആ മഹോജ്ജ്വല നെ. മഹാപണ്ഡിതനായ ആ അക്ഷരപ്രതിഭ ലോകസമക്ഷം എഴു തിസമർപ്പിച്ച ജ്ഞാനഗ്രന്ഥനിക്ഷേപങ്ങളുടെ മൂല്യം എത്രയോ അ പാരം! വൈദികരുടെ വൈദികൻ എന്ന ശീർഷകത്തിൽ എഴുതപ്പെട്ട ജീവചരിത്രകൃതിയിൽ അദ്ദേഹത്തെ വിശേഷിപ്പിക്കുന്നത് ബഹുസം സ്കൃതികളുടെ ആവാഹകൻ, ഭാരതം കണ്ട അതിപ്രശസ്തനായ സഭാപണ്ഡിതൻ, ലോകം വണങ്ങുന്ന സഭൈക്യപ്രവാചകൻ, ഹൈ ന്ദവസത്തയാൽ മനം തെഴുത്ത ബ്രഹ്മജ്ഞാനി എന്നെല്ലാമാണ്.

ഇത്ര മഹിതമായ നിലവാരത്തിലേക്ക് തന്റെ ബോധജ്ഞാനം വളർത്തപ്പെട്ടത് തറവാട്ടിൽ പിതാവ് ഒരുക്കിയെടുത്ത വേറിട്ട ഗൃഹാ ന്തരീക്ഷം മൂലമാണെന്ന് ഈ പുത്രൻ പലവട്ടം സാക്ഷ്യപ്പെടുത്തിയി ട്ടുണ്ട്.

28

അഞ്ചാമനോമനപ്പുത്രൻ

മക്കളോടുള്ള സമീപനത്തിലും പക്ഷപാതത്വം തീരെയില്ലാത്ത സമചിത്തഭാവമായിരുന്നു ചെറിയാൻ സാറിന്റേത്. മൂത്തവനെന്നോ ഇളയവനെന്നോ ആണെന്നോ പെണ്ണെന്നോ ഉള്ള ഭേദചിന്തകളില്ലാത്ത സമബുദ്ധി. അന്നു നാടെങ്ങും ആൺപെൺ ഭേദഗതി കലശലായിരുന്നു. ആഢ്യരെന്നു മേനി നടിക്കുന്ന മേലാളന്മാർ പോലും ഇല്ലത്തെ പെൺകിടാങ്ങൾക്ക് കേവലമായ അക്ഷരജ്ഞാനം കൂടി നിഷേധിച്ചിരുന്നു. അറിവിന്റെ നീലാകാശത്തിലെ വിപ്ലവനക്ഷത്രമായ ചെറിയാൻ സാർ അന്ന് സ്വപുത്രിമാർക്ക് കേവലമായ അക്ഷരജ്ഞാനം മാത്രമല്ല, സംസ്കൃതത്തിൽ തന്നെ നല്ല വിദ്യാഭ്യാസം നല്കി.

വീടു മറന്ന് നാട്ടുകാര്യങ്ങളിൽ വ്യാപൃതനായ വ്യക്തിയല്ല വാദ്ധ്യാർ. ദേശോദ്ഗ്രഥനത്തിനായും ബഹുലകർമ്മപദ്ധതികൾ വിഭാവനം ചെയ്തും അതു സാക്ഷാത്കരിച്ചും നിരന്തരം വ്യഗ്രചിത്തനായിരിക്കുമ്പോഴും കുടുംബനാഥൻ എന്ന സാരഥ്യത്തിൽ അദ്ദേഹം കുറ്റമറ്റ മാതൃകാ മൂർത്തിയായിരുന്നു. മക്കളുടെ ആരോഗ്യം, വസ്ത്രധാരണം, വിദ്യാഭ്യാസം, സൽസ്വഭാവരൂപീകരണം, ആത്മീയത, ഉന്നതോദ്യോഗം, വിവാഹം തുടങ്ങിയ സർവ്വകാര്യങ്ങളിലും ആ പിതാവ് ജാഗരൂകനായിരുന്നു. അദ്ദേഹത്തിന്റെ എട്ടാമത്തെ പുത്രിയായ തങ്കമ്മ മാത്യു 'ഗതകാലസ്മരണകൾ' എന്ന കുറിപ്പിലൂടെ ആ നല്ല അപ്പന്റെ കരുതലിനെപ്പറ്റി ഇങ്ങനെ എഴുതുന്നു. "ചിട്ടിത്തലയാളായി ദീർഘകാലം സേവനമനുഷ്ഠിച്ചിരുന്ന അപ്പച്ചൻ വ്യവഹാരകാര്യങ്ങൾക്കായി അടൂർ മുൻസിഫ് കോടതിയെ സമീപിക്കാറുണ്ടായിരുന്നു. അവിടെ വച്ച് തോണ്ടലിൽ കെ. മാത്യുവിനെ പരിചയപ്പെടുകയും അദ്ദേഹത്തിന്റെ പെരുമാറ്റരീതികൾ അപ്പച്ചനിൽ മതിപ്പുളവാക്കുകയും

ചെയ്തു. അപ്പച്ചൻ എനിക്ക് വിവാഹം ആലോചിച്ചുകൊണ്ടിരുന്ന സമയമായിരുന്നു അത്. അടൂർ തോണ്ടലിൽ കുഞ്ഞാണ്ടിയുടെയും ചേച്ചമ്മയുടെയും മകൻ കെ. മാത്യുവും (എക്സൈസ് ഉദ്യോഗസ്ഥൻ) ഞാനുമായുള്ള വിവാഹം 1117 മകരം 15-ന് കണ്ണങ്കോട്ട് മാർ ഇഗ്നാത്തിയോസ് പള്ളിയിൽ (അറപ്പുരപ്പള്ളി) നിരവധി വൈദിക ശ്രേഷ്ഠന്മാരുടെ സാന്നിദ്ധ്യത്തിൽ നടക്കുകയുണ്ടായി. വിവാഹത്തിനു ശേഷം അലങ്കരിച്ച വില്ലുവണ്ടിയിലാണ് ഭർത്തൃഗൃഹത്തിലെത്തിയത്."

സമദർശനമായിട്ടും വാദ്ധ്യാരുടെ അനൽപ്പമായ കാവലും കരുതലും അഞ്ചാമനെ പൊതിഞ്ഞു നിന്നിരുന്നു. തന്റെ കണ്ണിലും കരളിലും അവനൊരു ദിവ്യപരിമളപുഷ്പമായിരുന്നു. കാരണം ആ കുഞ്ഞ് രോഗാതുരതയുടെ മരണത്താഴ്വരയിൽ നിന്നും ജീവന്റെ അദൃശ്യമായ രക്ഷാകര കരം പിടിച്ച് ആരോഗ്യം നേടിയവനാണ്. പ്രാർത്ഥനയാൽ അനുഭവ്യമായ ആ രക്ഷാകരകരം ഉടയവന്റേതായിരുന്നില്ലേ! മാമോദീസായിൽ വിശുദ്ധ മൂറോൻ കൊണ്ട് അവന്റെ തളിരിളം തിരുനെറ്റിയിൽ കുരിശു വരച്ച് ഓമല്ലൂർ പള്ളിവികാരി ശാമുവേൽ എന്ന നാമം മുദ്രവച്ചത് വെറുതെയല്ല. വളരെ ബോധപൂർവ്വമാണ് വാദ്ധ്യാർ തന്റെ മകന് ശാമുവേൽ എന്ന നാമധേയം തെരഞ്ഞെടുത്ത് നൽകിയത്. 'കർത്താവിനോടു ചോദിച്ചു വാങ്ങപ്പെട്ടവൻ' എന്നാണാ പേരിന്റെ പൊരുൾ. പുത്രഗണത്തിലൊരുവൻ സുവിശേഷ സമർപ്പിതനായി വേർതിരിക്കപ്പെടണം എന്നത് തന്റെ ജന്മമോഹമായിരുന്നു. പാലസ്തീനായിലെ പൊള്ളുന്ന മണൽപ്പരപ്പിലൂടെ 'നന്മ ചെയ്തുകൊണ്ടു ചുറ്റി സഞ്ചരിച്ച' ക്രിസ്തുവിനെ ആത്മാവിൽ ആവാഹിച്ച് കാൽവരിയാകുന്ന അൾത്താരയിൽ രക്തം വിയർത്ത് ബലിയർപ്പിക്കുന്ന ഒരു സഹനപുത്രൻ എന്നും അദ്ദേഹത്തിന്റെ നെഞ്ചിലെ മോഹപ്രതീക്ഷയായിരുന്നു.

ചെറുനാൾ തൊട്ടേ അവനിലൊരു അലൗകികഭാവം നിറഞ്ഞു നിൽക്കുന്നതായി ശ്രദ്ധിക്കുന്നുണ്ട്. മറ്റ് മക്കൾ നാനാവിധ ജോലികളിൽ വ്യാപൃതരായി കഴിയുമ്പോഴും ശാമുവേൽ, വിജനതകളിലെ ഏകാന്തതയിൽ ആഴമായ ചിന്തകളിൽ മുഴുകി ഇരിക്കുന്നതു കാണാം. ചെറുപ്രായത്തെ അതിജീവിക്കുന്ന അവന്റെ ബുദ്ധിശക്തിയും ജ്ഞാനാർജ്ജവസിദ്ധിയും അതിശയിപ്പിക്കുന്നതായിരുന്നു. ബൈബിൾ ഏതാണ്ട് മുഴുവനും തന്നെ അവനു മനഃപാഠം. പൂമുഖത്തെ അലമാരയിൽ സൂക്ഷിക്കുന്ന ഹൈന്ദവവേദകൃതികളെല്ലാം അവൻ ശ്രദ്ധാപൂർവ്വം വായിച്ചുകഴിഞ്ഞിരിക്കുന്നു. അവയിലെ ആയിരക്കണക്കിനു ശ്ലോകങ്ങൾ അവനു ഹൃദിസ്ഥം! അപ്പനും മക്കളും ചാവടിയിൽ ഒത്തു കൂടി മിക്കവാറും നടത്തുന്ന അക്ഷരശ്ലോകമത്സരങ്ങളിലും

അവൻ മുന്നിട്ടുനിന്നു. കവിതകളെഴുതിയും പ്രസംഗമത്സരവേദികളിൽ തിളങ്ങിയും അവൻ കലാലയത്തിന്റെ അഭിമാനമായി.

ഒരുനാൾ ഒരു സന്ധ്യയിൽ കുളി കഴിഞ്ഞ് അലക്കിത്തേച്ച വസ്ത്രമണിഞ്ഞ് പൂമുഖത്തെ നിലവിളക്കിൽ എണ്ണ നിറച്ച് തിരികൊളുത്തി നിന്ന ആ പത്ത് വയസ്സുകാരനോട് വാദ്ധ്യാർ നിർദ്ദേശിച്ചു.

"പഴയനിയമപുസ്തകം എടുത്തുകൊണ്ട് എന്റെ അടുത്തു വന്നിരിക്കൂ" തൊട്ടുതൊഴുത് അത്യാദരവോടെ അവനാ വിശുദ്ധ ഗ്രന്ഥം പ്രാർത്ഥനാമുറിയിൽ നിന്നും എടുത്തു കൊണ്ടുവന്ന് അപ്പച്ചന്റെ അരികിലെ പീഠത്തിലിരുന്നു.

"ശാമുവേൽ പ്രവാചകന്റെ 1-ാം പുസ്തകം തുറന്ന് അതിലെ ആദ്യത്തെ മൂന്ന് അദ്ധ്യായങ്ങൾ കുഞ്ഞ് ഒന്നുറക്കെ വായിക്ക്"

ശ്രുതിലയതാളമധുരിമയാൽ കറയറ്റ ഉച്ചാരണമികവോടെയുള്ള ആ ശുദ്ധാക്ഷരങ്ങൾ ആ പിതാവിന്റെ കാതുകളിൽ മുഴങ്ങി നിന്നു.

" ഈ കുഞ്ഞിനു വേണ്ടിയാണ് ഞാൻ പ്രാർത്ഥിച്ചത്. എന്റെ പ്രാർത്ഥന കർത്താവു കേട്ടു, ആകയാൽ ഞാനവനെ കർത്താവിനു സമർപ്പിച്ചിരിക്കുന്നു. ആജീവനാന്തം അവൻ കർത്താവിനുള്ളവനായിരിക്കും" എന്ന ഭാഗം വായിച്ച് എന്തോ ഒരുൾപ്രേരണയാൽ ബാലൻ, അപ്പച്ചന്റെ മുഖത്തേക്ക് ഒന്നു നോക്കി. കാര്യഗൗരവത്തിന്റെ പൊരുൾ ആ പുത്രന്റെ ഇളംഹൃത്തിൽ ചുരുളഴിയുന്നുണ്ടായിരുന്നു. പഴയനിയമത്തിലെ ബാലനായ ശാമുവേലിന്റെ ദൈവവിളിയെപ്പറ്റി മറ്റൊരു ശാമുവേലായ ഈ ബാലനെക്കൊണ്ട് അപ്പച്ചൻ വായിപ്പിക്കുന്നത് സവിശേഷലക്ഷ്യത്തോടെ തന്നെയാണ്.

തരളഹൃദയനായി അവൻ പാരായണം തുടർന്നു. വൃദ്ധപുരോഹിതനായ ഏലിയുടെ സംരക്ഷണയിൽ ശാമുവേൽ പള്ളിക്കുള്ളിൽ പാതിരാനിദ്രയിലായിരുന്നു. അപ്പോൾ കർത്താവ് അവനെ വിളിച്ചു "ശാമുവേൽ.....ശാമുവേൽ." ഏലിയായിരിക്കും എന്നു കരുതി അദ്ദേഹത്തിന്റെ കിടക്കയ്ക്കരികിലെത്തി കാര്യം ആരാഞ്ഞു. "ഞാൻ നിന്നെ വിളിച്ചില്ല കുഞ്ഞേ" എന്നു പറഞ്ഞ് പുരോഹിതൻ അവനെ തിരിച്ചയച്ചു. പുനർ മയക്കത്തിനിടയിൽ വീണ്ടും ആ വിളി അവൻ കേട്ടു. ഏലി അവനെ അപ്പോഴും തിരിച്ചയച്ചു. മൂന്നാമതും ഇതാവർത്തിച്ചപ്പോൾ ഏലി കല്പിച്ചു, "ഇനി നിന്നെ വിളിച്ചാൽ കർത്താവേ, അരുളിചെയ്താലും, അങ്ങയുടെ ദാസൻ ഇതാ ശ്രവിക്കുന്നു എന്നു പറയണം"

നാലാമത് ദൈവം അവന്റെ മുമ്പിൽ വന്നുനിന്ന് വിളിച്ചു.

"ശാമുവേൽ.... ശാമുവേൽ"

അടിയനിതാ എന്നവൻ പ്രത്യുത്തരിച്ചു. പക്ഷേ വി.സി. ശാമുവേലിന് വേദഭാഗം തുടർന്ന് വായിക്കാനായില്ല. കണ്ണീർപ്പാളികൾ അവന്റെ കാഴ്ചയെ പ്രതിരോധിക്കുന്നതുപോലെ!

അവൻ മിഴിനീർ തുടച്ചു വായന തുടർന്നു. "... സാമുവേൽ വളർന്നു വന്നു. കർത്താവ് അവനോടുകൂടെ ഉണ്ടായിരുന്നു. അവന്റെ വാക്കുകളിലൊന്നും വ്യർത്ഥമാകാൻ അവിടുന്ന് ഇടവരുത്തിയില്ല. ശാമുവേൽ കർത്താവിന്റെ പ്രവാചകനായിത്തീർന്നിരിക്കുന്നു."

കൽപ്പിക്കപ്പെട്ട വേദഭാഗം വായിച്ചു തീർത്തു. കനത്ത മൗനത്തിന്റെ കുറേ നിമിഷങ്ങൾ പിന്നിട്ടു. ഇരുവരും ശിലാവിഗ്രഹങ്ങൾ കണക്കേ ഉമ്മറത്തങ്ങനെ നിലകൊണ്ടു. അപ്പച്ചന്റെ അധരങ്ങളിൽ വിരിയുന്ന വാക്പുഷ്പങ്ങൾ ഇറുത്തെടുത്ത് ഹൃദയമാല്യം തീർക്കാൻ വെമ്പുകയായിരുന്നു ആ സൽപ്പുത്രൻ. ഒരു ധ്യാനത്തിൽ നിന്നെന്നവണ്ണം ഉണർന്ന് പിതാവ് പറഞ്ഞു. "നീ ഒരു ധനാഢ്യനായിത്തീർന്ന് വാർദ്ധക്യ കാലത്തെന്നെ പരിചരിക്കണമെന്നല്ല നിന്നെക്കുറിച്ച് ഞാനാഗ്രഹിക്കുന്നത്. ശാമുവേൽ പ്രവാചകനെപ്പോലെ ദൈവത്തിന്റെ ദാസനായിത്തീർന്ന് ആയുഷ്പര്യന്തം ദൈവത്തെ സേവിക്കണമെന്നാണ് എനിക്ക് നിന്നെക്കുറിച്ചുള്ള പ്രതീക്ഷ. ആ പ്രതീക്ഷ നിന്റെ ജീവിതത്തിൽ സഫലമാക്കുന്ന പക്ഷം ഞാനതിയായി സന്തോഷിക്കും"

കുമ്പിടലും ദാനോത്സുകതയും ആ ഭവനത്തെ ഗാർഹികദേവാലയമാക്കി മാറ്റിയിരുന്നു. സൺഡേസ്കൂൾ എന്ന പേരിലുള്ള വിശ്വാസപരിശീലനം ഇടവകയുടെ അടിസ്ഥാന ധർമ്മമാണ്. ചീക്കനാൽ ദേശത്ത് ആദ്യമായി സൺഡേസ്കൂൾ തുടങ്ങിയതും ചെറിയാൻസാറാണ്. പ്രസ്ഥാനത്തിന്റെ മുഴുവൻ ചുമതലകളും ഏറ്റെടുത്ത് ബൈബിൾ വിജ്ഞാനീയത്തിന്റെയും സഭാചരിത്രത്തിന്റെയും കാണാപ്പുറങ്ങളിലേക്ക് ആ ഗുരുനാഥൻ പുതുതലമുറയെ വഴിനടത്തി. ചീക്കനാലിൽ സ്വന്തം പുരയിടത്തിൽ ആരംഭിച്ച രണ്ടുമുറിയുള്ള പള്ളിക്കൂടത്തിൽ വച്ചായിരുന്നു സൺഡേസ്കൂൾ പരിശീലനം.

29

നീതിബോധത്തിന്റെ തലയെടുപ്പ്

'അന്തഃഛിദ്രമുള്ള ഭവനം അഴിഞ്ഞുപോകും' എന്ന വേദോക്തി, സഭയിൽ അന്വർത്ഥമായിക്കൊണ്ടിരിക്കുന്നു. എന്നിട്ടും സഭാഗാത്രത്തിനേറ്റ ഭയാനകമായ പിളർപ്പിൽ ക്രൈസ്തവമൂല്യത്തിന്റെ സ്നേഹൗഷധം ഇറ്റിക്കാൻ ആരും എന്തേ ദുരഭിമാനം കൈവെടിയുന്നില്ല. സഭാമക്കൾ എത്ര കാലമായി ചേരി തിരിഞ്ഞ് വടംവലി നടത്തുന്നു. ഒരേ വിശ്വാസവും ഒരേ ആരാധനാരീതികളും കൈമുതലായുള്ള ഏകോദര സോദരങ്ങളുടെ ഈ ചേരിതിരിവ് ഇടയിൽ വാദ്ധ്യാരെ ഒട്ടൊന്നുമല്ല ദുസ്സഹപ്പെടുത്തിയത്. ജീവിതത്തിൽ ഒരിക്കൽപോലും കോപമോ നീരസമോ പ്രകടിപ്പിച്ചിട്ടില്ലാത്ത ഒരുമയുടെ ഈ ആചാര്യന് സ്വന്തം സഭയുടെ ദുര്യോഗം എങ്ങനെ സഹിക്കാനാവും!

പ്രബോധനത്തിന്റെയും ഗുണദോഷവിചാരത്തിന്റെയും റാന്തൽവെട്ടവുമായി വിദ്വേഷത്തിന്റെ ഇടങ്ങളിലെല്ലാം വാദ്ധ്യാർ കടന്നുചെന്നു. രണ്ടാം ഭവനമായി കരുതി ആദരിക്കുന്ന തന്റെ സ്വന്തം ദേവാലയമായ ഓമല്ലൂർ സെന്റ് തോമസ് വലിയപള്ളിയിലെ അന്തരീക്ഷവും വ്യത്യസ്തമായിരുന്നില്ല. വലിയപള്ളിയെന്നു പേരുണ്ട്; പാരമ്പര്യവുമുണ്ട്. എന്നാൽ ഇടവകജനം വിഘടിച്ചു നിന്നാൽ എങ്ങനെ ഇടവകസമൂഹം വളരും? ഈ വക സങ്കടങ്ങളൊക്കെ സമർപ്പിച്ച് വാദ്ധ്യാർ നിരന്തരം പ്രാർത്ഥിച്ചുകൊണ്ടേയിരുന്നു. ബ്രാഹ്മമുഹൂർത്തത്തിൽത്തന്നെ നിത്യവും എഴുന്നേറ്റ് വീട്ടിൽ എല്ലാവരേയും വിളിച്ചുണർത്തി ഉള്ളുണർന്നു വാദ്ധ്യാർ പ്രാർത്ഥിച്ചു. യാമങ്ങൾതോറും കൃത്യനിഷ്ഠയോടുകൂടി ആ പ്രാർത്ഥന അദ്ദേഹം തുടർന്നു. പാമ്പാക്കുട നമസ്ക്കാരം എന്ന പ്രാർത്ഥനാക്രമം അവർക്കെല്ലാം കാണാപ്പാഠമായിരുന്നു. നോമ്പുകാലത്തെ ഭക്ഷ്യവർജ്ജനവും

30

പള്ളിയാണഭയകുടീരം

സഭാമക്കൾ തമ്മിലുള്ള പോർവിളി രൂക്ഷമായി തുടരുകയാണ്. സഭാശക്തിയെ ചോർത്തിക്കളയുന്ന സമുദായകേസിൽ അങ്ങനെ ഓമല്ലൂർ പള്ളിയും ഉൾപ്പെട്ടു.

അഭിജാതബ്രാഹ്മണ തറവാട്ടുകാർ വിലയ്ക്കു നൽകിയ ഇടത്താണ് ഓമല്ലൂർ വലിയപള്ളി നിലകൊള്ളുന്നത്. അതിന്റെ ചുറ്റുപാടും പോറ്റിമാരും നായർ സമുദായാംഗങ്ങളും മറ്റും കുടികൊള്ളുന്നുണ്ട്. അവരുടെ മുമ്പിൽ അനൈക്യത്തിന്റെ ദുർസാക്ഷ്യം പ്രകടമാകേണ്ടി വരുന്നതിൽ വാദ്ധ്യാർ ഏറ്റം വിഷണ്ണനായിരുന്നു. നാനാജാതിമതസ്ഥരുടെ നടുവിൽ അഭിമാനത്തിന്റെ തലയെടുപ്പോടെ വിഹരിച്ച ആ സർവ്വാദരണീയന്റെ തല താണു പോകുന്നപോലെ. അതുകൊണ്ടു തന്നെ സ്വദേശത്തെങ്കിലും ഒരു സമാധാനാന്തരീക്ഷം സംജാതമാക്കാൻ ഒരുമയുടെ ആ പ്രവാചകൻ അവിശ്രമം പരിശ്രമിക്കുകയായിരുന്നു.

ഇലവിനാമണ്ണിൽ സ്ക്കറിയ മല്പാനച്ചന്റെ കുടുംബവകയായി അല്പം മാറി മഞ്ഞനിക്കരക്കുന്നിൽ കുറച്ച് വസ്തു ഉണ്ടായിരുന്നു. അതിൽ ഒരു യാക്കോബായ ദേവാലയം സ്ഥാപിച്ചാൽ പ്രശ്നങ്ങൾ ഒട്ടൊക്കെ കുറഞ്ഞു കിട്ടുമോ എന്നൊരു പോംവഴി അദ്ദേഹത്തിൽ അങ്കുരിച്ചു. മഞ്ഞനിക്കര സ്റ്റേഫാനോസ് പള്ളിയുമായി അടുത്ത ബന്ധം പുലർത്തിപ്പോന്നപ്പോഴും ചെറിയാൻ സാർ മറ്റുള്ളവരിൽ നിന്നു വ്യത്യസ്തനായി തന്റെ മാതൃദേവാലയമായ ഓമല്ലൂർ വലിയപള്ളിയുമായുള്ള പൊക്കിൾക്കൊടി ബന്ധവും കാത്തു പാലിച്ചുപോന്നു. അത്ര പ്രോജ്ജ്വലത്തായ സ്വഭാവമഹത്ത്വത്തിന് ഉടമയായിരുന്നു ആ മൈത്രേയ കുബേരൻ. വിശുദ്ധിയോടും നന്മകളോടും

മൂല്യധർമ്മാദികളോടും മമത പുലർത്തുമ്പോൾ തന്നെ തനിക്കിഷ്ടമല്ലാത്ത ചിന്താധാരകളിൽ അഭിരമിക്കുന്ന മനുഷ്യരെക്കൂടി സഹജീവികളായി കാണാനും സ്നേഹോഷ്മളമായി അവരോട് ഇടപെടാനും ഉള്ള ദിവ്യമായ സിദ്ധി ആ മനുഷ്യസ്നേഹിക്കുണ്ടായിരുന്നു.

ഇത്ര സംപുഷ്ടമായ ഏകതാമനോഭാവം ഉയിരിന്റെ ഊർജ്ജമായി കാത്തുപാലിക്കുവാൻ വാദ്ധ്യാരെ സഹായിച്ചത് പൈതൃക നന്മയും അപാരമായ പാരായണവും ആഴമായ മനനവും മറ്റുമായിരുന്നു. ഈശ്വരനും പ്രപഞ്ചവും നരകുലവും ഏക ഭാവമാണെന്ന തിരിച്ചറിവായിരുന്നു വാദ്ധ്യാരെ അനന്യനാക്കിയത്. 'ഈശോവാസ്യോപനിഷത്തി'ൽ പറയുന്ന സമത്വസുന്ദരദർശനം ആ ഹൃദയത്തെ മാനവമൈത്രിയുടെ കേദാരമാക്കിത്തീർത്തിരുന്നു.

"യസ്തു സർവ്വാണി ഭൂതാനി ആത്മന്യേവാനു പശ്യതി
സർവ്വഭൂതേഷ്ഠ ചാന്മാനം തതോ ന വിജുഗുപ്സതേ"

അതായത് സർവ്വഭൂതങ്ങളെയും തന്നിലും, തന്നെ എല്ലാ ജീവികളിലും കാണുന്നവൻ, ആ ഏകത്വ ദർശനം ഹേതുവാൽ ലോകത്തിൽ ഒന്നിനേയും നിന്ദിക്കുന്നില്ല.

വാദ്ധ്യാരെ സംബന്ധിച്ച് തന്റെ വിശ്വാസയാത്രയുടെ ഇരുചിറകുകളായിരുന്നു ഓമല്ലൂർ പള്ളിയും മഞ്ഞനിക്കരപള്ളിയും. ഒരേ മണ്ണിൽ പിറന്നു പുലർന്നവർ തങ്ങളിൽ കണ്ടാൽ മിണ്ടാതായി, മിണ്ടിയാൽ വാഗ്വാദമായി. അദൃശ്യനായ ഏക ദൈവത്തോട് ഒന്നടങ്കം വിധേയപ്പെടുമ്പോൾ തന്നെ ചേരിതിരിഞ്ഞാക്രമിക്കുന്ന ദുരവസ്ഥ. ഇതിനൊരറുതി വരുത്തുക എന്ന അദമ്യദാഹത്തോടെയാണ് ചെറിയാൻ സാർ രണ്ടു ദേവാലയങ്ങളിലും ഒരു പോലെ കടന്നു ചെന്നിരുന്നത്. ദേവാലയത്തിലെ വിശ്വാസപരിശീലന ചുമതല അദ്ദേഹവും മുതിർന്ന ആൺമക്കളും ഏറ്റെടുത്തു. മക്കളിൽ പലരും വിവാഹിതരായി സ്വതന്ത്രജീവിതം കൈക്കൊണ്ടു കഴിയുമ്പോൾ പോലും അവർ ആ പിതാവിനൊപ്പം എല്ലാ കാര്യങ്ങളിലും നിലകൊണ്ടിരുന്നു. മരുമക്കളും കൊച്ചുമക്കളും എല്ലാമായി ഒരുമയുടെ ഈറ്റില്ലമായി ആ തറവാട് മാറുകയായിരുന്നു.

അവരെല്ലാവരും ഒരുമിച്ചുള്ള ഞായറാഴ്ച പ്രഭാതങ്ങളിലെ ദേവാലയയാത്ര ആ നാട്ടിലൊരു കൗതുകക്കാഴ്ച്ചയായിരുന്നു. കുളിച്ചൊരുങ്ങി തൂവെള്ള വസ്ത്രധാരികളായി ഒരുമിച്ച് ഗ്രാമീണമായ ആ ഒറ്റയടിപ്പാത താണ്ടി ഓമല്ലൂരിലെയും മഞ്ഞനിക്കരയിലേയും പള്ളികളിലേക്ക് ആഴ്ച്ചതോറുമുള്ള ആ തീർത്ഥാടനം നാട്ടാരെ പ്രചോദിപ്പിച്ചിരുന്നു.

കൊച്ചുമകനായ പ്രൊഫസർ ജോർജ്ജ് തോമസ് ഇടയിൽ അനുസ്മരിക്കുന്നതിങ്ങനെയാണ്. "തേജസ്വികളായ അവരുടെ ശുഭ്ര

വസ്ത്രവും കുലീനരൂപവും ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുകയാണ്. വെള്ളമുണ്ടും ഇറക്കമുള്ള മുറിക്കൈയൻ ഷർട്ടുമാണ് വല്യപ്പച്ചൻ ധരിച്ചിരുന്നത്. കരയില്ലാത്ത കച്ചത്തോർത്ത് തോളിൽ മടക്കിയിട്ടിരുന്നു. വിരിഞ്ഞ നെറ്റിത്തടത്തിനു താഴെ വെള്ളിക്കണ്ണട തിളങ്ങി നിൽക്കുന്നു. ചന്ദന നിറത്തിലുള്ള മെതിയടിയും വലതുകയ്യിൽ ശോഭിച്ചിരുന്ന മിനുസമുള്ള ഊന്നുവടിയും അദ്ദേഹത്തിന്റെ രൂപത്തിന് പ്രൗഢി വർദ്ധിപ്പിക്കുന്നു. വെണ്മയേറിയ ചട്ടയും മുണ്ടും വാളികയുമണിഞ്ഞ സുന്ദരിയായ വല്യമ്മച്ചി വല്യപ്പച്ചനുമായി ചേർന്നു നിൽക്കുന്ന ആ കാഴ്ച ഇന്നും എന്റെ ഉൾക്കണ്ണിൽ തെളിഞ്ഞു നിൽക്കുന്നു"

ഞായറാഴ്ചകളിൽ പോലും പള്ളിയിൽ പോവുക എന്നത് പലർക്കും അത്രകണ്ട് നിഷ്ഠാപരമായിരുന്നില്ല അന്ന്. പകരം അവർ പാടത്തും പറമ്പിലും പണി ചെയ്യാനാവും സമയം കണ്ടെത്തുക. ഉടൽ മറയ്ക്കാൻ ഒരുടയാട ഇല്ലാത്തതു തന്നെയാണ് അവരിലേറെപ്പേരുടെയും പരാധീനത. അവരിൽ പലർക്കും ഭൗതിക സാഹചര്യങ്ങളൊരുക്കി ദൈവാരാധനയുടെ പരമമായ പ്രാധാന്യം പറഞ്ഞ് ബോധ്യപ്പെടുത്തി ദേവാലയത്തിലേക്ക് അവരെ ആനയിക്കാൻ വാദ്ധ്യാർ നന്നേ ബദ്ധപ്പെട്ടിട്ടുണ്ട്.

വീട്ടിൽ നിന്നും ഓമല്ലൂരിലേക്കും മഞ്ഞനിക്കരയിലേക്കും മറ്റുമുള്ള യാത്രാമാർഗ്ഗം ഒറ്റയിടപ്പാത മാത്രം. മഴക്കാലത്ത് നീരൊഴുക്കുണ്ടായി ചെറുതോടുകളായി പരിണമിച്ചവയാണ് ആ ഒറ്റയടിപ്പാതകൾ. ഞായറാഴ്ചയിലെ കുടുംബയാത്രയിൽ അഗ്രഗാമിയായി വാദ്ധ്യാർ നടക്കും. അലക്കിത്തേച്ച വടിവൊത്ത വെള്ള മുണ്ടും ജൂബയും ഒരുത്തരീയവുമാണ് വേഷം. കയ്യിൽ മുറുകെ പിടിച്ച വേദപുസ്തകം നെഞ്ചോടു ചേർത്തു വച്ചാണ് യാത്ര. മിന്നിത്തിളങ്ങുന്ന ചുറ്റുള്ള കണ്ണടയ്ക്കുള്ളിലെ ദീപ്തനേത്രങ്ങൾ ചുറ്റുപാടുമുള്ള മനുഷ്യരിലേക്ക് ആർദ്രതാപൂർവ്വം നീണ്ടുചെല്ലുന്നുണ്ട്. പലരോടും ചിരിച്ചും കുശലമാരാഞ്ഞുമുള്ള യാത്ര. പിന്നാലെ കൂടെത്തന്നെയുണ്ട് തൂവെള്ള കച്ചമുറിയും ചട്ടയും നേര്യതും സ്വർണ്ണവാളികകളും അണിഞ്ഞ് ഒരു മാലാഖ കണക്കെ നടക്കുന്ന സഹധർമ്മിണി. ഒറ്റയടിപ്പാതയാകയാൽ ഒന്നൊന്നായി പിന്നാലെയുണ്ട് കുടുംബാംഗങ്ങളെല്ലാം. ഒരു കപ്പ് ചൂടു കാപ്പി വെള്ളം മാത്രം കുടിച്ചുകൊണ്ടുള്ള ഇറക്കമാണ്. തങ്ങളുടെ രക്ഷകനും നാഥനുമായ യേശുകർത്താവിന്റെ തിരുശരീരരക്തങ്ങളാകുന്ന വിശുദ്ധ കുർബ്ബാന കൈക്കൊള്ളുന്നതിനു മുമ്പായി ഘനമായിട്ടൊന്നും ആഹരിച്ചുകൂടാ എന്ന നിശിത ബോധ്യം അവർക്കുണ്ട്. ആരാധനയും വേദപാഠവും കഴിഞ്ഞ് എല്ലാവരുമൊന്നിച്ച് വീട്ടിൽ തിരികെയെത്തുമ്പോഴേക്കും ഉച്ചഭക്ഷണം തയ്യാറായി കഴിഞ്ഞിരിക്കും. വഴിവക്കിൽ കണ്ടെത്തുന്ന അഗതികളായ

നാട്ടുകാരെക്കൂടി മാടി വിളിച്ചു കൂടെ കൂട്ടിക്കൊണ്ടാവും മിക്ക ഞായറാഴ്ചകളിലും വാദ്ധ്യാരുടെ മടങ്ങി വരവ്. അങ്ങനെ അവരെല്ലാവരും ഒന്നിച്ചിരുന്ന് ഭക്ഷിക്കും. കൂട്ടായ്മയുടെ ആ സ്നേഹോഷ്മള പന്തിഭോജനവും ദൈവതിരുമുമ്പിൽ ദേവാലയബലി ഭക്ഷണം പോലെ വിലമതിക്കപ്പെട്ടിരുന്നിരിക്കാം.

31

മഹാചാര്യനെ വരവേൽക്കാൻ

രൗദ്രമൂർത്തികളായ ഒറ്റയാന്മാരുടെ ദ്വന്ദ്വയുദ്ധം കണക്കേ സഭയിൽ പക്ഷപാതപരമായ ബലപരീക്ഷണം തുടർന്നുകൊണ്ടേയിരുന്നു. അന്തമില്ലാതെ നീളുന്ന കൊടുംശണ്ഠകൾക്ക് അറുതി വരുത്താൻ മുൻകൈയെടുത്തവരെല്ലാം പരാജയപ്പെടുകയായിരുന്നു. ബ്രിട്ടീഷ് ഇന്ത്യയുടെ വൈസ്രോയി ആയിരുന്ന ഇർവ്വിൻ പ്രഭുവും സമാധാനപുനഃസ്ഥാപനാർത്ഥമുള്ള പദ്ധതികളുമായി രംഗത്തു വന്നു. അന്ത്യോഖ്യയിൽ വാഴുന്ന ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായെ കേരളത്തിലേക്കു വരുത്തിയാൽ പ്രശ്നപരിഹാരമാകുമെന്നായിരുന്നു പ്രഭുവിന്റെ പ്രതീക്ഷ. ഇക്കാര്യത്തിൽ സന്ധിസംഭാഷകരെന്ന നിലയിൽ സഭാപണ്ഡിതരായ ബിഷപ്പ് ഡോ. ചാൾസ് ഗോറിനെയും ഡോ. ജോൺ ആർ മോട്ടിനെയും നിയോഗിച്ചു. അവർ നടത്തിയ അനുരഞ്ജനശ്രമപ്രകാരം കേരള സന്ദർശനക്ഷണത്തെ പാത്രിയർക്കീസ് ബാവാ സ്വീകരിച്ചു. അങ്ങനദ്ദേഹം കപ്പലിൽ ഇങ്ങോട്ടു യാത്ര തിരിച്ചു.

1931-ൽ കേരളമണ്ണിൽ പദമൂന്നിയ ബാവായെ കപ്പൽ നിലയത്തിൽ നിന്നു സ്വീകരിച്ച് കൊച്ചിയിലെത്തിച്ചു. ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രയർക്കീസിന്റെ മുൻഗാമിയായിരുന്ന അബ്ദുള്ളാ ബാവാ പാത്രയർക്കീസ് 1909ൽ കേരളത്തിലെത്തിയിരുന്നു. അന്നാണ് മലങ്കര സഭയുടെ ഭൗതിക സ്വത്തിന്മേലുള്ള അവകാശത്തർക്കം ആരംഭിച്ചത്. സ്വത്തുക്കളുടെ അധീശത്വം അന്തോഖ്യക്ക് വിട്ടുകൊടുക്കാൻ മടിച്ചതിന്റെ പേരിൽ സഭാമെത്രാപ്പോലിത്തയായിരുന്ന വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയെ ബാവാ അന്നു അധികാരത്തിൽ നിന്നും മുടക്കുകയുണ്ടായി. പിന്നീട് 1912-ൽ അന്ത്യോഖ്യായിൽ നിന്നും കേരളത്തിൽ വന്ന അബ്ദദ് മ്ശിഹാ പാത്രയർക്കീസ്, കാതോലിക്കാ സിംഹാസനം കോട്ടയത്ത് പുനഃസ്ഥാപിച്ചു കൊടുത്തെങ്കിലും സമാധാനം സഭയിൽ കൈവരാതെ പോയി. കൊച്ചിയിലെത്തിയ ഏലിയാസ് തൃതീയൻബാവാ വട്ടശ്ശേരിൽ തിരുമേനിക്ക് കുറേ വർഷങ്ങൾ മുമ്പ് തന്റെ മുൻഗാമി ഏർപ്പെടുത്തിയ മുടക്ക് അഴിച്ചു കളഞ്ഞ് തന്റെ സമാധാനശ്രമങ്ങൾക്ക് ആരംഭം കുറിച്ചു.

സമുദായ പ്രമുഖനായിരുന്ന ഇടയിൽ വാദ്ധ്യാരും ഇലവിനാമണ്ണിൽ കത്തനാരും ബാവായെ ചെന്നുകണ്ട് ഓമല്ലൂർ പ്രദേശത്തേക്കു ക്ഷണിച്ചു കൊണ്ടു വരാൻ പദ്ധതിയൊരുക്കി. ബാവാ തിരുമേനി തന്റെ അധീനതയിലുള്ള വിവിധപള്ളികൾ സന്ദർശിച്ചുകൊണ്ട് ഏതാണ്ട് ഒരു വർഷമായി മലയാളക്കരയിൽ തന്നെയുണ്ട്. അദ്ദേഹവും ഒപ്പം അന്ത്യോഖ്യയിൽ നിന്നെത്തിയ റമ്പാച്ചന്മാരും പട്ടക്കാരും മറ്റുമായി പരിശുദ്ധ ബാവാ ആലുവ തൃക്കുന്നത്തു സെമിനാരിയിൽ താമസിച്ചു വരികയാണ്. ബാവായെ ക്ഷണിക്കുന്നതിനു മുമ്പേ വാദ്ധ്യാർ ഇക്കാര്യങ്ങളെപ്പറ്റിയെല്ലാം തുമ്പമൺ മെത്രാപ്പോലിത്തയുമായും ഓമല്ലൂരിലെയും മഞ്ഞനിക്കരയിലെയും വൈദികരുമായും അല്മായ വിശ്വാസികളുമായും നാട്ടുപ്രമാണിമാരുമായും സംസാരിച്ചു. ബാവായെ അനുകൂലിക്കുന്നവരേക്കാൾ പ്രതികൂലിക്കുന്നവരല്ലേ തെക്കൻപ്രദേശമായ തുമ്പമൺ ഭദ്രാസനത്തിലുള്ളത് എന്ന് മെത്രാപ്പോലിത്താ ആശങ്ക ഉന്നയിച്ചു. പ്രശ്നങ്ങൾ ഉണ്ടാവാതെ ഞാൻ നോക്കിക്കോളാം എന്ന വാദ്ധ്യാരുടെ ഉറപ്പിന്മേൽ മെത്രാപ്പോലിത്താ സമാധാനിച്ചു. പ്രതിയോഗികളായ ഈറ്റപ്പുലികളെ ഇണക്കമുള്ള കുഞ്ഞാടുകളാക്കി ഭാവാന്തരപ്പെടുത്താൻ പോന്ന അനുരഞ്ജന സ്നേഹൗഷധം വാദ്ധ്യാരുടെ ആത്മചഷകത്തിൽ നിറഞ്ഞു കിടപ്പുണ്ടെന്ന് മെത്രാപ്പോലിത്തക്ക് അറിയാമായിരുന്നു.

വാദ്ധ്യാരും കൂട്ടുകാരും ബാവായെ നേരിൽചെന്നു കണ്ട് ഓമല്ലൂർ പള്ളിയിലേക്കു ക്ഷണിക്കാൻ കാത്തിരിക്കുകയായിരുന്നു. ബാവാ പാർക്കുന്ന ആലുവാ തൃക്കുന്നത്തു സെമിനാരി വരെ സഞ്ചരിക്കുക എന്നത് അത്യന്തം ക്ലേശപൂർണ്ണമാണ്. അങ്ങനിരിക്കേ ബാവാ തിരുമേനി വടക്കൻപ്രദേശത്തെ പള്ളികൾ പലതും സന്ദർശിച്ച് റാന്നിയിലെ സെന്റ് തോമസ് ക്നാനായ വലിയപള്ളിയിൽ 1931 നവംബർ 14-ാം തീയതി വരുന്നുണ്ടെന്ന വിവരം അവർ ഭദ്രാസനമെത്രാപ്പോലിത്തായിൽ നിന്നും അറിഞ്ഞു. അവിടെചെന്ന് ബാവായെ കണ്ട് ക്ഷണിക്കാനായി ഇലവിനാമണ്ണിൽ ഇ.എസ്. കുര്യാക്കോസ് കത്തനാർ, പാറയ്ക്കൽ കെ.ജി. തോമസ് കത്തനാർ എന്നിവരോടുകൂടി ഇടയിൽ വാദ്ധ്യാർ റാന്നി ക്നാനായ പളളിയിലെത്തി. ബാവായ്ക്കൊപ്പം അവിടെയുണ്ടായിരുന്ന തുമ്പമൺ ഭദ്രാസനനാധിപിൻ

മിഖായേൽ മാർ ദിവന്നാസിയോസിന്റെ നേതൃത്വത്തിൽ അവർ ബാവായെ ചെന്നു കണ്ട് ഓമല്ലൂർ പള്ളിയിലേക്കു ക്ഷണിച്ചു. തീക്കനലിന്റെ മുഖശോഭയുള്ള ബാവാ രോഗാവസ്ഥ മൂലം ആദ്യം വിസമ്മതിച്ചെങ്കിലും പിന്നീട് സമ്മതിച്ചു. തിളച്ചുതൂവിയ പാൽപ്പത പോലുള്ള താടിമീശ തടവിക്കൊണ്ട്, തന്റെ സെക്രട്ടറിയെ വിളിച്ച് ആലോചിച്ച് 1932 ഫെബ്രുവരി 11-ാം തീയതി വ്യാഴാഴ്ചയിൽ ഓമല്ലൂരിൽ വരാമെന്നറിയിച്ചു.

ബാവായുടെ വരവിന് മൂന്നു മാസമേ ശേഷിക്കുന്നുള്ളൂ. വിവിധ കർമ്മസമിതികൾ രൂപീകരിച്ച് ഒരുപാട് കാര്യങ്ങൾ ക്രമീകരിക്കേണ്ടതുണ്ട്. തുമ്പമൺ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലുമുള്ള ബാവാ അനുഭാവികളുടെ ഒരു പ്രതിപുരുഷയോഗം ഓമല്ലൂർ പള്ളിയിൽ കൂടി. സ്വീകരണഘോഷമേളങ്ങൾ, ബാവായ്ക്കും കൂട്ടർക്കുമുള്ള താമസസൗകര്യങ്ങൾ, യാത്രാ മാർഗ്ഗം ഇത്യാദി വിഷയങ്ങൾ അവർ കൂലങ്കഷമായി ചർച്ച ചെയ്തു. രണ്ടു വ്യത്യസ്ത വിഭാഗക്കാർ നിലകൊള്ളുന്ന ഓമല്ലൂർ പള്ളിയിൽ ബാവായെ വരവേൽക്കുന്നത് ശുഭകരമായിരിക്കില്ലെന്നും ഒരു കൂട്ടർ മാത്രമായുള്ള മഞ്ഞനിക്കര പള്ളിയിലേക്കു സ്വീകരിച്ച് പാർപ്പിടം ഒരുക്കുന്നതാണ് ഉചിതമെന്നുമുള്ള ഒരു വാദഗതി യോഗത്തിൽ ശക്തിപ്പെട്ടു. ഇരുപതിൽപരം കുടുംബക്കാർ ഓമല്ലൂർ പള്ളിയിൽ നിന്നും മഞ്ഞനിക്കര പള്ളിയിലേക്ക് കുടിയേറിയിട്ടും ഓമല്ലൂർ പള്ളി പൂർണ്ണമായും ഒരു വിഭാഗക്കാരുടേത് മാത്രമായിരുന്നില്ല. ഈ അവസ്ഥയിൽ പൊതുയോഗത്തിൽ ഉന്നയിക്കപ്പെട്ട വാദത്തിന് പ്രസക്തിയുള്ളതായി പലരും അഭിപ്രായപ്പെട്ടു. വ്യത്യസ്ത ചേരികളിൽപ്പെട്ടവരുടേതായി കരുതപ്പെടുന്ന ഇരുദേവാലയങ്ങളുമായും സ്വരുമ പുലർത്തിപ്പോരുന്ന വാദ്ധ്യാർ ഇക്കാര്യത്തിൽ നിഷ്പക്ഷമായ നിലപാടാണ് കൈക്കൊണ്ടത്. ബാവാ തിരുമേനിയെ മഞ്ഞനിക്കര പള്ളിയിലേക്ക് വരവേൽക്കുക എന്ന സ്ഥിരീകരണ തിരുമാനത്തോടെ പ്രതിപുരുഷയോഗം പിരിഞ്ഞു.

32

നാടുണർത്തിയ കൊട്ടും കുരവയും

ചരിത്രത്തിൽ ആദ്യമായാണ് ശീമയിൽ നിന്നൊരു മഹാപുരോഹിതൻ ഓമല്ലൂരിലേക്ക് എഴുന്നള്ളുന്നത്. ഇടയിൽ വാദ്ധ്യാരുടെ നേതൃത്വത്തിൽ നാട്ടുകാർ ഓമല്ലൂരിനെ ഒരഭൗമ പരിവേഷത്തിൽ അണിയിച്ചൊരുക്കി സജ്ജീകരിച്ചിരുന്നു. പനയോലത്തഴപ്പിന്റെ കൂറ്റൻ ആനവാതിൽ കൈപ്പട്ടൂർ കടവിൽ ഒരുക്കി. ഇരുപുറവും കെട്ടി നിർത്തിയ കുലച്ച കുലവാഴകൾ കൈകൾ നീട്ടി അതിഥികളെ സ്വാഗതം ചെയ്യുന്നതുപോലെ. അവിടെ നിന്നും കുറെ അകലെയുള്ള മഞ്ഞനിക്കര കുന്നു വരെ പാതയുടെ ഇരുവശങ്ങളിലുമായി വലിച്ചു കെട്ടിയ ചരടുകളിലായി കരുത്തോലകളുടെ അലങ്കാരത്തോരണങ്ങൾ. കേവലം ന്യൂനപക്ഷീയമായ ഒരാഘോഷമായി തീരാമായിരുന്ന ആ വരവേൽപ്പ് നാടിന്റെ ഒരു മഹോത്സവമായി മാറത്തക്കവിധം സർവ്വമത മൈത്രേയനായ ഇടയിൽ വാദ്ധ്യാരുടെ ഇടപെടലുകൾ അത്രകണ്ട് ശക്തമായിരുന്നു. സൗകര്യം തീരെപ്പോരാത്ത മഞ്ഞനിക്കര പള്ളിയുടെ പരിസരമാകെ നിരപ്പാക്കിയും പഴയകാട്ടുകല്ലിന്റെ കയ്യാലകൾ പൊളിച്ച് വെട്ടുകല്ലുകൾ അടുക്കി നവീകരിച്ചും ബാവായ്ക്കും കൂട്ടർക്കും പാർക്കാൻ പാകത്തിൽ അനുബന്ധ താത്ക്കാലിക മുറികൾ നിർമ്മിച്ചും ഒത്തുകൂടുന്ന ജനാവലിക്ക് വേനൽത്തീയിൽ ഒരാശ്വാസമായി തോണിയിൽ സംഭാരം കരുതിയും കാര്യങ്ങൾ ക്രമീകരിച്ചിരുന്നു. എല്ലാത്തിനുമായി വേണ്ടി വന്ന വലിയൊരു ധനശേഖരത്തിൽ നല്ലൊരു പങ്ക് കയ്യയച്ച് സംഭാവന ചെയ്യുവാനും വാദ്ധ്യാർ ഉത്സാഹിച്ചിരുന്നു.

കൈപ്പട്ടൂർ കടവിറങ്ങി പ്രവേശന കവാടത്തിനടുത്തേക്കു നീങ്ങുന്ന ബാവായുടെ തൃക്കഴുത്തിൽ പൂമാല ചാർത്താൻ സജ്ജനായി, സ്വർണ്ണവർണ്ണോജ്വല മുഖാവരണം അണിഞ്ഞൊരു ആനക്കൊ

മ്പൻ നടവാതിൽക്കൽ നിലയുറപ്പിച്ചിരിക്കുന്നു. ഓമല്ലൂർ ക്ഷേത്രോത്സവത്തിന് വർഷം തോറും എത്താറുള്ള ഒരു സംഘം ചെണ്ടവാദ്യക്കാരെ വാദ്ധ്യാർ വിദൂരങ്ങളിൽ നിന്നും കൊണ്ടുവന്ന് അണിനിരത്തിയിരിക്കുന്നു. തങ്ങളുടെ നാടിന്റെ പൊതു ആചാര്യൻ എന്ന പരിഗണനയിൽ വാദ്ധ്യാരുടെ ക്ഷണം കൈക്കൊണ്ട് അന്നാട്ടിലെയും സമീപദേശങ്ങളിലെയും ബഹുജാതിമതസ്ഥർ കുളിച്ചൊരുങ്ങി വരിവരിയായി നിരത്തിന്റെ ഇരുപുറവും നിരന്ന് അങ്ങു ദൂരെ മഞ്ഞനിക്കരകുന്നിൻ നെറുകെ വരെ അലങ്കൃതമായി നിന്നിരുന്നു. ഒരേ വേഷധാരികളായ നൂറു യുവാക്കന്മാരെ അച്ചടക്കപാലകരായി ഘോഷയാത്രാവഴിയിൽ ഉടനീളം വിന്യസിപ്പിച്ചിരുന്നതും അപൂർവ്വമായ കാഴ്ചയായിരുന്നു. കൈതവീട്ടിൽ ഉഴുവത്ത് ഡേവിഡും ഇലവിനാമണ്ണിൽ ഇ. ഒ. തോമസുമാണ് ആ യുവസേനയുടെ ചുമതല നിർവ്വഹിച്ചിരുന്നത്.

ഓമല്ലൂർ തൈക്കുറ്റിമുക്കിൽ നിന്നും ഇലവുംതിട്ടയ്ക്കുള്ള ഇടുങ്ങിയ കാളവണ്ടിപ്പാത ബാവായുടെ മോട്ടോർ കാർ പോകത്തക്കവിധം കുറേക്കൂടി വീതിയിൽ വെട്ടിയൊരുക്കിയിരുന്നു. ഓമല്ലൂർ ചന്തമൈതാനിയിൽ പൗരസ്വീകരണം നൽകുന്നതിന്, വാദ്ധ്യാർ തലവനായുള്ള പരസ്പരസഹായ സഹകരണസംഘം എല്ലാ സഹായങ്ങളും ചെയ്തിരുന്നു.

നെറ്റിയിൽ ചന്ദനക്കുറിയും സിന്ദൂരപ്പൊട്ടും മുടിയിൽ തെച്ചിപ്പൂക്കളും മറ്റുമണിഞ്ഞ ഹൈന്ദവസോദരങ്ങളുടെ ഇടതൂർന്ന സാന്നിദ്ധ്യം മറ്റൊരു ക്രൈസ്തവാഘോഷച്ചടങ്ങിലും ഉണ്ടായിക്കാണില്ല. ഇടയിൽ വാദ്ധ്യാരെന്ന സർവ്വമതസ്നേഹിയുടെ ഹൃദയമുദ്ര അങ്ങനെ അവിടുടനീളം പ്രകടമായിരുന്നു. സ്വീകരണകർമ്മസമിതിയിൽ പാറയ്ക്കൽ തോമസ് കത്തനാരും ഇലവിനാമണ്ണിൽ കുര്യാക്കോസ് കത്തനാരും എല്ലാറ്റിനും വാദ്ധ്യാർക്കൊപ്പമുണ്ടായിരുന്നു.

33

പ്രവാചകസ്വരം

ആളും ആരവങ്ങളും ഒട്ടൊന്നടങ്ങി. ഉജ്ജ്വലമായ വരവേൽപ്പിന്റെ അനുരണനങ്ങൾ അപ്പോഴും ബാവാതിരുമേനിയുടെ നെഞ്ചകത്തിൽ നേർത്ത മുഴക്കങ്ങളായി സ്പന്ദിച്ചു നിന്നിരുന്നു. തന്റെ പ്രിയമക്കളുടെ ആഹ്ലാദവീചികൾക്കു നടുവിൽ ഒട്ടൊക്കെ ഉലയാതെ വയ്യ. ക്ഷീണം കലശലായുണ്ട്. പ്രായം അറുപത്തഞ്ചെയുള്ളെങ്കിലും ഹൃദയബന്ധിയായ രോഗം വല്ലാതെ അലട്ടുന്നുണ്ട്. ഇന്ത്യയിലേക്കുള്ള യാത്ര ഒഴിവാക്കുക തന്നെ വേണമെന്ന് ഭിഷഗ്വരന്മാർ ഉപദേശിക്കുക കൂടിചെയ്തു. എഴുപത്തഞ്ചു വയസ്സുള്ള പെങ്ങളും അരുതെന്നു പറഞ്ഞ് ഈ യാത്രയിൽ നിന്നു പിന്തിരിപ്പിക്കാൻ കിണഞ്ഞു ശ്രമിച്ചു. "ഇവിടെയാണെങ്കിലും ഇന്ത്യയിലാണെങ്കിലും മരണം അനിവാര്യമല്ലേ, മലങ്കരയിലെ ഞങ്ങളുടെ കുട്ടികൾക്കായി ഞാൻ എന്റെ ജീവൻ ബലിയർപ്പിക്കുന്നു" എന്ന മറുപടിയാണ് പെങ്ങളോട് അപ്പോൾ തിരിച്ചുപറഞ്ഞത്.

മഞ്ഞനിക്കരക്കുന്നിന്റെ സ്വച്ഛശാന്തതയിൽ മനം തണുത്ത് ബാവാ, ചാവടിയിലെ ചാരുകസേരയിൽ വിശ്രമിച്ചു. താഴ്വാരവയലുകളുടെ അനന്തതയിൽ നിന്നും പറന്നെത്തിയ കാറ്റിന്റെ വിശറികൾ ആ മഹിതാചാര്യനെ വീശിത്തണുപ്പിച്ചു. അസ്തമനസൂര്യന്റെ ചെങ്കനൽ ദീപ്തിയിൽ മുങ്ങി ബാവാ കുറേനേരം ചാരിക്കിടന്നു. അവിടെ കൂടിനിന്ന പുരോഹിതന്മാരെ നോക്കി ബാവാ ഒരു താത്പര്യം അറിയിച്ചു.

"നിങ്ങൾ മറ്റെങ്ങും പോകാതെ രണ്ടുനാൾ എന്റെ കൂടെ ഇവിടെത്തന്നെയുണ്ടാകണം." ബാവാ തിരുമേനിയുടെ നിർദ്ദേശങ്ങൾക്കു കാതോർത്ത് എല്ലാവരും ഭയാദരവോടെ കാത്തുനിന്നു.

മർദ്ദീനിലെ പുരാതനവും പ്രബലവുമായ ശാക്കീർ കുടുംബത്തിൽ പിറന്ന് സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായി വാഴുന്ന ബാവ പക്ഷേ ഔദ്ധത്യം എന്തെന്നറിയാത്ത ശുദ്ധ ഹൃദയനാണ്. സന്ന്യാസി എന്ന നിലയിൽ ഏലിയാസ് എന്ന നാമധേയം സ്വയമേവ സ്വീകരിച്ച മഹർഷിയാണദ്ദേഹം. ക്രിസ്തുവിന്റെ ദാരിദ്ര്യാരൂപിയെ വാരിപ്പുതച്ച ഈ അവധൂതൻ പാർപ്പിടമായി ബേത്ലഹേമിലെ പശുത്തൊഴുത്തു തന്നെ കാംക്ഷിക്കുന്നവനാണ്. ഹൃദയഹാരിയായ പരിതോവസ്ഥ ആസ്വദിച്ച് ബാവാ പറഞ്ഞു.

"ഈ സ്ഥലം ഞങ്ങൾക്ക് വളരെയധികം ആശ്വാസം തരുന്നു. സ്ഥിരമായി ഇവിടെ തുടരാൻ ഞങ്ങൾ ആഗ്രഹിക്കുന്നു." തെല്ലുനേരത്തെ മൗനത്തിനുശേഷം ബാവാ തുടർന്നു.

"ഇപ്പോൾ ചെറുതായിരിക്കുന്ന ഈ പള്ളി മലങ്കരയിലും വിദേശത്തും ഒരു പോലെ പ്രസിദ്ധമാകുന്ന കാലം വരും. അതു നിങ്ങളുടെ കണ്ണുകൾ കാണുക തന്നെ ചെയ്യും"

34

നീതിമാന്റെ മരണം ഉറക്കം പോലെ

വാദ്ധ്യാരും പുത്രന്മാരും ബാവായ്ക്ക് കാവലാളുകളായും സന്നദ്ധസേവകരായും മാറി മാറി അവിടെത്തന്നെ നിലകൊണ്ടു. പ്രത്യേകിച്ച് വി.സി. ശാമുവേൽ അവരുടെ സുറിയാനി ഭാഷണ വശ്യതയാൽ അത്യാകൃഷ്ടനായി ബാവായുടെയും സംഘാംഗങ്ങളുടെയും അരികിൽ നിന്നു മാറാതെ ആ പുരാതനഭാഷയുടെ ഓജസ് അസ്വദിച്ചുകൊണ്ടിരുന്നു. ക്രിസ്തുവിന്റെ വാമൊഴിയായ സുറിയാനിയിൽ ആഴങ്ങൾ താണ്ടണമെന്ന ദാഹത്താൽ അവൻ എരിപൊരികൊണ്ട നിമിഷങ്ങൾ.

കുളിയും യാമപ്രാർത്ഥനയും അത്താഴവും കഴിഞ്ഞ് ബാവാ ആ കുന്നിലാകെ ഒന്ന് ചുറ്റി നടന്നു. ഒരു പള്ളി പ്രദക്ഷിണം പോലെ. പിന്നാലെ മറ്റെല്ലാവരും കൂടി. മരോട്ടി തൊണ്ടുകളിൽ എണ്ണ നിറച്ച് അവിടെല്ലാം കത്തിച്ചു വച്ചിരുന്നു. മരക്കൊമ്പുകളിൽ റാന്തൽ വിളക്കുകൾ കത്തിച്ചു തൂക്കിയിട്ടിരുന്നു. ആഞ്ഞടിക്കുന്ന ശീതക്കാറ്റിൽ ബാവായുടെ കുപ്പായവും സമൃദ്ധമായ താടിമീശയും ഇളകിപ്പറക്കുന്നുണ്ട്. ചില മൺചെരാതുകളെ കാറ്റ് ഊതിക്കെടുത്തി ഓടി മറയുന്നു. താഴ്വാരങ്ങളിലെ കൂണുകൾ പോലുള്ള മൺകുടിലുകളിൽ മണ്ണെണ്ണ വിളക്കുകളുടെ നേർത്ത വെളിച്ചം പിടഞ്ഞു നിൽക്കുന്നു. ആ കൂരകളിൽ നിന്നെല്ലാം സന്ധ്യാപ്രാർത്ഥനയുടെ കുന്തിരുക്കപ്പുക ഉയർന്നു പൊങ്ങുന്നു. ബാവാ ഒരു സുറിയാനി ഗീതം മൂളി. എന്നിട്ട് കൂടെയുള്ളവരോട് അതുറക്കെ പാടാൻ പറഞ്ഞു. അവർ ഒന്നു ചേർന്ന് ആലപിച്ചു. അതു പാടിത്തീർന്നു കഴിഞ്ഞപ്പോൾ ബാവാ നിർദ്ദേശിച്ചു.

"ഈ പാട്ട് ഒന്നു കൂടി പാടാമോ?"

അവർക്കത് അനുസരിക്കാതിരിക്കാനാവില്ലല്ലോ. ആ ഗാനം ഒരു പാത്രിയർക്കീസിന്റെ കബറടക്കവേളയിൽ ആലപിക്കാറുള്ള പാട്ടായിട്ടു കൂടി.

എന്തിനാണീ സന്ധ്യയിൽ ശവസംസ്ക്കാരഗാനം രണ്ടു തവണ പാടാൻ ബാവാ ആവശ്യപ്പെട്ടതെന്ന സന്ദേഹം ഏവരിലും ഒരശാന്തിയായി കുരുങ്ങിക്കിടന്നു. പ്രത്യേകിച്ച് ചെറിയാൻ സാറിന്റെ മനസ്സിൽ. ബാവായിൽ നിന്നു കേട്ട പല കാര്യങ്ങളും പൊരുളു തിരിയാതെ അവശേഷിച്ചു.

തിരക്കാർന്ന രണ്ടുനാൾ കഴിഞ്ഞു. ശനിയാഴ്ച ഉച്ചയ്ക്ക് ബാവാ പള്ളിയിൽക്കടന്ന് എല്ലാവരോടുമായി സുവിശേഷപ്രസംഗം നടത്തി. തുടർന്ന് ഉച്ചപ്രാർത്ഥന. അതുകഴിഞ്ഞ് ഉച്ചഭക്ഷണം കഴിച്ചു. എന്നിട്ട് മുറിയിലേക്കു കടന്നു. അനുദിനസംഭവങ്ങൾ കുറിച്ചു വയ്ക്കുന്ന പതിവുണ്ട്. അതിനായി നോട്ടുബുക്ക് തുറന്ന് കുറിക്കുന്നതിനിടയിൽ ഒരു വാക്കിന്റെ അർത്ഥം സംബന്ധിച്ച് സംശയം തോന്നി. സംശയനിവൃത്തിക്കായി നിഘണ്ടു ആരാഞ്ഞു. അപ്പോഴേക്കും "ഭയങ്കര തലവദന" എന്നു പറഞ്ഞ് ബാവാ വേദന കടിച്ചമർത്തി നിൽക്കുന്നതു കണ്ടു. ഉടൻ ബോധരഹിതനായി ഒരു വശത്തേക്കു ചരിഞ്ഞു. കൂടെ വന്ന സന്ന്യാസിമാർ കൈകളിൽ താങ്ങി കട്ടിലിൽ കിടത്തി. രണ്ടരമണിക്ക് ആ മഹായോഗി നിതാന്തനിദ്രയുടെ ചിറകിലേറി അഭൗമവിശ്രാന്തിയുടെ തീരം തേടുകയായിരുന്നു.

സർവ്വരും വിറങ്ങലിച്ചമാതിരി നിന്നുപോയി. ബാവാ കാലം ചെയ്തെന്ന യാഥാർത്ഥ്യത്തോട് സമരസപ്പെടാനാവാതെ ഇലവിനാ മണ്ണിലച്ചനും പാറയ്ക്കലച്ചനും വെന്തുരുകി നിന്നു. നാഥൻ നഷ്ടപ്പെട്ട അന്ത്യോഖ്യൻ സംഘം മരവിച്ചു നിന്നുപോയി. നാഡിമിടിപ്പു പരിശോധിച്ച് വൈദ്യൻ കൂടിയായ ഇടയിൽ വാദ്ധ്യാർ മരണം സ്ഥിരീകരിച്ചു. എങ്കിലും സർക്കാർ തലത്തിൽ മരണസ്ഥിരീകരണം അനിവാര്യമാണ്. പത്തനംതിട്ടയിലുള്ള സർക്കാർ ഡോക്ടറെ തേടി കൈതവീട്ടിൽ പാപ്പയുടെ മോട്ടോർ കാറിൽ ഗീവർഗീസ് പാറയ്ക്കൽ പാഞ്ഞു. ഡോക്ടർ വന്ന് മരണം സ്ഥിരീകരിച്ചെങ്കിലും മരണസാക്ഷ്യപത്രം നൽകാൻവേണ്ട ഔദ്യോഗിക ബിരുദം അദ്ദേഹത്തിന് ഇല്ലായിരുന്നു. അതിനാൽ കോഴഞ്ചേരിയിൽ ചെന്ന് എം.ബി.ബി.എസ് ബിരുദധാരിയായ ഡോക്ടറെ കൊണ്ടുവന്ന് മൃത്യുസ്ഥിരീകരണപത്രം തയാറാക്കി.

ഉടൻതന്നെ കമ്പിത്തപാൽ മുഖേന മഹാരാജാവിനെ മരണവിവരം അറിയിച്ചു. അന്ത്യോകൃയിലേക്കും മലങ്കരയിലെ സകല മെത്രപ്പോലീത്താമാരുടെ പേർക്കും കൊല്ലം പേഷ്കാർക്കും ടെലഗ്രാമിലൂടെ വിവരം കൈമാറി. മഞ്ഞനിക്കരക്കുന്ന് കൂട്ടക്കരച്ചിലിന്റെ സങ്കടഭൂമിയായി മാറി. വൈദികർ മൃതശരീരത്തിനരികിൽ നിന്ന് മനഃപാഠ പ്രാർത്ഥനകൾ ഉരുവിട്ടു. മിഖായേൽ മാർ ദിവന്നാസിയോസ് തിരുമേനി ബാവായുടെ പാദാന്തികത്തിൽ സങ്കട നിമഗ്നനായി ഇരിക്കുന്നുണ്ടായിരുന്നു.

നാടും നാട്ടാരും ഇളകി. വാർത്താസംക്രമമാർഗ്ഗം മനുഷ്യജിഹ്വ മാത്രമാണ്. ചൊടികളിൽ നിന്നും ചെവിക്കൂടകളിലേക്ക് ആ തീക്കനൽ വാക്കുകൾ പടർന്നെരിഞ്ഞു. നാടാകെ സങ്കടാഗ്നിയിൽ വെന്തുനിന്നു.

35

മഞ്ഞനിക്കരക്കുന്നിലെ മണ്ണിൽത്തന്നെ

ഇനിയെന്ത്? എന്ന ചിന്തയാണെല്ലാവരിലും. സിംഹാസന ആസ്ഥാനം അന്തോഖ്യയിലാകയാൽ അവിടേക്കു കൊണ്ടുപോകേണ്ടേ? എങ്ങനെ കൊണ്ടുപോകും? മൃതശരീരം കേടുകൂടാതെ സംരക്ഷിക്കാനുള്ള സംവിധാനങ്ങളൊന്നും ഇവിടില്ല. ഉണ്ടെങ്കിൽത്തന്നെ കപ്പലിൽ അവിടെത്താൻ എത്രയോ ദിനങ്ങൾ വേണ്ടി വരും! മാത്രമല്ല "ഇനി ഞാൻ ഇങ്ങോട്ടില്ല" എന്നു പ്രവചിച്ചുകൊണ്ടാണ് ബാവാ ഇവിടേക്ക് കപ്പൽ കയറിയത്.

പാത്രയർക്കീസ് പക്ഷക്കാർ ഏറെയുള്ള കോട്ടയം ഭാഗത്തേക്ക് കൊണ്ടുപോയി കബടക്കണമെന്ന ആശയവും ശക്തമായി. അപ്പോഴേക്കും വട്ടശ്ശേരിൽ മാർ ദിവന്നാസിയോസ് തിരുമേനിയും എത്തിച്ചേർന്നു. ബാവായെ കോട്ടയം പഴയസെമിനരിയിൽ കബറടക്കണമെന്ന ആശയം അദ്ദേഹം ഉന്നയിച്ചു.

ഇലവിനാമണ്ണിലച്ചൻ തന്റെ കുടുംബക്കാരുടെയും സ്തേഫാനോസ് ഇടവകക്കാരുടെയും പിൻബലം ആർജ്ജിച്ചുകൊണ്ട് സ്വന്തം കുടുംബപ്പള്ളിയിൽ കബറടക്കണമെന്ന് ശഠിച്ചു. ഒരു വ്യക്തിക്കു മാത്രം അവകാശപ്പെട്ട സ്ഥലത്ത് സഭയുടെ പൊതു പിതാവിനെ കബറടക്കാനാവില്ല എന്ന എതിർവാദം മറ്റു ചിലർ ഉന്നയിച്ചു. മഞ്ഞനിക്കരക്കുന്ന് കലഹകലുഷമായി. ഈ സന്ദിഗ്ദ്ധാവസ്ഥയിൽ ഇടയിൽവാദ്ധ്യാർ പള്ളിക്കുള്ളിലെ ഏകാന്തവിജനതയിൽ പോംവഴി തേടി അർത്ഥിക്കുകയായിരുന്നു. ഈശോയുടെ മൃതദേഹം സംസ്ക്കരിച്ചത് മറ്റൊരാൾക്ക് അവകാശപ്പെട്ട സ്ഥലത്തെ ഒരു പുതിയ കല്ലറയിലാണെന്ന സുവിശേഷ വാക്യം ദൈവാത്മാവ് തന്റെ ആലോചനയിലേക്ക് വച്ചു തരുന്നതായി വാദ്ധ്യാർക്ക് തോന്നി. അദ്ദേഹം

പിന്നൊരു നിമിഷവും അമാന്തിച്ചില്ല. യാതൊരു എത്തും പിടിയും കിട്ടാതെ ഭിന്നരായി നിന്നു കലമ്പുന്ന വാഗ്വാദക്കാരുടെ നടുവിലൂടെ സർവ്വാദരണീയനായ വാദ്ധ്യാർ ശരവേഗത്തിൽ പാഞ്ഞ് ബാവായുടെ മൃതദേഹം ഇരുത്തിയിരിക്കുന്ന പുതിയ കൊട്ടിലിന്റെ ചാവടിയിൽ ചെന്ന് മിഖായേൽ തിരുമേനിയുമായി ചർച്ച ചെയ്തു. പിന്നെ പ്രമുഖരായ സമുദായ നേതാക്കന്മാരുമായി അദ്ദേഹം കൂടിയാലോചിച്ചു. ബാവായെ ഇവിടെത്തന്നെ കബറടക്കണം എന്നായിരുന്നു ഓമല്ലൂർ നിവാസികളുടെ ദൃഢതാൽപര്യം. ഇങ്ങനെ ശക്തിയുക്തം വാദിച്ച തദ്ദേശീയരിൽ ഏറെപ്പേരും അക്രൈസ്തവരായിരുന്നു എന്നതാണ് ഏറെ ശ്രദ്ധേയം. ഇന്നലെകളിൽ ആ മഹിതാചാര്യനെ ആർപ്പുവിളികളോടെ വരവേറ്റവരാണവർ. ഇടയിൽ വാദ്ധ്യാർ ജനക്കൂട്ടത്തിന്റെ നടുവിലേക്ക് കടന്നുചെന്നു. അലകടലിന് നടുവിൽ ഉയർന്നുനിന്ന ശാന്ത ദ്വീപുപോലെ.

ചേരി തിരിഞ്ഞു മാറി നിന്നിരുന്നവരെല്ലാം മുറ്റത്ത് ഒത്തുകൂടി നിന്നു. സ്വദേശീയർക്കും അയൽനാട്ടുകാർക്കുമെല്ലാം സുപരിചിതനാണ് വാദ്ധ്യാർ. അദ്ദേഹത്തിന്റെ ആലോചനകളിൽ സ്വാർത്ഥത തീണ്ടുകയില്ലെന്നും അതു ഭാവിയിൽ ശുഭകരമായി ഭവിക്കുകയേയുള്ളുവെന്നുമുള്ള അഭിപ്രായമതിപ്പ് അവർക്കെല്ലാമുണ്ട്. വാദ്ധ്യാർ ഒരു ലഘുപ്രഭാഷണം പോലെ ദൃഢസ്വരത്തിൽ ഉറക്കെപ്പറഞ്ഞു.

"സഹോദരങ്ങളെ, പരിശുദ്ധ ബാവാ തിരുമേനി നാമെല്ലാവരുടെയും പ്രിയപിതാവാണ്. നമ്മെ ഒന്നടങ്കം തീരാവേദനയിലാഴ്ത്തിക്കൊണ്ട് അവിടുന്ന് അപ്രതീക്ഷിതമായി കാലം ചെയ്തു. ഇനി മക്കളായ നാം കടപ്പെട്ടിരിക്കുന്നത് ആ പൂജ്യദേഹം യഥായോഗ്യം കബറടക്കുക എന്നതാണ്. അതെവിടെ വേണം എന്ന കാര്യത്തിൽ ബാവാ തിരുമേനി യാതൊരഭിപ്രായവും പ്രസ്താവിച്ചിട്ടില്ല. "ഞാനിനി ഈ കുന്ന് വിട്ട് മറ്റെങ്ങും പോകുന്നില്ല; ഇവിടം എനിക്ക് വലിയ സമാധാനം തരുന്നു; ഈ കുന്ന് ഭാവിയിൽ വിശ്വകീർത്തിയാർജ്ജിക്കും" എന്നെല്ലാം ബാവാ തിരുമേനി മിനിഞ്ഞാന്ന് ഈ മണ്ണിൽ നിന്നുകൊണ്ടു പറഞ്ഞത് ദൈവാരൂപിയുടെ പ്രേരണയാലായിരുന്നില്ലേ എന്നാണ് ഞാനിപ്പോൾ കരുതുന്നത്. മൃതദേഹം കേടുകൂടാതെ സൂക്ഷിക്കാൻ വേണ്ട സംവിധാനങ്ങളൊന്നും അടുത്തെങ്ങും ഇല്ല. യാത്രാമാർഗ്ഗം തീരെയില്ലാത്ത ഈ ഒറ്റപ്പെട്ട കുഗ്രാമത്തിൽ നിന്നും കോട്ടയത്തേക്കോ മറ്റോ കൊണ്ടുപോകുന്ന കാര്യവും ഒട്ടും യുക്തിഭദ്രമായിരിക്കുകയില്ല. അതുകൊണ്ട് പ്രിയപ്പെട്ട സഹോദരങ്ങളേ, നിങ്ങൾ നമ്മുടെ വത്സലപിതാവിനെ ഓർത്ത് ഒരേ തീരുമാനത്തിൽ ഒറ്റക്കെട്ടായി നിന്നാലേ നാളെ സംസ്ക്കാരകർമ്മങ്ങൾ അനുഗ്രഹപ്രദമാവൂ. ഞാൻ നിങ്ങളുടെ മുമ്പിൽ ഒരു പോംവഴി വയ്ക്കുന്നു. ബാവാതിരുമേനിക്ക് നാം അന്ത്യവിശ്രമകുടീരം ബാവായുടെ ഇഷ്ട

ഭൂമികയായ ഈ കുന്നിൽത്തന്നെ ഒരുക്കുന്നു. എന്നാൽ ഒരു കുടും ബവകയായ ഈ പള്ളിപ്പറമ്പിലല്ല. ആതായിരുന്നല്ലോ പലരുടേയും തർക്കകാരണം"

വാദ്ധ്യാർ ഒരു നിമിഷം നിശബ്ദനായി. പിന്നെവിടെ? ഏതു പറ മ്പിൽ? എന്ന സന്ദേഹത്തിൽ നാട്ടുകാർ അന്യോന്യം നോക്കി.

വാദ്ധ്യാർ തുടർന്നു. "നിങ്ങൾ അനുവദിക്കുമെങ്കിൽ ബാവായെ കബറടക്കാൻ ആവശ്യമായ വേറെ കുറച്ചു ഭൂമി ഇതിനോടു ചേർന്നു തന്നെ ഞാൻ എഴുതി വാങ്ങിത്തരാം. ഇതിനതീതമായി മറ്റൊരു പോംവഴിയും എനിക്കീ കാര്യത്തിൽ സമർപ്പിക്കാനില്ല. എന്റെ എ ളിയ നിർദ്ദേശത്തെ അനുകൂലിക്കുന്നവരുണ്ടെങ്കിൽ കുറിയേലായി സ്സോൻ എന്ന് ഉച്ചരിക്കുക"

വാദ്ധ്യാർ അതു പറഞ്ഞു നിർത്തിയപ്പോഴേക്കും അവിടെ കൂടി യിരുന്ന സർവ്വരും കുറിയേലായിസോൻ എന്നു നീട്ടിപ്പറഞ്ഞ് തങ്ങ ളുടെ അംഗീകാരമുദ്ര ആ തീരുമാനത്തിനുമേൽ ആഞ്ഞുചാർത്തിക്ക ഴിഞ്ഞിരുന്നു.

36

സമയോചിതമായ ഇടപെടൽ

ജനസഹസ്രങ്ങൾ ചൂഴ്ന്നു നിന്ന മഞ്ഞനിക്കരക്കുന്നിൽ സങ്ക ടനിമഗ്നമായ അന്തരീക്ഷത്തെ സാക്ഷിയാക്കി വിശുദ്ധിയുടെ ആ ആർഷസൂര്യൻ മറഞ്ഞുകഴിഞ്ഞു. അന്ത്യവിശ്രമം കൊള്ളാൻ സ്വന്ത മായി ഒരു തുണ്ടു ശ്മശാനഭൂമി പോലും മുൻകൂട്ടി ഒരുക്കിവയ്ക്കാതി രുന്ന ആ ദേശാടനപക്ഷിക്ക് അനിവാര്യമായതെല്ലാം ഉന്നതങ്ങളിലെ തന്റെ മഹേശ്വരൻ അപ്പപ്പോൾ സജ്ജമാക്കിക്കൊടുക്കുന്ന കാഴ്ച. നന്മ ചെയ്ത് കൊണ്ട് നാടെങ്ങും ചുറ്റിസഞ്ചരിച്ച ക്രിസ്തുവിനുവേ ണ്ടി നിഗൂഢമായി കിടന്ന ഒരു പുതിയ കല്ലറ കണ്ടെത്തിയതുപോലെ ക്രിസ്തുശിഷ്യനായ ഈ ദേശാടകനു വേണ്ടി പുതുതായി വാങ്ങിയ ഇത്തിരി മണ്ണ് അത്ഭുതകരമായി ഒരുക്കപ്പെട്ടിരിക്കുന്നു. കാൽവരിക്കു ന്നിൽ, നാഥൻ നഷ്ടമായ ദുഃഖഭാരത്താൽ കേഴുന്ന ശിഷ്യരെപ്പോ ലെ ഈ മഞ്ഞനിക്കരക്കുന്നിൽ ഇടയൻ നഷ്ടപ്പെട്ട് പൊട്ടിക്കരയുന്ന സഹചരന്മാർ.

തക്കസമയത്ത് ഇടയിൽ വാദ്ധ്യാർ ഇടപെട്ടില്ലായിരുന്നുവെങ്കി ൽ ഈ മഹാഭിഷിക്തന്റെ പൂജ്യദേഹം മറ്റേതോ വിദൂരമായ ദേശ ത്തേക്ക് കൊണ്ടുപോയേനേ. എങ്കിലത് ബാവായുടെ ഇംഗിതത്തിന് വിരുദ്ധമാകുമായിരുന്നു. ക്ഷണിക്കാനായി കല്ലിശ്ശേരിയിൽച്ചെന്ന ഇലവിനാമണ്ണിലച്ചനോട് ബാവാ തിരുമേനി ചിരി തൂകി ചോദിച്ചത്രേ.

"നിങ്ങളുടെ പള്ളിയിൽ എന്റെ അസ്ഥികൂടം വേണോ" എന്ന്. ആ തിരുവോക്തികളൊന്നും വെറും വാക്കുകളല്ലായിരുന്നുവെന്നും അവ പരിശുദ്ധാത്മാവിന്റെ സഹവാസമുള്ള പ്രവചനോക്തികളായി രുന്നുവെന്നും കാലം മെല്ലെ തിരിച്ചറിഞ്ഞു വരികയാണ്.

സമുദായ പ്രമുഖരെല്ലാം ചുറ്റും കൂടി ഇടയിൽ വാദ്ധ്യാരെ കീർ

ത്തിക്കുകയാണ്. വാദ്ധ്യാർ വിനയപുരസ്സരം പ്രതികരിച്ചു.

"ഒന്നും എന്റെ മിടുക്കല്ല. പള്ളിയിലിരുന്ന് പ്രാർത്ഥിച്ചപ്പോൾ ഉള്ളിൽ ചില തോന്നലുകളുണ്ടായി. അതിൻപ്രകാരം കാര്യങ്ങൾ വേഗം നിർവ്വഹിച്ചു. നിങ്ങളെല്ലാവരും ഒറ്റക്കെട്ടായി നിന്ന് എന്റെ ആലോചനകളെ പ്രാവർത്തികമാക്കി. അഭിവന്ദ്യ തിരുമേനിമാർ നമ്മുടെ ആഗ്രഹത്തെ അംഗീകരിച്ചനുഗ്രഹിച്ചു. നിങ്ങൾ എന്നോടല്ല; ഞാൻ നിങ്ങളോടാണ് നന്ദി പറയേണ്ടത്" എന്നിട്ടും, കബറടക്കാൻ വേണ്ട മുപ്പതുസെന്റ് ഭൂമി നിമിഷങ്ങൾക്കുള്ളിൽ വാദ്ധ്യാർ എങ്ങനെ സമുദായത്തിനുവേണ്ടി എഴുതി വാങ്ങി എന്ന കാര്യം സർവ്വർക്കും അതിശയമായിരുന്നു.

വ്യക്തിനിഷ്ഠമായ ഇലവിനാമണ്ണിൽ പുരയിടത്തിൽ അടക്കാൻ അനുവദിക്കില്ലെന്ന വാദം ഉയർന്നപ്പോൾത്തന്നെ വാദ്ധ്യാർ മറുവഴി തേടുകയായിരുന്നു. ഇലവിനാംമണ്ണിൽ വക സ്തേഫാനോസ് പള്ളിപ്പറമ്പിനോടു ചേർന്നു കിടക്കുന്ന വസ്തു കബറിനുവേണ്ടി വാങ്ങാൻ വാദ്ധ്യാർ ആ രാത്രിയിൽത്തന്നെ തീവ്രശമം നടത്തി. പി.റ്റി. തോമസും പള്ളത്തു സി.ഐ. മാത്തനും വാദ്ധ്യാർക്കൊപ്പമുണ്ടായിരുന്നത് വലിയ സഹായമായി.

ഉദാരമതിയായ ഭൂഉടമ വാദ്ധ്യാർക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകി. വളരെ രഹസ്യമായിത്തന്നെ വസ്തുവിന്റെ എലുകകൾ റാന്തൽവെട്ടത്തിൽ അദ്ദേഹം വാദ്ധ്യാർക്ക് നിർണ്ണയിച്ചു കൊടുത്തു.

നാലഞ്ചുവേലക്കാർ രാത്രി മുഴുവൻ അദ്ധ്വാനിച്ച് വലിയൊരു മണ്ണറ തീർത്തു. കല്ലാശാരിമാർ വെട്ടുകല്ലുകളടുക്കി ബാക്കി ജോലികളിൽ മുഴുകി. പൂജിതദേഹം കബറിലേക്ക് സംവഹിക്കാൻ നേരമായപ്പോഴേക്കും അത്ഭുതകരമാംവിധം കബർപണികൾ പൂർത്തീകരിക്കപ്പെട്ടിരുന്നു.

37

ആശ്രമസ്ഥാപന പരിശ്രമങ്ങൾ

കാടും മേടും തോടും താണ്ടി പിറ്റേന്നു മുതൽ നാനാദേശങ്ങളിൽ നിന്നും ഭക്തജനശതങ്ങൾ ചെങ്കുത്തായ കുന്നുകയറി ബാവായുടെ കബറിടത്തിലേക്ക് എത്തിക്കൊണ്ടിരുന്നു. ചിലയിടങ്ങളിൽ നിന്നും പുരോഹിതരുടെ നേതൃത്വത്തിലാണ് സംഘാംഗങ്ങളുടെ ആഗമനം. വരുന്ന പുരോഹിതർക്കും കൂട്ടർക്കും സൗകര്യപ്രദമായി നിന്ന് പ്രാർത്ഥനാശുശ്രൂഷകൾ അനുഷ്ഠിക്കാൻ തക്ക സ്ഥലസൗകര്യം കബറിടത്തിലില്ല. മഴയും വെയിലുമേൽക്കാതെ കൂടുതൽ ആളുകളെ ഉൾക്കൊള്ളാൻ പാകത്തിൽ വിശാലവും ബലിഷ്ഠവുമായ ഒരു കൊട്ടിൽ ചെറിയാൻ സാറിന്റെ കുടുംബസമർപ്പണം എന്ന നിലയിൽ അവിടെ നിർമ്മിച്ചു. അതിനാവശ്യമായ തേക്കുമരങ്ങൾ സ്വന്തം പുരയിടത്തിൽ നിന്നും വാദ്ധ്യാർ കൊണ്ടു വന്നു. പറമ്പിൽ വെട്ടിയിട്ട തടികൾ കൈവാളുകളാൽ അവിടെ വച്ചു തന്നെ ഉരുപ്പടികളാക്കി കാളവണ്ടിയിൽ കയറ്റി മകൻ വി.സി. ജോഷ്വാ മഞ്ഞനിക്കരയിലേക്ക് പോയി. അപ്പോഴേക്കും കുറേ ചട്ടമ്പികൾ കാളവണ്ടിയുടെ മുമ്പിൽ കയറി നിന്നു മടങ്ങിപ്പോകാൻ ആക്രോശിച്ചു. വണ്ടിക്കുള്ളിലിരുന്നിരുന്ന ജോഷ്വായെ അടിക്കാനായി രണ്ടുപേർ കാളവണ്ടിയുടെ പിന്നിലേക്കു കുതിച്ചു. അടി നടന്നില്ല എന്നു പറഞ്ഞാൽ മതിയല്ലോ. അക്രമികളിലൊരാൾ ജോഷ്വായുടെ സഹപാഠിയായിരുന്നു എന്ന കാരണത്താൽ മാത്രമാണ് രക്ഷപ്പെട്ടത്.

പ്രശ്നങ്ങൾ കാർമേഘം കണക്കേ ഉരുണ്ടുകൂടുകയാണ്. അക്രമപരമ്പരകളുടെ വെള്ളിടികളും പേമാരിയും ഏതു സമയത്തുമുണ്ടാകാം. സഭാവിഭാഗീയത അത്രമേൽ വിഷോന്മത്തമായി ഉറഞ്ഞുതുള്ളുകയാണ്. സ്വദേശീയതയും വിദേശീയതയും തമ്മിലാണ് സ്പ

ർദ്ധ. അധികാരക്കസേരകളിലാണ് നേത്യദൃഷ്ടികൾ! ധനവരുമാന മാർഗ്ഗങ്ങൾ കണ്ട് മഞ്ഞളിച്ചു പോകുന്ന കണ്ണുകൾ!

ബാവായുടെ കബറിനടുത്തായി താമസസൗകര്യത്തിനുള്ള ഏതാനും മുറികൾ കൂടി പണിതിരുന്നു. അതിലൊരു മുറിയിൽ സ്ഥിരമായി ഒരു മെത്രാപ്പോലിത്തായുടെ സാന്നിദ്ധ്യം ലഭ്യമായിരിക്കുന്നു. പാത്രിയർക്കീസിന്റെ പ്രതിനിധിയായി തുർക്കിയിൽ നിന്നും വന്ന് പത്തു വർഷത്തോളമായി കേരളത്തിന്റെ വിവിധഭാഗങ്ങളിലായി താമസിച്ചുവന്നിരുന്ന ഏലിയാസ് മാർ യൂലിയോസ് തിരുമേനിയാണ് മഞ്ഞനിക്കരയിൽ പാർക്കുന്നത്. തീർത്ഥാടക പ്രവാഹത്താൽ വർദ്ധമാനമായിക്കൊണ്ടിരുന്ന നടവരവിൽ ആർക്കൊക്കെയോ ഉള്ള കൊതിയും അസൂയയും പ്രകടമായിരുന്നു. പണം സൂക്ഷിക്കാനാവശ്യമായ ഭണ്ഡാരപ്പുരയും അവിടുണ്ടായിരുന്നില്ല. അതിനാൽ ഭയന്നുവിറച്ചാണ് യൂലിയോസ് മെത്രാപ്പോലിത്താ രാത്രികാലങ്ങളിൽ അവിടെ കഴിഞ്ഞു കൂടിയിരുന്നത്. അറബിയും സുറിയാനിയും മാത്രം വഴങ്ങുന്ന അദ്ദേഹത്തിന് കൂട്ടാളിയായി സുറിയാനി അറിയാവുന്ന മകൻ വി.സി. ശാമുവേലിനെ അവിടെ പാർപ്പിക്കാൻ വാദ്ധ്യാർ തീരുമാനിച്ചു.

ജ്ഞാനതൃഷ്ണകനും സഭാസ്നേഹിയുമായ ശാമുവേലിന് മെത്രാപ്പോലിത്തക്കൊപ്പമുള്ള വാസം ഉത്സാഹഭരിതമായിരുന്നു. പഴയനിയമത്തിലെ ഏലിയാ പ്രവാചകന്റെ കൂടെയുള്ള ശാമുവേലിന്റെ സഹവാസം പോലെ. ക്രിസ്തുവിന്റെ വാമൊഴിയായിരുന്ന സുറിയാനിയിൽ നിഷ്ണാതനാവുക എന്നത് വി.സി. ശാമുവേലിന്റെ ലക്ഷ്യമായിരുന്നു. ഒപ്പം അറബിയും കരഗതമാകാൻ പോകുന്നു. മാത്രമല്ല, സ്ഥാനോന്നതിയിൽ വിരാജിച്ച മഹാനായ ഒരു പാത്രയർക്കീസിന്റെ പ്രതിനിധി എന്ന നിലയിൽ എത്ര വലിയ അനുഭവസമ്പത്താകും യൂലിയോസ് മെത്രാനിൽ കാണാനാവുക! വിശ്വസഭകളെപ്പറ്റിയുള്ള വിസ്തൃതജ്ഞാനവും അതിപുരാതനമായ അന്ത്യോഖ്യൻ അരാധനക്രമത്തിന്റെ ഗഹനതയും ആഴത്തിൽ ഗ്രഹിക്കാൻ ഈ കുടിപ്പാർപ്പ് ഗുണകരമാകും എന്നാണാ സമർത്ഥയുവാവിന്റെ പ്രതീക്ഷ. നിഷ്ഠാപരമായ യാമപ്രാർത്ഥനകളിൽ അഭിരമിക്കുകയും ചെയ്യാം. മാത്രമല്ല, മെത്രാപ്പോലിത്തായ്ക്കൊപ്പം വിജ്ഞാന നിറവാർന്ന യാക്കൂബ് അബ്ദുൾ ആഹാദ് റമ്പാനുമുണ്ട് (ഈ റമ്പാൻ പിൽക്കാലത്ത് മാർ ഇഗ്നേഷ്യസ് യാക്കൂബ് പാത്രിയർക്കീസ് മൂന്നാമൻ എന്ന പേരിൽ വാഴിക്കപ്പെട്ടു)

ആഹാദ് റമ്പാനും മറ്റും മഞ്ഞനിക്കരയിലെത്തിയപ്പോഴും പ്രതിഷേധ കൊടുങ്കാറ്റ് ആഞ്ഞടിക്കുകയായിരുന്നു. ഏലിയാസ് തൃതീയൻ ബാവാ കാലം ചെയ്തതിനെ തുടർന്ന് പുതിയ സാരഥിയെ വാഴിക്കുന്ന അഭിഷേകചടങ്ങിൽ പങ്കെടുക്കാനായി യൂലിയോസ് മെത്രാ

പ്പോലീത്തായും 1933 ഡിസംബറിൽ ശീമയിലക്കു പോയിരുന്നു. 1934ൽ തിരികെ കേരളത്തിലേക്കു വന്നപ്പോൾ കൂടെ കൊണ്ടുവന്നതാണ് അബ്ദുൾ ആഹാദ് റമ്പാനെ. ഇവർ ഇരുവരെയും മഞ്ഞനിക്കരയിൽ കയറ്റാൻ അനുവദിക്കില്ലെന്നു കയർത്ത് എതിരാളികൾ ഭയങ്കരമാം വിധത്തിൽ പോർവിളി തുടങ്ങി. ഇടയിൽ വാദ്ധ്യാർ യൂലിയോസ് മെത്രാപ്പോലിത്തായെയും കൂട്ടി അതിസാഹസികമായി യാത്ര ചെയ്ത് തിരുവനന്തപുരത്തെത്തി. കൊട്ടാരത്തിൽ ചെന്ന് മഹാരാജാവിനെ കണ്ട് വിവരം ബോധിപ്പിച്ചു. അനുവാദം മുൻകൂട്ടി വാങ്ങാതെ പോലും ഏതും സമയത്തും മഹാരാജാവിന്റെ മുറിയിൽ കടന്നുചെല്ലാനുള്ള അവകാശവും അനുവാദവും വാദ്ധ്യാർക്ക് പണ്ടേ കൽപ്പിച്ചുകൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ ഭരണപരമായ എത്രയോ പ്രതിസന്ധിഘട്ടങ്ങളിൽ രഹസ്യാത്മകമായ ആലോചനകൾക്കായി വാദ്ധ്യാരുടെ ചീക്കനാൽ തറവാട്ടിൽ രാജപ്രമുഖന്മാർ നേരിട്ടെത്തിയിരുന്നു. യൂലിയോസ് മെത്രാപ്പോലിത്തായ്ക്കും കൂടെ വന്ന ആഹാദ് റമ്പാനും മറ്റും വേണ്ടിവന്നാൽ സായുധ പോലീസ് സേനയെ വിന്യസിച്ച് സഞ്ചാരസ്വാതന്ത്ര്യവും താമസസ്വാതന്ത്ര്യവും ഉറപ്പുവരുത്താൻ ശ്രീചിത്തിര തിരുനാൾ രാമവർമ്മ മഹാരാജാവ് ദിവാനെ വിളിച്ച് കൽപ്പിച്ചു.

യൂലിയോസ് മെത്രാനും വാദ്ധ്യാരും രാജസന്നിധിയിൽ നിന്നു മടങ്ങി ഓമല്ലൂരിലെത്തിയപ്പോഴേക്കും അവിടെ നിന്നും മഞ്ഞനിക്കരവരെ പാതയോരത്ത് നിശ്ചിത അകലം ദീക്ഷിച്ച് സായുധ പോലീസ് സേന വിന്യസിക്കപ്പെട്ടിരുന്നു. അവരുടെ സംരക്ഷവലയത്തിൽ യൂലിയോസ് മെത്രാനും ആഹാദ് റമ്പാനും മറ്റും സധൈര്യം കബറിടത്തിലെത്തുകയും ചെയ്തു. അന്നു മുതൽ ഇരുവരും വളരെക്കാലം പോലീസ് അകമ്പടിയോടെയാണ് യാത്ര തുടർന്നു പോന്നതും.

കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ നിന്നും 1931-ൽ പ്രശസ്തമാം വിധം ഇ.എസ്.എൽ.സി. ജയിച്ചശേഷം വീട്ടിലെ വിപുലമായ ഗ്രന്ഥശേഖരത്തിന്റെ സഹായത്താൽ നിരന്തരം വായിച്ചു പഠിക്കുകയായിരുന്നു വി.സി. ശാമുവേൽ. വട്ടശ്ശേരിൽ ഗീവറുഗീസ് റമ്പാൻ (പിൽക്കാലത്ത് പരിശുദ്ധ വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലിത്ത) രചിച്ച സുറിയാനിപ്പുസ്തകം ശ്രദ്ധാപൂർവ്വം പഠിച്ച് സുറിയാനിയിൽ അദ്ദേഹം സാമാന്യം പാടവം നേടിയിരുന്നു. ഗാർഹിക ഗ്രന്ഥാലയത്തിൽ നിന്നും തെരഞ്ഞെടുത്തു പഠിച്ച പുരാതന ക്ലാസ്സിക് സുറിയാനിയിലെ എസ്ത്രംഗേല, കൽദ്ദായ, മാറാനായ എന്നീ മൂന്നു വകഭേദങ്ങളിലുള്ള പുസ്തകങ്ങളും ജ്ഞാന ധാരകളായി ഉള്ളിൽ ശേഷിക്കുന്നുണ്ടായിരുന്നു.

ഏകാന്തവും ഏകാഗ്രവുമായ ജ്ഞാനാർജ്ജവ മാർഗ്ഗങ്ങൾ താണ്ടി ദീർഘയാനം ചെയ്തുകൊണ്ടിരിക്കേ തന്നെ സഭാനേതൃത്വം

തന്റെമേൽ പല ഉത്തരവാദിത്വങ്ങളും അർപ്പിച്ചിരുന്നു. കൊല്ലം, കോട്ടയം, നിരണം ഭദ്രാസനങ്ങളിലെ വേദപഠനമേൽനോട്ടക്കാരൻ എന്ന ഭാരിച്ച കർമ്മസാരഥ്യമായിരുന്നു അത്. അക്കാലത്തുതന്നെ മാജിക് ലാന്റേണിന്റെ സഹായത്താൽ മദ്ധ്യതിരുവിതാംകൂറിൽ സുവിശേഷ പ്രസംഗപര്യടനം നടത്തിയും കഴിഞ്ഞു. യൗവനാരംഭകാലത്തു തന്നെ അങ്ങനെ നാടിന്റെ നാനായിടങ്ങളിലും ആ പ്രഭാപൂർണ്ണവ്യക്തിത്വം വാഴ്ത്തപ്പെട്ടു.

'സുറിയാനി സഭാ സന്ദേശം' എന്ന സഭാമാസികയിൽ ബാവാതിരുമേനിയെപ്പറ്റിയും അദ്ദേഹത്തിന്റെ കബറടക്കത്തെപ്പറ്റിയും അത്ഭുതകരമായ അനുബന്ധസംഭവങ്ങളെപ്പറ്റിയും എല്ലാം ഒരു ദീർഘലേഖനമെഴുതി പ്രസിദ്ധീകരിച്ചതും വി.സി. ശാമുവേലിന്റെ കീർത്തി കുറേക്കൂടി വ്യാപകമാക്കി. ഈ കർമ്മബലത്തോടുകൂടിയാണ് ആ ധൈഷണികയുവാവ് സ്വഭവനത്തോടു വിട പറഞ്ഞ് മഞ്ഞനിക്കരക്കുന്നിലെ പർണ്ണാശ്രമത്തിലേക്ക് കുടിയേറുന്നത്.

38

വൈരികൾ വഴിമുടക്കുമ്പോഴും

സഭാസമർപ്പിതപുത്രന്റെ പടികയറ്റങ്ങളിൽ വാദ്ധ്യാർ ഏറെ നിർവ്യതനായിരുന്നു. മാർ യൂലിയോസ് മെത്രാപ്പോലിത്തയിൽ നിന്നും ശാമുവേൽ ശെമ്മാശപട്ടം കൈക്കൊണ്ടു. തുടർന്ന് അവിടെ അദ്ദേഹം കഴിഞ്ഞ ഏഴാണ്ടുകൾ കർമ്മബഹുലതകളുടേതായിരുന്നു. സുറിയാനി ഭാഷയുടെ ഗിരിശൃംഗങ്ങൾ താണ്ടാൻ അക്കാലം അദ്ദേഹത്തെ പ്രാപ്തനാക്കി. തുടർന്ന് ഇരുപതിൽപരം ശെമ്മാശന്മാരെ സുറിയാനി പഠിപ്പിക്കേണ്ട ധർമ്മവും ദയറാധിപൻ ശാമുവേലിൽ ഭരമേൽപ്പിച്ചു. ലോകത്തിന്റെ നാനാദിശകളിൽ നിന്നും പറന്നെത്തിക്കൊണ്ടിരുന്ന കുറിമാനങ്ങളെല്ലാം അപ്പപ്പോൾ സുറിയാനിയിലേക്കു മറുഭാഷണം ചെയ്യേണ്ടിയിരുന്നു. സന്ദർശകരായും സന്ധിസംഭാഷകരായും ദിനംപ്രതി വരുന്നവർക്കു മദ്ധ്യേ ദ്വിഭാഷിയായി നിലകൊണ്ടു. വ്യവഹാരരേഖകളെല്ലാം സുറിയാനിയിലേക്കും ഇംഗ്ലീഷിലേക്കും ഭാഷാന്തരം ചെയ്യേണ്ടതായും വന്നു.

മുനികുടീരമായിട്ടു കൂടി പക്ഷേ, വ്യവഹാര നൂലാമാലകളുടെ കുരുക്കിൽപ്പെട്ട് അശാന്തനിലയമായിത്തീർന്നിരുന്നു മഞ്ഞനിക്കരക്കുന്ന്. ഒരു ക്രിമിനൽ കേസിൽ അഭിവന്ദ്യ യൂലിയോസ് മെത്രാൻ ഒന്നാം പ്രതിയും ചെറിയാൻ സാറും മക്കളായ വി.സി. ജോഷ്വാ, വി.സി. ശാമുവേൽ എന്നിവർ തുടർ പ്രതികളുമായിരുന്നു! കോടതിയിലെ നീതിമതികളായ വിധിയാളന്മാരുടെ നിശിത പരിശോധനയാൽ ആ വ്യവഹാരം പാടേ തള്ളിക്കളഞ്ഞു. സാതികനും വിദേശിയുമായ മെത്രാപ്പോലിത്തയോ നാടെങ്ങും നന്മയുടെ വിളക്കുമരമായി ജ്വലിച്ചു നിൽക്കുന്ന ഇടയിൽ വാദ്ധ്യാരോ വാദികളെ ആക്രമിച്ചു എന്നു വിശ്വസിക്കാൻ സാദ്ധ്യമല്ല എന്ന ന്യായവാദം ഉന്നയിച്ചാണ് അവർ അതു നിരാകരിച്ചത്. അതിന്റെ പക പോക്കാനായി പ്രതിയോഗികൾ

തരം പാർത്തു കഴിയുകയായിരുന്നു. ആശ്രമസ്ഥർക്കുള്ള ഭക്ഷണം പലപ്പോഴും ഇടയിൽ വീട്ടിൽ നിന്നും കൊണ്ടുവന്നിരുന്നു. ഒരു ദിവസം പലഹാരങ്ങളും പഴങ്ങളും മറ്റ് ആഹാരവിഭവങ്ങളും കുട്ടയിലാക്കി ജോലിക്കാരന്റെ തലയിലേറ്റി വി.സി. ജോഷ്വാ, ആശ്രമത്തിലേക്കു വരികയായിരുന്നു. മാർഗ്ഗമദ്ധ്യേ ചില ചട്ടമ്പികൾ വഴി തടഞ്ഞു നിന്നു. എങ്കിലും എങ്ങനൊക്കെയോ തടിതപ്പി അവിടെ നിന്ന് രക്ഷപ്പെട്ട് ദയറായിലെത്തി. മെത്രാപ്പോലിത്തായുടെ വാതിൽക്കൽ മുട്ടിവിളിച്ചെങ്കിലും ഭയവിഹ്വലതയാൽ അദ്ദേഹം വാതിൽ തുറന്നില്ല. വാതിലിൽ മുട്ടുന്നത് അക്രമികളാവും എന്നദ്ദേഹം കരുതിക്കാണും. ആഗതരും പേടിച്ചരണ്ടു പോയിരുന്നു. അവർ ഭക്ഷണക്കുട്ട ആശ്രമ വരാന്തയിൽ വച്ച് വേഗം മടങ്ങിപ്പോയി. അൽപ്പദൂരം പിന്നിട്ടശേഷം പേടിയോടെ ഒന്നു തിരിഞ്ഞു നോക്കി. മുൻപു കണ്ട അക്രമികൾ, തങ്ങൾ കൊണ്ടു വച്ച ഭക്ഷണ ചുമട് എടുത്തുകൊണ്ടു പോകുന്നതാണ് അവർ കണ്ടത്.

39

അവരിരുവരും ഒരു ശരീരം

അമ്മയും അപ്പനും രണ്ടു വ്യത്യസ്ത വ്യക്തിത്വങ്ങളല്ലേ? അതേസമയം അവരിരുവരും ഒരു ജഡവുമല്ലേ? ഒരു പുത്രന് അപ്പനോടോ അമ്മയോടോ മാത്രമായി പക്ഷാഭേദം കാട്ടാനാവുമോ? ഒരു പക്ഷേ അവർ തമ്മിൽ ചില നീരസങ്ങളോ സൗന്ദര്യപ്പിണക്കങ്ങളോ പുലർത്തിയെന്നു വന്നാൽപ്പോലും! ഏതവസ്ഥയിലും ഇരുവരേയും ആദരിച്ചും സ്നേഹിച്ചും കഴിയുകയല്ലേ പുത്രധർമ്മം? സഭാവിഭാഗീയതയിൽപ്പെട്ട ഇരുസഭകളോടുമുള്ള ചെറിയാൻ സാറിന്റെ സമഭാവം ഇപ്രകാരം അന്യാദൃശമായിരുന്നു. സഭയിൽ ഒരുവനിലും കണ്ടെത്താനാവാത്ത അനന്യസുഭഗമായ ഒരു സമത്വവീക്ഷണം!

ഒരുമയെന്ന ദേവഗുണത്തിൽ അഭിരമിച്ച അഭിജാതജന്മമായിരുന്നു അത്. ആ അമാനുഷ ഗുണവിശേഷം ഒരു വരദാനം പോലെ വാദ്ധ്യാരിൽ പ്രകാശിച്ചിരിക്കുന്നു. നടപ്പിലും ഇരിപ്പിലുമെല്ലാം ആ മനസ്സിൽ ഉരുക്കഴിച്ചിരുന്ന ശ്ലോകങ്ങളിലേറെയും മാനവൈക്യത്തെ വിളംബരം ചെയ്യുന്നവയായിരുന്നു. 'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിലുണ്ടായൊരിണ്ടൽ ബതമിണ്ടാവതല്ല മമ' എന്ന എഴുത്തച്ഛൻ ശ്ലോകം പോലെ അദ്ദേഹത്തിന് പ്രിയങ്കരമായിരുന്നു;

"ഏകമേവാദ്വിതീയം ബ്ര-

ഹ്മ, സ്തി നാന്യന്ന സംശയം" എന്ന ഈരടികളും. അതായത് "എവിടെയും ഒന്നു മാത്രമേയുള്ളൂ, രണ്ടില്ല. ആ ബ്രഹ്മശക്തിയിൽ നിന്ന് വിഭിന്നമായി യാതൊന്നുമില്ല; നിസ്സംശയം"

രണ്ടെന്ന് എന്തെങ്കിലുമുണ്ടെങ്കിൽ അത് വെളിച്ചവും ഇരുളും മാത്രമാണെന്നും വാദ്ധ്യാർ വിശ്വസിച്ചു. ദാരിദ്ര്യത്തിന്റെയോ അജ്ഞ

തയുടെയോ വിദ്വേഷത്തിന്റെയോ സ്വാർത്ഥതയുടെയോ അന്ധകാരത്തോടു മാത്രമായിരുന്നു ആ ഭേദചിന്ത.

‘ശക്തിസ്തു ദ്വിവിധാ ജ്ഞേയാ
ജ്ഞെജസീ താമസീതി ച;
സഹവാസോ തയോർനാസ്തി
തേജസ്തിമിരയോരിവ;’

എന്ന ശ്ലോകാർത്ഥത്തെ ഉപാസിച്ചു പോന്ന വാദ്ധ്യാർ ആ ഇരുളിനു നേരെ പ്രകാശത്തിന്റെ പടവാളുമായി മുന്നേറിയ രണധീരനുമായിരുന്നു.

വാദ്ധ്യാരുടെ മനസ്സ് നിരാസചിന്തകൾക്കതീതമായിരുന്നു. അതിവിസ്തൃതമായ കർമ്മമണ്ഡലങ്ങളിൽ ഇന്നോളം പരിചയിച്ചു പോന്ന ജനലക്ഷങ്ങളിൽ ഒരുവനെപ്പോലും നിരാസഭാവത്തോടെ വീക്ഷിക്കാനാവാത്ത ഒരതിശയമനുഷ്യനായിരുന്നു വാദ്ധ്യാർ. അന്ത്യോഖ്യൻ പൈതൃകവും ഭാരതത്തിന്റെ മാർത്തോമ്മൻ പൈതൃകവും ശ്ലൈഹികമഹത്ത്വമുള്ളതും അതിപുരാതനവുമാണ്. അതിനാൽ ആ രണ്ടു ജീവധാരകളും ക്രിസ്തുവാകുന്ന ഏക ഗിരി മകുടത്തിൽ നിന്നും നിറഞ്ഞൊഴുകുന്ന അനുഗ്രഹനദികളാണ് വാദ്ധ്യാരെ സംബന്ധിച്ച്. രണ്ടു പ്രവാഹങ്ങളിലും ഇറങ്ങി മുങ്ങിക്കുളിച്ചാൽ ദേഹശുദ്ധി സിദ്ധിക്കും. ആത്മമോക്ഷം കൈവരും. ഇന്ത്യൻസഭയുടെ പിതാവായ മാർത്തോമായുടെ ശിഷ്യൻ ആദായി വാണരുളിയ ഇടമല്ലേ അന്തോഖ്യ. ആദ്യകാലങ്ങളിൽ അവിടെ നിന്നും വന്ന മെത്രാന്മാരല്ലേ ഭാരതസഭക്ക് ആത്മീയോർജ്ജം പകർന്നു തന്നിരുന്നത്. അതേ സമയം തദ്ദേശീയരായ പിതാക്കന്മാരെ നമുക്ക് മറക്കാനാവുമോ! പോരടിക്കാൻ ഒരു ശതമാനം കാരണം മാത്രം മതി; എന്നാൽ ഐക്യപ്പെടാൻ തൊണ്ണൂറ്റൊൻപതു സമന്വയഭാവങ്ങൾ ഈ യുദ്ധഭൂമിയിൽ നിരന്നു കിടപ്പുണ്ടു താനും. വാശിയും ദുരഭിമാനവും ദ്രവ്യസുഖവും മൂർച്ച ഏറ്റുന്ന ആ ഒരു ശതമാനം വിലോമചിന്തകളെ ആയുധമാക്കാനാണ് ഏറെ പേർക്കുമിഷ്ടം. വാനമേഘങ്ങളിൽ അന്ത്യവിധിയാളായി പ്രത്യക്ഷീകരിക്കുന്ന നിഷ്പക്ഷമൂർത്തിയായ ക്രിസ്തുവിന്റെ സ്വർഗ്ഗോന്മുഖ വലതുപക്ഷം പ്രാപിക്കാൻ ഈ വൈരനിര്യാതന മുന്നേറ്റം സഹായിക്കില്ലെന്ന് വാദ്ധ്യാർക്ക് ഉറപ്പുണ്ട്. തന്റെ ആത്മീയ മഹാഗുരു ക്ഷമയുടെയും സ്നേഹത്തിന്റെയും കരകാണാക്കടലാണ്. അവന്റെ സാധുതമായ അഭിഷേകമുള്ള പിതാക്കന്മാരല്ലേ ഇരുകക്ഷികളുടെയും അമരത്ത് അമരുന്നത്! ഇടയിൽ എന്നും വിളക്കുവേലിൽ എന്നുമുള്ള തന്റെ രണ്ടു തറവാടു വീടുകൾപോലെയായിരുന്നു വാദ്ധ്യാർക്ക് യാക്കോബായ സഭയും ഓർത്തഡോക്സ് സഭയും.

മഞ്ഞനിക്കര ദയറായുടെ പ്രാരംഭകാലം മുതൽ അതിന്റെ വികാസ പരിണാമങ്ങളിൽ കയ്യും മെയ്യും മറന്ന് അദ്ധ്വാനിച്ച വ്യക്തിയാണ് വാദ്ധ്യാർ. എങ്കിലും സ്വപുത്രൻ വി.സി. ശാമുവേൽ ശെമ്മാശൻ ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായ വട്ടശ്ശേരിൽ തിരുമേനിയുടെ തൃക്കരങ്ങളാൽ വൈദികാഭിഷിക്തനായി കാണണമെന്നായിരുന്നു വാദ്ധ്യാരുടെ ആഗ്രഹം. വൈദികാഭിഷേക ശുശ്രൂഷകൾ നടത്താൻ വേണ്ട ദേഹസൗഖ്യം വട്ടശ്ശേരിത്തിരുമേനിക്കുണ്ടായിരുന്നില്ല. തന്റെ പൗരോഹിത്യാഭിഷേകം ഒരു അന്ത്യോഖ്യൻ മെത്രാപ്പോലിത്തായുടെ കാർമ്മികനേതൃത്വത്തിൽ ആവണമെന്നായിരുന്നു പുത്രഹിതം. അന്ത്യോഖ്യൻ സംസ്ക്കാരമഹത്ത്വത്തോട് അത്ര ആഴമായ ആത്മബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. അങ്ങനെ, ശാമുവേൽ ശെമ്മാശൻ യൂലിയോസ് തിരുമേനിയിൽ നിന്നും 1937ൽ പട്ടത്വം കൈക്കൊണ്ടു.

സ്വപിതാവ് പ്രസരിപ്പിച്ച സമഭാവത്തിന്റെയും സമവായത്തിന്റെയും അനുരഞ്ജന കർമ്മശൈലിയിലൂടെ ഒരുമയുടെ കാഹളമൂതിലോകസഭൈക്യവേദിയിലേക്കൊരു ചുവടുവയ്പിനുള്ള ചവിട്ടുപടിയായിരുന്നു ആ അഭിഷേകദിനം.

40

ഉയർന്നു വാഴുന്ന കൽക്കുരിശ്

ലക്ഷ്യത്തിൽ മാത്രമായിരുന്നു വാദ്ധ്യാരുടെ ഏകാഗ്രദൃഷ്ടികൾ. മറിച്ച് മാർഗ്ഗത്തിൽ പതിയിരിക്കുന്ന പ്രതിസന്ധികളിലായിരുന്നില്ല. അങ്ങനെയായിരുന്നെങ്കിൽ സൗകര്യങ്ങളും സാദ്ധ്യതകളും തീരെയില്ലാതെ പോയ കാലങ്ങളിൽ ഇത്ര ബഹുലങ്ങളായ പദ്ധതികൾ സഫലമാക്കാൻ വാദ്ധ്യാർക്ക് ആവുമായിരുന്നോ! എന്തെന്തു തടസ്സങ്ങൾ മറികടന്നാണ് മഞ്ഞനിക്കര കബറിടവും ദയറായും സൗകര്യപ്രദമായ വിധത്തിൽ വികസ്വരമാക്കാൻ കഴിഞ്ഞത്. ഓരോ ഫെബ്രുവരി മാസത്തിലും എവിടെ നിന്നെല്ലാമാണ് വ്രതനിഷ്ഠരായ ഭക്തജനസഞ്ചയം കാൽനടയായി ഈ അഭയകുടീരത്തിൽ തീർത്ഥാടകരായി എത്തിക്കൊണ്ടിരിക്കുന്നത്! ഓമല്ലൂരിലെ പ്രധാനപാതയിൽ നിന്നും മഞ്ഞനിക്കര ഭാഗത്തേക്കു തിരിയുന്ന കവലയിൽ ഒരു ചൂണ്ടുപലക സ്ഥാപിച്ചാൽ തീർത്ഥാടകർക്ക് വഴിതെറ്റാതെ മുന്നേറാൻ സഹയകമാവില്ലേ! വാദ്ധ്യാരുടെ ചിന്ത ആ വഴിക്കു തിരിഞ്ഞു. കബറിടനിർമ്മാണത്തിനും അനുബന്ധമായ കൊട്ടിൽ നിർമ്മിതിക്കും ദയറാവാസികളുടെ ദൈനംദിന പോഷണത്തിനും ആവശ്യമായ തുകയിൽ നല്ലൊരു സംഖ്യ സ്വന്തം കയ്യിൽ നിന്നും ചെലവിടാൻ വാദ്ധ്യാർ ഏറെ ഉത്സാഹിച്ചിരുന്നു. എന്നാൽ പൂർണ്ണമായും ഇടയിൽ തറവാടിന്റെ സംഭാവനയായി വരത്തക്കവിധം ഒരു ശാശ്വത സംരംഭം കൂടി ആവിഷ്ക്കരിക്കണം എന്ന ആഗ്രഹം വാദ്ധ്യാരിൽ ശക്തിപ്പെട്ടു. ശാശ്വതവും ജനോപകാരപ്രദവുമായ ഒരു സമർപ്പണമായിരിക്കണം അത്. ആ ചൂണ്ടുപലക അതിലളിതമായ ഒരു ശിൽപ്പമാകണം. ലംബവും തിരശ്ചീനവുമായ ഓരോ വര കൊണ്ട് പൂർത്തീകരിക്കാവുന്നത്ര അതിലളിതമായ ഒരു ശിൽപ്പം. അത്തരം വെറും രണ്ടു വരകളാൽ തീർക്കപ്പെട്ട ആ ലളിതശിൽപ്പം കാലത്തെപ്പോലും രണ്ടായി

പകുത്തു. ഏ.ഡി. എന്നും ബീ.സി. എന്നും. സ്വർഗ്ഗത്തിലേക്കുള്ള ആ ചൂണ്ടുപലക ലോകത്തിനാകമാനം ദിശാബോധം നൽകും. ഇവിടെ ഈ ചെറുകവലയിൽ ലംബവും തിരശ്ചീനവുമായ ഓരോ ദീർഘശിലാഖണ്ഡങ്ങൾ ചേർത്തുവച്ച് ദയറായിലേക്കുള്ള ദിശാസൂചികയായി ആ സ്മാരകം ഈ ഓമല്ലൂർ മഞ്ഞനിക്കര കവലയിൽ സ്ഥാപിക്കണം. നാലുദിക്കുകളിലേക്കും കരങ്ങൾ വിന്യസിച്ചു നിൽക്കുന്ന ആ സ്നേഹമുദ്ര നാടിനനുഗ്രഹമായി തീരണം. അതിൽ നിന്നുതിരുന്ന ത്യാഗത്തിന്റെ സ്മരണകൾ ദർശകരിൽ, തീർത്ഥാടകരിൽ, വഴിയാത്രക്കാരിൽ എല്ലാം നിസ്വാർത്ഥതയുടെ പ്രേരണ നിറയ്ക്കണം.

ഏത് ഉദ്യമങ്ങൾക്കും മുമ്പേ തമ്പുരാനോട് അനുമതി ആരായുന്ന പതിവ് വാദ്ധ്യാർക്കുണ്ട്. മഞ്ഞനിക്കര പള്ളിയിൽക്കടന്ന് തന്റെ ഇംഗിതം ഒരു മൗനപ്രാർത്ഥനയായി തൊഴുതു സമർപ്പിച്ചു. ദയറായിലേക്കു വഴി തിരിയുന്ന ഭാഗത്ത് വസ്തു സ്വന്തമായില്ല. അതിന്റെ ഉടമയെ ചെന്നു കണ്ട് അഭ്യർത്ഥിച്ചു. ഉടമ മടി പറഞ്ഞു.

“ഇത്തിരി ഭൂമിയേ എനിക്കവിടെ വേണ്ടൂ. ഒരു കുരിശ് സ്ഥാപിക്കണം. അതിനു ചുറ്റും പത്തമ്പത് ആളുകൾക്ക് നിന്നു പ്രാർത്ഥിക്കാൻ പാകത്തിൽ ഇടം കിട്ടണം. ചോദിക്കുന്ന വില തരാം” വീണ്ടു വിചാരത്തോടെ ഉടമ ഇരട്ടിവില ചോദിച്ചു. വാദ്ധ്യാർ സമ്മതിച്ചു. പണം കൈമാറി. ഇരുചെവി അറിയാതെ വസ്തു എഴുതി വാങ്ങി.

താണുകിടക്കുന്ന വയൽ ഭൂമിയാണ് അത്. മുൻവശത്ത് വീതികൂടിയ ഓമല്ലൂർ റോഡും. ഒരു വശത്ത് വീതി കുറഞ്ഞ മഞ്ഞനിക്കര റോഡും സ്ഥലം അതിരുകെട്ടി മണ്ണിട്ടുയർത്തി നിരപ്പാക്കി. കല്ലാശാരിമാർ ജാഗ്രതയോടെ നിലകൊണ്ടു. പെട്ടെന്നാ വാർത്ത നാടെങ്ങും പരന്നു. ചില പ്രമാണിമാർ രോഷാകുലരായി. പാവപ്പെട്ട ക്രൈസ്തവരിൽ പലരും അന്ന് ഹൈന്ദവ ജന്മിമാരുടെ അകത്തളങ്ങളിലും പാടത്തും പറമ്പിലും മറ്റുമായി കൂലിപ്പണി ചെയ്ത് കഴിഞ്ഞു കൂടുന്നവരാണ്. അവർ തലപൊക്കുന്നതിനു തുല്യമാണ് ആ കുരിശുയർത്തൽ എന്നു പ്രമാണിമാർ വ്യാഖ്യാനിച്ചു. മാത്രമല്ല, പേരുകേട്ട ഓമല്ലൂർ രക്തകണ്ഠസ്വാമിക്ഷേത്രത്തിൽ നിന്നുള്ള ഉത്സവകാലത്തെ ഘോഷയാത്രയുടെ വഴി മദ്ധ്യത്തിലാണീ പുതുനിർമ്മിതി. ‘ഇതു തടഞ്ഞേ പറ്റൂ.’ ആ സന്ധ്യയിൽ അവർ ഒത്തുകൂടി അവിടോടിയെത്തി. വാദ്ധ്യാരും മക്കളും ജോലിക്കാരുമെല്ലാം അവിടുണ്ടായിരുന്നു.

വാദ്ധ്യാർ സാറിനെ കണ്ടപാടേ രോഷാകുലരായ പ്രമാണിമാരുടെ രക്തത്തിളപ്പ് ഒട്ടൊന്നടങ്ങി. മഹാരാജാവിനു പോലും പ്രിയങ്കരനായ വാദ്ധ്യാരോട് എതിർക്കാനുള്ള കരുത്തവർക്കില്ല. കാരണം സ്പർദ്ധയുടെ ഭാഷ വാദ്ധ്യാർക്കറിയില്ല. ഒരുറുമ്പിനു പോലും ദോഷ

കാരണമാകുന്ന യാതൊരു നീക്കവും അദ്ദേഹം നടത്തില്ല. നാട്ടാരെ ല്ലാം കീർത്തിമാനായ ആ ഗുരുവരനിൽ നിന്നും അക്ഷരവെളിച്ചം നേടിയവരാണ്. കാരുണ്യവും നിർമ്മലസ്നേഹവും ആ നെഞ്ചക ത്തിൽ തെളിഞ്ഞു തുളുമ്പിക്കിടപ്പുണ്ട്. എങ്കിലും കരയോഗപ്രമാണി മാർ തങ്ങളുടെ ആശങ്കങ്ങൾ വാദ്ധ്യാരുടെ മുമ്പിൽ തുറന്നറിയിച്ചു. സൗമ്യതയുടെ ആ ആൾരൂപം തന്റെ ഉദ്യമത്തിന്റെ സോദ്ദേശവശ ങ്ങൾ അവധാനപൂർവ്വം അവരുടെ മുമ്പിൽ അവതരിപ്പിച്ചു.

വംശീയമായ താൻ പോരിമാഭാവം ഈ ഉദ്യമത്തിന്റെ പിന്നിൽ ലേശവുമില്ലെന്നും ഇത് എളിമയുടെയും സാർവ്വത്രിക സ്നേഹാദര വിന്റെയും മുദ്രണമായിരിക്കുമെന്നും യോഗീസമാനനായ ഒരു വിശ്വാ ചാര്യന്റെ സമാധിയാൽ പുകൾ ആർജ്ജിച്ച തീർത്ഥാടനകേന്ദ്രത്തി ലേക്കുള്ള കൈചൂണ്ടിയായിരിക്കും ഈ കുരിശെന്നും വാദ്ധ്യാർ പ്രശാന്തനായി പറഞ്ഞു കേൾപ്പിച്ചു.

ഈ കൽക്കുരിശിനു ചുറ്റും നാളെ മുതൽ നിറഞ്ഞെരിയുന്ന മെഴുകുതിരികളും രക്തകണ്ഠ സ്വാമിക്ഷേത്രത്തിലെ തിരുനടയിൽ ഉണർന്നു കത്തുന്ന ചെരാതുകളും നമ്മെയെല്ലാം മോക്ഷത്തിലേക്കു വഴികാട്ടുന്ന ദീപ്തസ്രോതസുകളല്ലേ എന്നും വാദ്ധ്യാർ മധുരസ്വര ത്തിലാരാഞ്ഞു.

മറിച്ചൊരുത്തരം അവരാരുടേയും രസനയിൽ അങ്കുരിച്ചില്ല. ഹൈന്ദവലോകത്തെ അത്യപൂർവ്വങ്ങളായ പ്രാമാണിക ഗ്രന്ഥങ്ങൾ വരെ വാദ്ധ്യാരുടെ ഗ്രന്ഥപ്പുരയിലുണ്ടെന്ന കാര്യം അവർക്കറിയാം. മതസൗഹൃദത്തിന്റെ ഈറ്റില്ലമാണ് വാദ്ധ്യാരുടെ ഹൃദയം എന്ന കാര്യത്തിലും അവർക്കെല്ലാം ഏകാഭിപ്രായം തന്നെ. അതിനാൽ വാദ്ധ്യാരുടെ ഉദ്യമങ്ങൾക്ക് സർവ്വാശംസകളും പിന്തുണയും നേർന്ന് പ്രമാണിമാർ അരങ്ങൊഴിഞ്ഞു.

41

കർമ്മസൂര്യന്റെ സന്ധ്യാസ്തമയം

സായന്തനം ശോഭായമാനമാണ്. വിട പറഞ്ഞ് പടിഞ്ഞാറേ കുന്നിന്നപ്പുറത്തേക്ക് മറയാൻ ഒരുങ്ങുമ്പോഴും അരുണകാന്തിയിൽ ഭൂവാസികളെ പ്രശോഭിപ്പിക്കുന്ന കർമ്മോജ്വലത! ത്യാഗഭൂയിഷ്ഠ മായ കർമ്മബദ്ധദിനചര്യകളുടെ അറുതിയിലും വിശ്രാന്തരഹിതമായ സംക്രമണോത്സുകത. ആ മുഖപ്രസാദത്തിൽ നിസ്വാർത്ഥ സമർപ്പ ണത്തിന്റെ ചാരിതാർത്ഥ്യം ചൂഴ്ന്നു നിൽപ്പുണ്ട്. മുളപൊട്ടി ഇതൾ വി ടർത്തുന്ന ഓരോ ഇലത്തഴപ്പിലും തന്റെ സേവനത്തിന്റെ ചുംബന മുദ്ര തെളിഞ്ഞു കാണുന്നു. കൺകുളിർപ്പിക്കുന്ന ഹരിതാഭചൂഴ്ന്ന സസ്യനിബിഡതയായി ആ ഇലത്തഴപ്പുകൾ പരിണമിക്കുന്ന നാളെ കൾ സൂര്യമാനസത്തിന്റെ പ്രതീക്ഷകളാണ്.

നീണ്ട എഴുപത്തേഴാണ്ടുകളുടെ വാർദ്ധകപരിക്ഷീണത വാ ദ്ധ്യരിൽ അത്ര കണ്ട് പ്രകടമല്ല. പ്രമേഹരോഗത്തിന്റ ആതുരതകൾ ലേശം അലട്ടിത്തുടങ്ങിയിട്ടുണ്ട്. ക്രമം തെറ്റിയ ഊണുറക്കങ്ങളുടെ ബാക്കിപത്രമാവാം ആ രോഗം. പ്രായത്തിനൊപ്പം താളപ്പെരുക്കം പോലെ കർമ്മബാഹുല്യങ്ങളും ഏറിക്കൊണ്ടിരുന്നു. ആരോഗ്യരക്ഷ, സുഖം, സ്വസ്ഥത ഇത്യാദി വൈയക്തിക താത്പര്യങ്ങളെല്ലാം ആ കർമ്മോത്സുക പ്രയാണത്തിൽ ഒലിച്ചുപോവുകയായിരുന്നു. തന്റെ ഓരോ ഉദ്യമവും സമൂഹത്തിന്റെ മുഖഛായയിൽ വരുത്തിയ ആരോ ഗ്യകരവും ലാവണ്യപരവുമായ പുരോഗമന പരിണാമങ്ങളിലാ യിരുന്നു ആനന്ദം മുഴുവൻ.

പിൻതിരിഞ്ഞു നോക്കുമ്പോൾ വിസ്മയാവഹമായി തോന്നു ന്നുണ്ട്. വിദ്യാഭ്യാസരംഗത്തും ആതുരസേവന തലത്തിലും സാമ്പ ത്തിക മണ്ഡലങ്ങളിലും സാംസ്ക്കാരിക ലോകത്തും വാദ്ധ്യാർ കാഴ്ച വച്ച കർമ്മദീപ്തി ഭാവികാലങ്ങളെ ഭാസുരമാക്കുക തന്നെ

ചെയ്യും. പല മഹത്തുക്കളും ദേശോദ്ഗ്രഥന വീഥിയിൽ പ്രവർത്തിച്ചത് മറ്റുപല പ്രസ്ഥാനങ്ങളുടെയോ ജാതീയ സംഘടനകളുടേയോ സാമുദായികശക്തികളുടെയോ മറ്റോ പിൻബലം കൊണ്ടാണ്. എന്നാൽ യാതൊരു സ്വേച്ഛമോഹങ്ങളും ഇല്ലാതെ ഒരു അപരവ്യക്തിയുടെ പോലും ഇന്ധനോർജ്ജം കൂടാതെ വിവിധരംഗങ്ങളിൽ വെന്നിക്കൊടി പാറിച്ച മറ്റൊരു കർമ്മപ്രഭാവൻ കേരളചരിത്രത്തിൽ തന്നെ മറ്റെവിടെകാണും!

എന്തുകിട്ടും എന്ന സ്വാർത്ഥലാഭചിന്തകളെ ചവുട്ടി അരച്ചുകൊണ്ടുള്ള പാദമുദ്രണമായിരുന്നു ആ പുരുഷായുസ്സാകമാനം. ഓരോ കർമ്മസാഫല്യത്തിനും നേരെ കാലവും മാനവകുലവും ഉയർത്തിയ കരഘോഷങ്ങളും ഉദ്ഘോഷവായ്ത്താരികളും കേട്ട് ആസ്വദിക്കാൻ ഒരു വേള പോലും പിന്തിരിഞ്ഞു നിൽക്കാതെയുള്ള ചടുലഗതിയായിരുന്നു ആ ജീവിതം. പക്ഷപാതത്വം ഏശാത്തവിധമുള്ള നിഷ്പക്ഷ വിവേചനങ്ങളാൽ മാലോകരെ വിസ്മയിപ്പിച്ച നീതിബോധിയായിരുന്നു വാദ്ധ്യാർ. സരസമഹാകവി മൂലൂരിനുപോലും പരിഹരിക്കാനാവാത്ത പ്രതിസന്ധികൾ അദ്ദേഹത്തിന്റെ അധീനതയിലുള്ള ഒൻപതിൽപരം പള്ളിക്കൂടങ്ങളെ ഗ്രസിച്ചപ്പോൾ പരിഹാരകനായി കണ്ടെത്തപ്പെട്ട മഹോപാദ്ധ്യായനാണ് ഇടയിൽ വാദ്ധ്യാർ. വാദ്ധ്യാർ ആ പള്ളിക്കൂടങ്ങളുടെ നിയന്ത്രണം ഏറ്റെടുത്ത നാൾ മുതൽ നാട്ടുകാരെ പ്രബുദ്ധരാക്കാനും കുട്ടികളെ ഒരുമിപ്പിക്കാനുമായി നടത്തിയ ത്യാഗധർമ്മങ്ങൾ ചരിത്രവഴികളിലെ വിസ്മയസത്യങ്ങളാണ്. വാദ്ധ്യാരുടെ കരവലയത്തിനുള്ളിൽ ഒരുമയുടെ നീലാകാശം നോക്കി ആ ഉണ്ണിക്കിടാങ്ങൾ മാനവികതയുടെ ചിറകുകൾ വിരുത്തി പാറിപ്പറന്നു.

വാതത്തിനോ പ്രമേഹത്തിനോ ഒന്നും ഉത്സാഹഭരിതമായ ആ കാൽവയ്പ്പുകളെ അമാന്തിപ്പിക്കാൻ ആവുമായിരുന്നില്ല. ശാരീരികാസ്വാസ്ഥ്യങ്ങളെ മനോതീക്ഷ്ണത അതിജീവിച്ചു മുന്നേറുകയായിരുന്നു. സർക്കാർ തലത്തിൽ ജനക്ഷേമകരമായ ഒരു കാര്യം സാധിച്ചെടുക്കണമെങ്കിൽ കാൽനടയായിത്തന്നെ അനേക കാതങ്ങൾ താണ്ടി കൊല്ലം പട്ടണത്തിലോ തിരുവനന്തപുരം നഗരത്തിലോ പോകേണ്ടതുണ്ടായിരുന്നു. ജീവിതസായന്തനത്തിൽപ്പോലും ഒറ്റയ്ക്ക് തന്നെയായിരുന്നു ധീരപൂർവ്വമായ ആ കാൽവയ്പുകൾ. ഇതിനിടയിൽ ക്രമബദ്ധമായിത്തന്നെ ക്ഷേമമന്വേഷിക്കാൻ വെവ്വേറെ ഭവനങ്ങളിൽ കുടിപാർക്കുന്ന മക്കളുടെ ഭവനങ്ങൾ തേടി ആ പിതാവ് നടന്നു ചെന്നു. വെള്ളി കെട്ടിയ നടക്കമ്പും ഊന്നിയുള്ള ആ പിതാവിന്റെ ഭവനാഗമനത്തെ ഓർമ്മിച്ച മകൾ തങ്കമ്മ മാത്യു തോണ്ടലിൽ ഒരു ലേഖനത്തിലൂടെ ഇങ്ങനെ അനുസ്മരിക്കുന്നു. "എന്റെ സുഖൈശ്വര്യങ്ങൾ ആരായുന്നതിന് അപ്പച്ചൻ ആഴ്ചതോറും തോണ്ടലിൽ വീട്ടിൽ

എത്തുമായിരുന്നു. വാഹനസൗകര്യങ്ങളില്ലാതിരുന്ന ആ കാലത്ത് ഒറ്റയ്ക്ക് കാൽനടയായി എത്തിയിരുന്ന അപ്പച്ചൻ ഇപ്പോഴും എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു. അന്ത്യം വരെയും അപ്പച്ചനെ യഥോചിതം പരിചരിക്കുവാൻ എനിക്കു ഭാഗ്യം ലഭിച്ചിരുന്നു. അതിന്റെ അനുഗ്രഹം എനിക്കും എന്റെ കുടുംബത്തിനും ഇന്നുമുണ്ട്"

ഇടംകൈപോലുമറിയാതെ വലംകയ്യാൽ നിറച്ചെടുത്ത് ഇല്ലായ്മക്കാരുടെ വല്ലങ്ങളിൽ സമർപ്പിച്ച ചരിതാർത്ഥജന്മമായിരുന്നു അത്. ലെജിസ്ലേറ്റീവ് അസംബ്ലിയിലൂടെ പന്തളത്തിന്റെയും ഓമല്ലൂരിന്റെയും പത്തനംതിട്ടയുടെയും മറ്റും വികസന രൂപരേഖകൾ അവതരിപ്പിക്കാൻ അവസരം തരപ്പെട്ടു. തിരുവിതാംകൂർ വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വം വഹിച്ചിരുന്ന സ്കൂൾ ഇൻസ്പെക്ടർ റാവു ബഹദൂർ ഓ.എം. ചെറിയാനെപ്പോലുള്ള വിദ്യാഭ്യാസാധികൃതരുമായുള്ള ബന്ധത്തിലും സ്വാധീനത്തിലും ജാതിമതഭേദമെന്യേ തൊഴിലന്വേഷകരായ അനേകം യുവാക്കൾക്ക് തൊഴിൽ നേടിക്കൊടുക്കാനും സാധിച്ചു.

അവിശ്രമസഞ്ചരണത്തിന്റെ നെടുംപാതയിൽ പതിഞ്ഞ എഴുപത്തെട്ടാണ്ടുകളുടെ ചന്ദനസുഗന്ധം വഴിയുന്ന ആ പാദമുദ്രകൾ ഒരു കാലഘട്ടത്തെയാണ് സുരഭിലമാക്കി അനുഗ്രഹിച്ചത്. കാടും മേടും നിസ്തന്ദ്രം താണ്ടിയ പകലുകളും, ഊണുറക്കങ്ങൾ ലഘൂകരിച്ച രാവുകളും കൊണ്ട് ഒറ്റയ്ക്ക് നടത്തിയ ജൈത്രയാത്രകളായിരുന്നു അത്. ഏകാന്തപ്രാർത്ഥനയുടെ മുഴങ്കോലുകൊണ്ട് രാത്രിയാമങ്ങളുടെ ആഴങ്ങളെ അളന്ന് മുന്നേറിയ മഹിതജീവിതം. എന്റേത് എന്നൊരു വ്യാമോഹം കടുകുമണിയോളം പോലും ആയുസ്സിൽ ശേഷിപ്പിച്ചിട്ടില്ല. സമ്പൂർണ്ണമായ ത്യാഗസമർപ്പണത്തിൽ ആനന്ദം നുകർന്നു പോന്ന ജീവിതം. 'നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക' എന്നരുളിയ ക്രിസ്തുവായിരുന്നു പ്രാണവഴികളിൽ വഴികാട്ടിയായ മഹാഗുരു.

ശാഖോപശാഖകൾ തോറും മധുരഫലങ്ങൾ നിറഞ്ഞ മഹാവൃക്ഷത്തോട് വാദ്ധ്യാരെ ഉപമിക്കാം. മക്കളും കൊച്ചുമക്കളും അവരുടെ മക്കളും എല്ലാം ആ ഗോത്രതാതന്റെ ആത്മനയനങ്ങളിൽ നിർവൃതിയുടെ പൂത്തിരികളായി ജ്വലിച്ചു നിന്നു. അനുഗ്രഹത്തിന്റെ സമ്മാനപ്പൊതികളുമായി അവരെത്തേടി നാനാവഴികളിലേക്കും നടന്നു ചെന്ന ആ കാലടികൾ തേടി അവരെല്ലാം ഇടയിൽ മൂലതറവാട്ടിലേക്ക് ഓടിയെത്തുകയാണ്. ഉറ്റവരും ഉടപ്പിറന്നോരും മാത്രമല്ല, പ്രഭാമയനായ ആ മഹാചാര്യസവിധം തേടി നാനാതലങ്ങളിൽപ്പെട്ട നാട്ടുകാരും അന്യദേശീയർ പോലും വന്നുകൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ വേനൽവറുതികളിൽ തോളിൽ ചേർത്തു പിടിച്ച് സ്വച്ഛതയുടെ കുടത്തണലേകി കൂട്ടിക്കൊണ്ടുപോയ വാദ്ധ്യാരുടെ ഗുരുപാ

ദങ്ങളിൽ നന്ദിയുടെ ഇലഞ്ഞിപ്പൂക്കൾ അർപ്പിക്കാനുള്ള ജനോത്സാഹം! നല്ലതുമാത്രം നിനച്ചും നന്മ മാത്രം മൊഴിഞ്ഞും നന്മകളുടെ കർമ്മവിത്തുകൾ മാത്രം വാരിവിതച്ചും ഗുരുത്വത്തിന് മാതൃകാ മഹത്ത്വം ചാർത്തിയ പുണ്യജന്മമാണത്. അതിനാൽത്തന്നെ ആ പൂജിതപാദങ്ങൾ തേടിയുള്ള അവരുടെ വരവ് തീർത്ഥാടനം പോലെ അനുഗ്രഹപ്രദമായിരുന്നു. ഒരിക്കലും ആളൊഴിഞ്ഞിട്ടില്ല ആ തറവാട്ടങ്കണത്തിൽ. ഒരു നാട്ടുസർവ്വകലാശാല പോലെ വിജ്ഞാന നിറവിന്റേതായിരുന്നു പണ്ഡിതവൃന്ദത്തിന് അവിടം. വറുതിയുടെ നിറമിഴികളിൽ പ്രതീക്ഷകളുടെ ചെരാതുകൾ തെളിച്ചു നൽകിയ അഭയകുടീരമാണത്. നീതിബോധത്തിന്റെ നിഷ്പക്ഷവിധിയാളായി ഒരു നാട്ടരചനപ്പോലെ വിരാജിച്ച വാദ്ധ്യാരുടെ ജീവിതസായന്തനം ആ ജനതയ്ക്ക് അചിന്ത്യമായിരുന്നു. സൂര്യാസ്തമനശേഷം ഇരുണ്ട ഇടവഴികളിൽ കാലിടറിപ്പോകുമെന്ന ഭീതിയാണവരുടെ നെഞ്ചകങ്ങളിൽ തിങ്ങിവളരുന്നത്. ക്ഷേമാന്വേഷണങ്ങളോടെ തന്റെ ക്ഷീണാവസ്ഥയിൽ വിഷാദമുഖരായി ചുറ്റും വന്നു നിൽക്കുന്നവർക്കു നേരെ ചാരുകസേരയിൽ കിടന്ന് തെല്ലും മങ്ങാത്ത മുഖശോഭയോടെ വാദ്ധ്യാർ താത്ത്വികതചൂഴ്ന്ന പ്രത്യാശാഭരിതമായ സംസ്കൃതശ്ലോകങ്ങളും മറ്റും ഉരുവിട്ട് അങ്ങനെ കിടക്കും.

ഔപനിഷിദോക്തികളുടെ പ്രത്യാശാപാഠം പകർന്നു തരുന്ന പുരാണകൃതികൾ തന്റെ ഗ്രന്ഥശേഖരത്തിൽ നിന്നും വിജ്ഞരായ മക്കളെക്കൊണ്ട് എടുപ്പിച്ച് അവയുടെ പാരായണം ശ്രദ്ധാപൂർവ്വം ശ്രവിച്ചു കൊണ്ടു കിടന്നു. മഹാവിജ്ഞനായ മകൻ ശാമുവേൽ അച്ചൻ മാത്രം അരികിലില്ല. അമേരിക്കയിൽ ഉന്നതപഠനത്തിനായി അദ്ദേഹം പോയിരിക്കുന്നു. സഭയുടെ ഭാവിപഥങ്ങളിൽ മഹിതശോഭ ഉതിർക്കുന്ന ധ്രുവതാരകമായി സർവ്വരും പ്രത്യാശയോടെ കാത്തിരിക്കുന്ന അനന്യവേദശാസ്ത്ര മഹാപ്രതിഭയാണ് ആ പ്രിയപുത്രൻ. വിജ്ഞനായ ശലോമോനെ കൺകണ്ട ദാവീദു രാജാവിന്റെ ചാരിതാർത്ഥ്യം പോലെ വാദ്ധ്യാരുടെ ഉൺമയിൽ അഭിമാനത്തിന്റെ പാരമ്യമായിരുന്നു മഹാൻ എന്നു തന്നെ കീർത്തിക്കാവുന്ന വി.സി. ശാമുവേലച്ചൻ.

കോട്ടയം സ്വദേശിയായ ഡോക്ടർ പി.വി. ജോർജ് പത്തനംതിട്ടയിലുള്ള സ്വന്തം ആതുരാലയത്തിൽ നിന്നും വന്ന് വാദ്ധ്യാരെ മരുന്നും കരുതലുമായി പരിചരിച്ചുകൊണ്ടിരുന്നു. തന്റെ ജീവിതത്തിലുടനീളം ഒരുപോലെ തന്റെ ജീവൽഗതിയിൽ ഊർജ്ജം പകർന്നിരുന്നത് വേദപുസ്തകത്താളുകളിലെ ശുദ്ധാക്ഷരങ്ങളായിരുന്നു. കിടക്കയ്ക്കരികിലിരുന്ന് സീമന്തപുത്രൻ വി.സി. ഇട്ടിച്ചെറിയ ബൈബിൾ വായിച്ചു കേൾപ്പിക്കുന്നുണ്ട്. മെല്ലെ മെല്ലെ സമയമാപിനി ഏഴുമണി പ്രഭാതത്തെ വിളിച്ചറിയിക്കുന്നു. അന്ന് ആയിരത്തിതൊള്ളായിരത്തി

അൻപത്തിരണ്ടാമാണ്ട് ജനുവരി മാസം പതിനാലാം തീയതി. കർമ്മസമൃദ്ധമായ സേവനത്താൽ ഒരു കാലഘട്ടത്തെ ഭാസുരമാക്കിയ ആ അതുല്യജന്മം തന്റെ ഹൃദയത്തിന്റെ അവസാനമിടിപ്പും കാലത്തിനു സമർപ്പിച്ചു കഴിഞ്ഞു.

തന്റെ ജീവാന്ത്യത്തെ മുൻകൂട്ടിക്കണ്ട് 'എന്റെ ശവമടക്കത്തിനുള്ള വസ്ത്രം ഇതാകുന്നു' എന്നെഴുതി പൊതിഞ്ഞ് പെട്ടിയിൽ വച്ചിരുന്ന ശുഭ്രവസ്ത്രത്താൽ ആ പൂജിതഗാത്രം അണിയിച്ചൊരുക്കി. ഒരു ദേശസൂര്യന്റെ അസ്തമനത്താൽ വഴികളിരുണ്ടുപോയ ജനതയുടെ വിലാപം ദിഗന്തങ്ങളിൽ മാറ്റൊലികൊള്ളുന്നുണ്ടായിരുന്നു.

സ്വച്ഛന്ദമൃത്യുവിന്റെ ചിറകുകളാൽ സംവഹിക്കപ്പെട്ട ആ മഹോപാദ്ധ്യായൻ ഓമല്ലൂർ സെന്റ് തോമസ് വലിയപള്ളിയുടെ പ്രവേശനകവാടത്തിനരികിലെ നിത്യവിശ്രമപഞ്ജരത്തിൽ ചിറകൊതുക്കി ഒരു വെള്ളപിറാവു കണക്കേ ഉറങ്ങിക്കിടന്നു. അത്യഭൂതപൂർവ്വമായൊരു മഹാജനതയുടെ അശ്രുഹൃദയങ്ങളെ സാക്ഷിനിർത്തി, തുമ്പമൺ ഭദ്രാസനാധിപൻ ഔഗേൻ മാർ തിമൊത്തിയോസ് മെത്രാപ്പോലിത്തയും (പിന്നീട് കാതോലിക്കാബാവാ) ദാനിയേൽ റമ്പാനും (പിന്നീട് ദാനിയേൽ മാർ പീലക്സിനോസ് മെത്രാപ്പോലിത്ത) നിരവധി പുരോഹിതരും ചൊല്ലിയർപ്പിച്ച പ്രാർത്ഥനാ യാത്രാമൊഴികളോടെ ധന്യതയുടെ ഒരു പുരുഷായുസ്സ് ഓജസ്സാർന്ന ഓർമ്മയായി മാറി. തലമുറകളുടെ പാദങ്ങൾക്ക് ജ്ഞാനവെട്ടം തെളിക്കുന്ന ഊർജ്ജദായകവും പവിത്രാത്മകവുമായ സനാതന സ്മരണകളായിത്തന്നെ.

സഹായക കൃതികൾ

1. *ഇടയിൽ വാദ്ധ്യാർ ചരമവാർഷിക കനകജൂബിലി സ്മരണിക*
2. *വൈദികരുടെ വൈദികൻ*: Dr. Fr. V.C.S. Ecumenical Forum
3. *മലങ്കര സഭാപിതാക്കന്മാർ*: ഡോ. സാമുവൽ ചന്ദനപ്പള്ളി
4. *Truth Triumphs*: Fr. V. C. Samuel
5. *ഓമല്ലൂർ ദേശം: പ്രൊഫ. തോമസ് വിളവിനാൽ*
6. *ഓമല്ലൂർ പഞ്ചായത്ത് വികസനരേഖ 1996*
7. *തെക്കേമൂത്തേരിൽ സ്കറിയാ കത്തനാർ സ്മരണിക*
8. *പത്തനംതിട്ട ഉപജില്ലാ സ്മരണിക*

ചെറിയാൻ സാറും സഹധർമ്മിണി അന്നമ്മയും

1941-ൽ എടുത്ത ചെറിയാൻ സാറിന്റെ കുടുംബഫോട്ടോ

ഇടയിൽ ഇ.ഐ. ചെറിയാൻസാറിനെ
തിരുവിതാംകൂർ ലെജിസ്ലേറ്റീവ്
അസംബ്ലിയിലേക്ക് നോമിനേറ്റ് ചെയ്ത മഹാരാജാ
ശ്രീചിത്തിര തിരുന്നാൾ ബാലരാമവർമ്മ

ചെറിയാൻ സാർ താമസിച്ചിരുന്ന വീട്

ചെറിയാൻ സാർ ഉപയോഗിച്ചിരുന്ന വാച്ചും കസേരയും വടിയും

അന്ത്യവിശ്രമം

ചീക്കനാൽ സ്കൂളിൽ ചെറിയാൻ സാറിന്റെ ഓർമ്മയ്ക്കായി നിർമ്മിച്ച ഓഡിറ്റോറിയം (പൂർവവിദ്യാർത്ഥിയും കൊച്ചുമകനുമായ ഡോ. ഇ.ഐ. ഏബ്രഹാം സംഭാവന ചെയ്തത്)

ചെറിയാൻ സാർ പഠിച്ച കുഴിക്കാല സ്കൂൾ

ചെറിയാൻ സാർ നേതൃത്വം കൊടുത്ത് നിർമ്മിച്ച ഓമല്ലൂർ സഹകരണസംഘ കെട്ടിടം

ചെറിയാൻ സാർ സ്ഥാപിച്ച വിദ്യാലയങ്ങളിൽ ചിലത്: പുത്തൻപീടിക സ്കൂൾ

ചെന്നീർക്കര നോർത്ത് സ്കൂൾ

കച്ചിറ സ്കൂൾ

പന്ന്യാലി സ്കൂൾ

പന്ന്യാലി സ്കൂൾ കവാടം

വാഴമുട്ടം സ്കൂൾ

മൈലപ്രാ സ്കൂൾ

ചീക്കനാൽ സ്കൂൾ

നന്നുവക്കാട് സ്കൂൾ

മഞ്ഞനിക്കര പള്ളിയുടെ കുരിശടി (പഴയതും പുതിയതും)



മഞ്ഞനിക്കര പള്ളി

ഓമല്ലൂർ സെന്റ് തോമസ് വലിയപള്ളി